# നബിതിരുമേനി(സ)
# ദൈവികപ്രകാശം

ഹസ്രത് മിർസാ ഗുലാംഅഹ്മദ്(അ)

CS Scanned with CamScanner

BASHEER, AHMED.
MANJESHWAR.

# നബിതിരുമേനി(സ)
# ദൈവികപ്രകാശം


ഹസ്രത് മിർസാ ഗുലാംഅഹ്‌മദ്(അ)

പരിഭാഷ

മൗലവി മുഹമ്മദ് ഉമർ എച്ച്.എ.



അഹ്‌മദിയ്യാ മുസ്‌ലിം സംസ്ഥാന സമിതി
കോഴിക്കോട് – 673 001


Scanned with CamScanner

(Malayalam)
**NABITHIRUMENI(SA)**
**DYVIKA PRAKASHAM**

By
**HAZRAT MIRZA GULAM AHMAD (A)**

Translation :
Molvi Muhammed Umer H.A
Chief Missionary, Kerala
Ahmadiya Jamaath.

First Published :
November 1996

Copy :
2000

Typeset by : Computer Design & Print System
CODAPSCAN, Knr-2. Ph: 504021

Printed at :
BRB Offset Printers & Publishers
Knr-6. Ph: 69995, 504021, 501010

Published by :
Ahmadiya Muslim State Committee
G.H. Road, Kozhikode-673 001

Price :
Rs. 15/-

Scanned with CamScanner

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# അവതാരിക

ഉന്നതസ്ഥാനീയായ ഒരു മഹൽവ്യക്തിയെ ഒരു സാധാരണക്കാരൻ പുകഴ്ത്തുന്നതും. അതേ ദൌത്യനിയോഗമുള്ള മറ്റൊരാൾ പുകഴ്ത്തുന്നതും തമ്മിൽ വളരെ അന്തരമുണ്ട്. കേരളക്കരയിലെ മഹാകവിയായിരുന്ന കുമാരനാശാന്റെ കഴിവുകളെ മറ്റൊരു മഹാകവിയായിരുന്ന വള്ളത്തോൾ വാഴ്ത്തിപ്പറയുന്നുവെങ്കിൽ അതിനർത്ഥമുണ്ട്. പ്രതിഭയെ പ്രതിഭകൊണ്ട് മാറ്റുരയ്ക്കുന്ന ആ വിലയിരുത്തൽ സാധാരണക്കാരൻ വിലയിരുത്തുന്നത്പോലെയാവില്ല.

നമ്മുടെ യജമാനനും മനുഷ്യകുലത്തിൽവച്ച് അതിശ്രേഷ്ഠനും ആയ ഹസ്രത്ത് മുഹമ്മദ് മുസ്തഫാ(സ.അ) തിരുമേനിയെ പാമരന്മാരും പണ്ഡിതന്മാരും വളരെയധികം പ്രകീർത്തിച്ചിട്ടുണ്ട്.

'നബിതിരുമേനി(സ) - ദൈവിക പ്രകാശം' എന്ന ഈ ചെറുഗ്രന്ഥം ദൈവത്താൽ നിയോഗിതനായ ഒരു സത്യാത്മാവ് അദ്ദേഹത്തിന്റെ എൺപതിൽപരം നിസ്തുല്യമായ ഗ്രന്ഥങ്ങളിൽ പലഭാഗങ്ങളിലായി തന്റെ ഗുരുഭൂതനായ ഹസ്രത്ത് മുഹമ്മദ് മുസ്തഫാ(സ.അ) തിരുമേനിയെ പ്രകീർത്തിച്ചുകൊണ്ട് എഴുതിയ 'മഹാസാഗരത്തിൽ നിന്നും എടുത്ത ഏതാനും ജലകണങ്ങൾ' ആകുന്നു.

ഏതൊരു സത്യാത്മാവിനെ വരവണ്ണം അനുകരിക്കുകയും ആ സത്യാത്മാവ് മുഖേന അവതീർണ്ണമായ മഹൽ ഗ്രന്ഥത്തോടു പൂർണ്ണ അനുസാരിത്വം പുലർത്തുകയും ചെയ്തുവോ. അതിന്റെ ഫലമായി തനിക്കു ദൈവസാമീപ്യം ലഭിക്കുകയും ആ ദൈവത്തിൽനിന്നും പ്രസ്തുത സത്യാത്മാവിന്റെ അപദാനങ്ങൾ കൂടുതൽ മനസ്സിലാക്കുകയും ചെയ്തതിന്നുശേഷം എഴുതപ്പെട്ട ഗ്രന്ഥങ്ങളിൽ നിന്നും സമാ

CS Scanned with CamScanner

ഹരിക്കപ്പെട്ട മൊഴിമുത്തുകളാണ് ഇവിടെ ഗ്രന്ഥരൂപത്തിൽ പ്രകാശിതമായിരിക്കുന്നത്.

'മുഹമ്മദ്' എന്ന വാക്കിന്റെ അർത്ഥംതന്നെ "ഏറ്റവും സ്തുതിക്കപ്പെട്ടവൻ" എന്നാണല്ലോ. അപ്പോൾ അദ്ദേഹത്തെ ഏറ്റവുമധികം സ്തുതിക്കുന്ന കിടയറ്റ ഒരു വ്യക്തിത്വത്തെ അല്ലാഹു സൂറഃസഫ്ഫിൽകൂടി നമുക്ക് പരിചയപ്പെടുത്തിത്തരുന്നു. ഇസ്മുഹു അഹ്മദ്, - അദ്ദേഹത്തിന്റെ പേർ അഹ്മദ് എന്നായിരിക്കും എന്നും പറയുന്നു. അഹ്മദ് എന്ന വാക്കിന്റെ അർത്ഥം ഏറ്റവും അധികം സ്തുതിക്കുന്നവൻ എന്നാകുന്നു. അങ്ങനെ ആത്മീയധാർമ്മിക ഗുണങ്ങളുടെ പരമകോടിയെ പ്രാപിച്ച മുഹമ്മദ്(സ)യെ പ്രദാനം ചെയ്ത അതേ അല്ലാഹു അദ്ദേഹത്തിന്റെ പ്രകീർത്തനങ്ങൾ പ്രഘോഷണം ചെയ്യുവാൻ ഒരു അഹ്മദിനെയും പ്രദാനം ചെയ്തുകൊണ്ട് മനുഷ്യരാശിയെ അനുഗ്രഹിക്കുകയുണ്ടായി.

ഹസ്രത്ത് അഹ്മദ് (അ) പ്രഖ്യാപിക്കുകയാണ് :

"എനിക്ക് ലഭിച്ച എല്ലാ ആത്മീയാനുഗ്രഹവും ലോകാനുഗ്രഹിയായുള്ള മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയെ പൂർണ്ണമായി അനുധാവനം ചെയ്തത് മുഖേന ലഭിച്ചതാണ്. ഞാൻ പർവ്വതസമാനം പുണ്യം ചെയ്യുകയും റസൂൽ തിരുമേനിയെ പിൻപറ്റാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഞാൻ അല്ലാഹുവിന്റെ സവിധത്തിൽ ഒരിക്കലും സ്വീകാര്യനായിത്തീരുമായിരുന്നില്ല. എല്ലാ ആത്മീയാനുഗ്രഹങ്ങളും റസൂൽ തിരുമേനിയിൽ കൂടി മാത്രമെ പ്രാപ്യമാവുകയുള്ളൂ."

അതിന്നുള്ള ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ സാക്ഷി താനാണെന്നും അദ്ദേഹം ലോകത്തോട് ഉറക്കെ പ്രഖ്യാപിക്കുകയുണ്ടായി. ഈ കാര്യത്തിൽ വല്ല സംശയവും ഉണ്ടെങ്കിൽ ഏത് മതസ്ഥനും അതിന്നുള്ള ദൈവീകദൃഷ്ടാന്തം കാണിക്കുവാൻ താൻ തയ്യാറാണെന്നും അദ്ദേഹം നാനാജാതിമതസ്ഥരെയും ഉദ്ബോധിപ്പിക്കുകയുണ്ടായി. ഇത് ഒരു ആധികാരിക പ്രഖ്യാപനമാണെന്ന് ഓർക്കണം. ദൈവ

CS Scanned with CamScanner

ത്തിൽ നിന്നുള്ള ഒരാധികാരികവക്താവായി ഇങ്ങിനെ ഒരു പ്രഖ്യാപനം നടത്താൻ ആർക്കും സാധിക്കും? ഇന്നു മുസ്ലിം ലോകത്ത് അത്തരം ഒരു വ്യക്തിത്വത്തെ കാണിച്ചുതരാൻ ആർക്കെങ്കിലും സാധിക്കുമോ?

ആത്മീയനഭോമണ്ഡലത്തിലെ വെട്ടിത്തിളങ്ങുന്ന സൂര്യനാണ് റസൂൽതിരുമേനിയെന്നും ആ സൂര്യനിൽനിന്നും പ്രകാശം സ്വീകരിച്ച് പൂർണ്ണവൃദ്ധിയിലെത്തുന്ന ചന്ദ്രനെപ്പോലെ പതിനാലാം നൂറ്റാണ്ടിൽ പൂർണ്ണപ്രകാശിതനായ ചന്ദ്രനാണ് താനെന്നും അദ്ദേഹം വാദിച്ചു. ശാഖാമതം തായ്മരത്തിൽനിന്നും വിഭിന്നമല്ല. ഹ:റസൂൽ തിരുമേനി(സ.അ)യും ഹസ്രത്ത് അഹ്മദും(അ) തമ്മിലുള്ള അഗാധബന്ധത്തെ മുസ്ലിം സാമാന്യജനങ്ങൾ അറിയരുതെന്ന് മനസ്സിലാക്കിയ വൈരികളായ പണ്ഡിതന്മാർ പുകമറ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നല്ലെങ്കിൽ നാളെ ഈ തമസ്കരണി ഇല്ലാതാവുമെന്നും തിരുമേനി(സ)ൻെറ തിരുമുഖം ദർശിക്കാൻ അഭിമുഖമായിവെച്ച ദൈവികദർപ്പണമാണ് ഹസ്രത് അഹ്മദ്(അ) എന്ന യാഥാർത്ഥ്യം സമിപഭാവിയിൽതന്നെ മുസ്ലിം ലോകം തിരിച്ചറിയുമെന്നും നമുക്കുറപ്പുണ്ട്.

നമ്മിൽപലരും മറ്റു മുസ്ലിം സംഘടനകളിൽ നിന്നും അഹ്മദിയാ ജമാഅത്തിൽ പ്രവേശിച്ചവരാണ്. അത്കൊണ്ടു തന്നെ മറ്റു മുസ്ലിം സംഘടനകൾ അഹ്മദിയാജമാഅത്തും റസൂൽതിരുമേനിയുമായുള്ള ബന്ധത്തെ എങ്ങനെ വിലയിരുത്തുന്നുവെന്നു നമുക്ക് നല്ലവണ്ണം അറിയാം. അതേപോലെ ഇന്ന് അഹ്മദിയ്യാജമാഅത്ത് റസൂൽ തിരുമേനിയുമായുള്ള ബന്ധം ആസ്വദിച്ചവരും അതിന്നു അനുഭവസാക്ഷികളുമാണ്. മുസ്ലിം സാമാന്യജനങ്ങളെ അവരുടെ പണ്ഡിതന്മാർ ഭയപ്പെടുത്തുകയും ബന്ധനസ്ഥരാക്കിയിരിക്കുകയുമാണ്. ഈ ബന്ധനത്തിൽ നിന്നും അവർ സ്വയം രക്ഷനേടുകയും ഒരു നിഷ്പക്ഷ പഠനത്തിന്ന് തയ്യാറാവുകയും ചെയ്താൽ അവർക്ക് സത്യം സ്വീകരിക്കാനുള്ള സൌഭാഗ്യം ഉണ്ടാകുമെന്ന് ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു.

Scanned with CamScanner

ഓരോ അഹ്മദിയും സത്യഹൃദയത്തോടുകൂടി റസൂൽ തിരുമേനി(സ)യെ ഖാതമുന്നബിയ്യിൻ എന്നു വിശ്വസിക്കുന്നു. അതേപോലെ റസൂൽ തിരുമേനിയുടെ തിരുനാമത്തിൽ സ്വലാത്തും സലാമും മുടങ്ങാതെ നടത്തുമെന്നും ബൈഅത്ത് ചെയ്യുമ്പോൾ പ്രതിജ്ഞചെയ്തവരാണ്.

ഇന്നു അഹ്മദിയ്യാ ജമാഅത്ത് പാശ്ചാത്യപൗരസ്ത്യ ദേശങ്ങളിൽ ഇത്വരെ റസൂൽ തിരുമേനി(സ)യെ നഊദുബില്ലാഹ് ഒരുപാപിയാണെന്ന് വിശ്വസിച്ച് അദ്ദേഹത്തിൻെറ പേരിൽ ശാപപ്രാർത്ഥന നടത്തിക്കൊണ്ടിരുന്ന അനേകം പേരെ അദ്ദേഹത്തിൻെറ പേരിൽ അനുഗ്രഹപ്രാർത്ഥന (സ്വലാത്ത്) ചെയ്യുന്നവരാക്കിത്തീർത്തു. ഇവരുടെ എണ്ണം ലക്ഷക്കണക്കിലാണ് എന്ന് അഭിമാനത്തോടെ ഈ അവസരത്തിൽ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇസ്ലാമിനെ ആഗോളാടിസ്ഥാനത്തിൽ വിജയിപ്പിക്കുക എന്ന ദൌത്യമാണ് ഹസ്രത്ത് അഹ്മദ്(അ) അവർക്ക് നൽകിയിരിക്കുന്നത്. അതിനായി രാപ്പകൽ അവർ പ്രവർത്തനനിരതരാണ്. അങ്ങനെയുള്ള നമ്മെയും വാഗ്ദത്തമസീഹിനെയും ഹസ്രത്ത് റസൂൽ തിരുമേനി(സ)യിൽ നിന്നും അടർത്തിയെടുക്കാൻ ശ്രമിക്കുന്നത് പാലിൽ നിന്നും വെള്ളവർണ്ണത്തെ വേർപ്പെടുത്താൻ നോക്കുന്നത്പോലെയാണ്. ഈ കാര്യം സമീപഭാവിയിൽ ലോകം മനസ്സിലാക്കും. അല്ലാഹു തൻെറ ദാസന്മാർക്ക് നൽകിയ എല്ലാ ആത്മീയാനുഗ്രഹങ്ങളുടെയും വാതിലുകൾ ഹഃറസൂൽ തിരുമേനി(സ)യുടെ ഉമ്മത്തിന്ന് (സമുദായത്തിന്ന്) അല്ലാഹു മലർക്കെ തുറന്നുവെച്ചിരിക്കയാണ്. മറ്റാർക്കും ഇത് ലഭ്യമല്ല. അങ്ങിനെ ആ പുണ്യാത്മാവ് ലോകാനുഗ്രഹി എന്ന സംജ്ഞയ്ക്ക് അർഹനായിരിക്കുന്നു. ഇതാണ് അഭിമാനമുള്ള വിശ്വാസം. ഇതിലേക്കാണ് അഹ്മദികൾ മുഴുലോകത്തെയും ക്ഷണിക്കുന്നത്. മുഹമ്മദീ മസീഹ്(അ) ഞങ്ങളെ പഠിപ്പിച്ചതും അതാണ്.

ഹസ്രത്ത് അഹ്മദ്(അ)നെ സംബന്ധിച്ചുള്ള തെറ്റിദ്ധാരണകൾ നീക്കാൻ ഈ ചെറുഗ്രന്ഥം മുസ്ലിംകൾക്ക് പ്രയോജനപ്പെടട്ടെയെന്നും മഞ്ഞിന്മേൽകൂടി ഇഴഞ്ഞുചെന്നെങ്കി

CS Scanned with CamScanner

ലും എന്റെ സലാൻ എന്റെ മസീഹിന്ന് എത്തിക്കേണമെന്ന റസൂൽതിരുമേനിയുടെ അരുളപ്പാടിന്ന് ലബ്ബൈക്ക് പറയുവാനുള്ള സൌഭാഗ്യം അല്ലാഹു അവർക്ക് പ്രദാനം ചെയ്യുമാറാകട്ടെ എന്നും പ്രാർത്ഥിക്കുന്നു.

രാവും പകലും ഒരുപോലെ ദീനിസേവനത്തിന്നായി ഉഴിഞ്ഞുവെച്ച നമ്മുടെ ബഹുമാന്യനായ ചീഫ് മിഷനറി മൌലാനാ മുഹമ്മദ് ഉമർ സാഹിബ് H.A. ഹസ്രത്ത് അഹ്മദ് (അ)ന്റെ ഗ്രന്ഥങ്ങളിൽനിന്നും ആ മഹാത്മാവ് തന്റെ യജമാനനായ ഹഃറസൂൽ തിരുമേനിയെ(സ) പ്രകീർത്തിച്ചതായ മൊഴിമുത്തുകൾ സമാഹരിച്ചുകൊണ്ടാണീഗ്രന്ഥം രചിച്ചിരിക്കുന്നത്.

ഈ നിസ്തുലമായ സേവനത്തിന്ന് അല്ലാഹു അദ്ദേഹത്തിന്ന് തക്കതായ പ്രതിഫലം നൽകട്ടെയെന്നും ഇനിയും കൂടുതൽ കൂടുതൽ സേവനം ചെയ്യാനുള്ള സൌഭാഗ്യം നൽകട്ടെയെന്നും ഞാൻ പ്രാർത്ഥിക്കുകയും സഹൃദയരായ വായനക്കാരോട് പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുകയും ചെയ്യുന്നു.

ഈ സന്ദർഭത്തിൽ ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ തെരഞ്ഞെടുത്ത പബ്ലിക്കേഷൻ സിക്രട്ടറി പ്രൊഫസർ ബി. മഹ്മൂദ് അഹ്മദ് സാഹിബിനെയും ഈ പുസ്തകം പ്രസിദ്ധീകരിക്കുന്ന കേരള അഹ്മദിയ്യാ പബ്ലിക്കേഷൻ വകുപ്പിനെയും വളരെ നല്ലരീതിയിൽ അച്ചടിച്ചുതന്ന ബി.ആർ.ബി. ഓഫ്സെറ്റ് പ്രിന്റേർസിനെയും ഞാൻ അഭിനന്ദിക്കുകയും അവർക്ക്വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ ചെറുഗ്രന്ഥം സത്യാന്വേഷികൾക്ക് സത്യം ഗ്രഹിക്കാനുള്ള ഒരു മാർഗ്ഗമായിത്തീരട്ടെ എന്ന പ്രാർത്ഥനയോടുകൂടി ഈ ചെറുഗ്രന്ഥം പൊതുജനസമക്ഷം അവതരിപ്പിക്കുന്നു.

എന്ന്,

എ.പി. കുഞ്ഞാമു

കോഴിക്കോട് — അമീർ, ജമാഅത്ത് അഹ്മദിയ്യാ

10-10-96 — കേരള സ്റ്റേറ്റ്

CS Scanned with CamScanner

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# ആമുഖം

പുരാതനകാലം തൊട്ടുതന്നെ ദൈവികപ്രസ്ഥാനങ്ങൾക്കെതിരായി സത്യനിഷേധികൾ പലവിധത്തിലുള്ള ദുരാരോപണങ്ങളും തൊടുത്തുവിടാറുണ്ട്.

പ്രവാചകശ്രേഷ്ഠനായ ഹ:മുഹമ്മദു മുസ്തഫാ(സ) തിരുമേനിക്കെതിരായി ഇന്നും സത്യവിരോധികൾ വ്യാജ പ്രസ്താവങ്ങളും കുറ്റാരോപണങ്ങളും നിർബാധം നടത്തിക്കൊണ്ടിരിക്കുന്നതായി നമുക്കു കാണാം. അതേപ്രകാരം, നബി(സ) തിരുമേനിയുടെ പ്രവചനങ്ങൾക്കനുസൃതമായി, ഇസ്ലാമിൻെറ സേവകനും വിശുദ്ധ ഖുർആൻെറ സന്ദേശവാഹകനും തിരുമേനി(സ.)യുടെ വരിഷ്ടദാസനും ആയി അവതരിച്ച വാഗ്ദത്ത മസീഹ് ഹസ്രത്ത് അഹ്മദുൽ ഖാദിയാനി(അ)ന്നും അഹ്മദിയ്യാ പ്രസ്ഥാനത്തിന്നുമെതിരെ ഇന്നും സത്യനിഷേധികളും സത്യവിരോധികളും പലവിധത്തിലുള്ള അധിക്ഷേപങ്ങളും തൊടുത്തുവിടുകയാണ്. ഈ രംഗത്ത് മുസ്ലിം പുരോഹിതന്മാരും അവരുടെ സ്തുതിപാഠകരും ആണു ഏറ്റവും മുന്നിട്ടു നില്ക്കുന്നത്.

എല്ലാ കള്ളപ്രചാരവേലക്കും ആക്ഷേപവിമർശനങ്ങൾക്കും കഴിഞ്ഞ ഒരു ശതാബ്ധിയലധികമായി അഹ്മദികൾ ന്യായപ്രമാണങ്ങളുദ്ധരിച്ചും യുക്തിപൂർവ്വകമായും മറുപടി പറഞ്ഞുകൊണ്ടിരുന്നിട്ടും സത്യത്തിന്നെതിരെ ബോധപൂർവ്വം മുഖം തിരിക്കുന്ന അവിശ്വാസികൾ ഇന്നും പഴയ പല്ലവി തന്നെ ആവർത്തിച്ചുകൊണ്ട് സാമാന്യജനങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്നും അതിൻെറ പുണ്യസ്ഥാപകർക്കും എതിരിൽ വിഷജ്വാല ഉയർത്തിക്കൊണ്ടിരിക്കുകയാണ്.

CS Scanned with CamScanner

ഹസ്രത്ത് റസൂൽ കരീം(സ) തിരുമേനി ഖാതമുന്നബിയ്യീൻ ആണ് എന്നു ഹസ്രത്ത് അഹ്മദ്(അ) വിശ്വസിച്ചിരുന്നില്ല എന്നതാണ് ഏറ്റവും പ്രമാദമായ ആരോപണമായി ഇവർ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഇതു സംബന്ധിച്ച് ഹസ്രത്ത് അഹ്മദ്(അ) എന്താണ് പ്രസ്താവിക്കുന്നതെന്ന് നമുക്കു നോക്കാം.

"ഞാനും എന്റെ അനുചരസംഘവും നബിതിരുമേനി(സ)യെ ഖാതമുന്നബിയ്യീൻ എന്നു വിശ്വസിക്കുന്നില്ല എന്ന ആരോപണം വമ്പിച്ച കറ്റുകെട്ടാണെന്നുള്ള വസ്തുത പ്രത്യേകം ഓർക്കേണ്ടതാണ്. ആ പുണ്യാത്മാവ് ഖാതമുന്നബിയ്യീൻ ആണെന്ന് എത്രമാത്രം ശക്തിയോടും ദൃഢതയോടും ആത്മാർത്ഥതയോടും കൂടി ഞാൻ വിശ്വസിക്കുന്നുവോ അതിൻെറ അണുമാത്രപോലും അവർ (ആക്ഷേപകർ) വിശ്വസിക്കുന്നില്ല..... ആ പരിശുദ്ധാത്മാവ് ഖാതമുന്നബിയ്യീൻ ആണ് എന്ന് പൂർണ്ണഹൃദയത്തോടും ആത്മാർത്ഥതയോടും ഞാൻ വിശ്വസിക്കുന്നു എന്ന യാഥാർത്ഥ്യം അല്ലാഹു നല്ലവണ്ണം അറിയുന്നവനത്രെ.

*(അൽഹക്കം 17-3-1905)*

" 'ഖാതമുൽ അൻബിയാ' ആയ നബിതിരുമേനിയുടെ ഖാതമുന്നുബുവ്വത്തിൽ വിശ്വസിക്കുന്നവനാകുന്നു ഞാൻ. ഖതമുന്നുബുവ്വത്തിൽ വിശ്വസിക്കാത്ത ആൾ നിർമ്മതവാദിയും ഇസ്ലാമിൽനിന്നു പുറംതള്ളപ്പെട്ടവനും ആണെന്നത്രെ ഞാൻ ദൃഢമായി വിശ്വസിക്കുന്നത്. അതു ഞാൻ വ്യക്തമാക്കികൊള്ളട്ടെ."

*(തഖ്‌രീർ വാജിബുൽ ഇഅ്ലാൻ ഭാ.5)*

ശത്രുപക്ഷക്കാരുടെ ഏറ്റവും വലിയ ആക്ഷേപം ഹസ്രത് അഹ്മദി(അ)ൻെറ പ്രവാചകത്വവാദത്തെ സംബന്ധിച്ചാണല്ലോ. ഇസ്ലാമുമായും നബികരിം(സ) തിരുമേനിയുമായും ഒരു ബന്ധവും ഇല്ലാത്ത ഒരു പുത്തൻ നുബുവ്വത്ത് വാദമാണ് ഇത് എന്നാണ് അക്കൂട്ടർ പ്രചരിപ്പിക്കുന്നത്. ഇതിനെക്കുറിച്ച് ഹസ്രത് അഹ്മദു(അ) എന്താണ് പ്രസ്താവിക്കുന്നതെന്നു നോക്കാം.

CS Scanned with CamScanner

"ഇസ്ലാമുമായി ഒരു ബന്ധവും ഇല്ലാത്ത നുബുവ്വത്ത് വാദമാണെൻേറതെന്ന് എൻെറ പേരിൽ കുറ്റാരോപണം ചെയ്യപ്പെടുന്നു. അതായത് ഞാൻ സ്വതന്ത്രനായ നബിയെന്ന് എന്നെക്കുറിച്ച് ഞാൻ കരുതുന്നുവെന്നും വിശുദ്ധ ഖുർആൻെറ ഒരാവശ്യവും എനിക്കില്ലെന്നും ഞാൻ പ്രത്യേകമായ കലിമയും ഖിബ്ലയും ഉണ്ടാക്കിയിരിക്കുന്നുവെന്നും ഇസ്ലാമിക ന്യായപ്രമാണത്തെ ദുർബലപ്പെടുത്തിയിരിക്കുന്നുവെന്നും റസൂൽ കരീം(സ) തിരുമേനിയെ പിന്തുടരേണ്ട ആവശ്യം എനിക്കില്ലെന്നും മൈറ എൻെറ പേരിൽ കുറ്റാരോപണം ചെയ്യപ്പെടുന്നു. എന്നാൽ ഈ ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതങ്ങളാണ്. എന്നെ സംബന്ധിച്ചിടത്തോളം അത്തരം നുബുവ്വത്ത് വാദം കുഫ്റാകുന്നു. ഇന്നു മാത്രമല്ല എപ്പോഴും എൻെറ എല്ലാ ഗ്രന്ഥങ്ങളിലും ഞാനെഴുതിവന്നിരുന്നത് ഇത്തരം നുബുവ്വത്ത് വാദം ഞാനൊരിക്കലും ചെയ്തിട്ടില്ല എന്നത്രെ. ഇത് തികച്ചും എൻെറ പേരിൽ ഉന്നയിക്കുന്ന വ്യാജാരോപണമാണ്. ഞാൻ എന്നെപ്പറ്റി നബിയെന്നു പറയുന്നതിൻെറ അടിസ്ഥാനം ഇതുമാത്രമാണ്. അതായത് എനിക്ക് ദൈവഭാഷണമാകുന്ന ഔന്നത്യം ലഭിച്ചിരിക്കുന്നു. അവൻ അധികമായി എന്നോടു സംസാരിക്കുന്നു. എൻെറ അന്വേഷണങ്ങൾക്കു ഉത്തരം നൽകുന്നു. ധാരാളം അദൃശ്യകാര്യങ്ങൾ എനിക്കു വെളിപ്പെടുത്തുന്നു. വരുംകാലത്തെക്കുറിച്ചുള്ള രഹസ്യങ്ങൾ എനിക്ക് അറിയിച്ചുതരുന്നു. ഏതുവരെ ഒരു മനുഷ്യന്ന് അവനുമായി സവിശേഷമായ സമ്പർക്കമുണ്ടാവുന്നില്ലയോ അതുവരെ ആർക്കുംതന്നെ ഇത്തരം കാര്യങ്ങൾ അവൻ വെളിപ്പെടുത്തിക്കൊടുക്കുന്നില്ല. ഇത്തരം കാര്യങ്ങളുടെ ആധിക്യം കാരണമായി അവൻ എൻെറ പേർ നബിയെന്നു വെച്ചിരിക്കുന്നു. എന്നാൽ ഇസ്ലാമിൽനിന്ന് സ്വയം അകന്നുകൊണ്ടുള്ളതോ ഇസ്ലാമിൻെറ ഏതെങ്കിലും ഒരു കല്പനയെ ദുർബ്ബലമാക്കിക്കൊണ്ടുള്ളതോ ആയ ഒരു നുബുവ്വത്തുവാദവും എനിക്കില്ലതന്നെ. എൻെറ പിരടി വിശുദ്ധഖുർആൻ എന്ന നുകത്തിൽ ബന്ധിതമാണ്. വിശുദ്ധഖുർആൻെറ ഒരു വള്ളിയോ പുള്ളിയോ ദുർബ്ബലപ്പെടുത്തുവാനുള്ള അവകാശം ആർക്കും ഇല്ലതന്നെ!"

*(അഖ്ബാറെ ആം 26-5-1908)*

CS Scanned with CamScanner

വീണ്ടും അദ്ദേഹം പറയുന്നു:

"അത്യുന്നതനും മഹത്വമാർന്നവനും ആയ അല്ലാഹുവിന്റെ പേരിൽ സത്യംചെയ്തു കൊണ്ടു ഞാൻ പറയുന്നു. ഞാൻ കാഫിറല്ല. *'ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്'* എന്നതാണ് എന്റെ വിശ്വാസം. *'വലാകിൻ റസൂലല്ലാഹി വഖാതമന്നബിയ്യീൻ'* എന്നതത്രെ ആ ദിവ്യാത്മാവിനെക്കുറിച്ചുള്ള എന്റെ വിശ്വാസം. എന്റെ ഈ പ്രസ്താവന സത്യമാണെന്ന കാര്യത്തിൽ അല്ലാഹുവിന്ന് എത്ര നാമങ്ങളുണ്ടോ, വിശുദ്ധ ഖുർആനിൽ എത്ര അക്ഷരങ്ങളുണ്ടോ നബിതിരുമേനിക്ക് എത്ര ഉൽകൃഷ്ടഗുണങ്ങളുണ്ടോ അത്രയും പ്രാവശ്യം അല്ലാഹുവിന്റെ പേരിൽ ഞാൻ സത്യം ചെയ്തുകൊള്ളുന്നു. അല്ലാഹുവിന്റെയും റസൂൽകരീം(സ.അ)ന്റെയും കല്പനകൾക്കെതിരായി എനിക്കൊരു വിശ്വാസവും ഇല്ലതന്നെ. അങ്ങിനെ ആരെങ്കിലും കരുതുന്നുവെങ്കിൽ അത് തെറ്റായ അഭ്യൂഹങ്ങൾ മാത്രമാണ്. ഇനിയും എന്നെ കാഫിർ എന്നു വിശ്വസിക്കുകയും കാഫിർ എന്ന് എന്നെ മുദ്രകുത്തുന്നതിൽനിന്ന് പിന്മാറാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ മരണാനന്തരം അയാൾ തീർച്ചയായും ചോദ്യംചെയ്യപ്പെടും എന്ന കാര്യം ഓർത്തുകൊള്ളട്ടെ."

*(കറാമാത്തുസ്സാദിഖീൻ ഭാ. 25)*

തന്നെ കാഫിറാണെന്നു പറഞ്ഞു പുറംതള്ളുന്നതിനെക്കുറിച്ച് അദ്ദേഹം പറയുന്നതു കാണുക:

بعد از خدا بعشق محمد مخمرم
گر کفر این بود بخدا سخت کافرم
ہر تار و پود من بسر آید بعشق او
از خود تہی و از غم آں دلستاں پرم

"അല്ലാഹുവിനോടുള്ള ഭയഭക്തിയും റസൂൽതിരുമേനിയോടുള്ള അനുരക്തിയുമാണ് എന്റെ കുഫ്റിനുള്ള

Scanned with CamScanner

കാരണമെങ്കിൽ, ഇത് കുഫ്റാണെങ്കിൽ ഞാൻ അല്ലാഹുവി ൻെറ പേരിൽ ആണയിട്ടു പറയുകയാണ് ഞാൻ ഏറ്റവും കടുത്ത കാഫിറാണ്. കാരണം

"എൻെറ നാഡീഞരമ്പുകളിൽ ആ പുണ്യാത്മാവിനോടു ള്ള പ്രേമം പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ സുഖദു:ഖവേളകളിലും എൻെറ ഹൃദയം തിരുമേനിയോടുള്ള സ്നേ ഹാതിരേകത്താൽ നിറഞ്ഞുതുളുമ്പുകയാണ്."

ശത്രുക്കളുടെ നിലപാടിൽ ദു:ഖിതനായ അദ്ദേഹം തൻെറ ഗുരുവര്യൻെറ കാലടികളിൽ വീണു ഇപ്രകാരം വിതുമ്പുന്നു:

يَا سَيِّدِي قَدْ جِئْتُ بَابَكَ لَاحِقًا
وَالْقَوْمُ بِالْإِكْفَارِ قَدْ آذَانِي
اُنْظُرْ إِلَيَّ بِرَحْمَةٍ وَتَحَنُّنٍ
يَا سَيِّدِي أَنَا أَحْقَرُ الْغِلْمَانِ
يَا حِبِّ إِنَّكَ قَدْ دَخَلْتَ مَحَبَّةً
فِي مُهْجَتِي وَمَدَارِكِي وَجَنَانِ
مِنْ ذِكْرِ وَجْهِكَ يَا حَدِيقَةَ بَهْجَتِي
لَمْ أَخْلُ فِي لَحْظٍ وَلَا فِي آنِ

"അല്ലയോ യജമാനാ! ഞാനിതാ അങ്ങയുടെ പടിവാതി ല്ക്കൽ സംഭ്രാന്തചിത്തനായി സന്നിഹിതനായിരിക്കുന്നു. ആളുകൾ കുഫ്ർഫത്വയുമായി എന്നെ നായാടുകയാണ്. എൻെറ യജമാനാ! അങ്ങയുടെ ദാസന്മാരിൽവെച്ച് ഏറ്റ വും വിനീതനായ എന്നിലേക്ക് അനുകമ്പാർദ്രനായി ദൃഷ്ടി പായിച്ചാലും!"

Scanned with CamScanner

"എൻെറ പ്രേമഭാജനമേ! അങ്ങയോടുള്ള സ്നേഹാധിക്യം എൻെറ ഹൃദയത്തിലും ശരീരത്തിലും മനസ്സിലും അങ്ങ് പ്രവേശിപ്പിച്ചിരിക്കുകയാണ്. എൻെറ ഹൃദയത്തിൻെറ പൂന്തോട്ടമേ! അങ്ങയുടെ സ്മരണയിൽനിന്ന് എന്റെ ഹൃദയം ഒരു നിമിഷം, ഒരു വിനാഴികപോലും മുക്തമായിട്ടില്ല."

*(ദുർറെസമീൻ)*

തന്നെ കുഫ്ർഫത്വകൊണ്ടും പരിഹാസശരങ്ങൾകൊണ്ടും തുടരെത്തുടരെ പീഡിപ്പിക്കുന്ന മുസ്‌ലിംകളെ അനുകമ്പാമസൃണമായാണ് ആ മഹാത്മാവ് വീക്ഷിക്കുന്നതെന്നും അറിയുക. അദ്ദേഹം സ്വന്തം മനസ്സിനെ ഇക്കാര്യത്തിൽ സാന്ത്വനപ്പെടുത്തുന്നത് ഇപ്രകാരമാണ്:

اے دل تو نیز خاطر ایناں نگاہ دار
کآخر کنند دعوئے حُبِّ پیمبرم

"എൻെറ ഹൃദയമേ! നി [illegible]പ്പെടൂ. എന്നെ ചീത്ത വിളിക്കുകയും അവഹേളിക്കുകയും കല്ലെറിയുകയും ചെയ്യുന്ന മുസ്‌ലിംകൾ എൻെറ പ്രേമഭാജനമായ മുഹമ്മദ് നബിയോടുള്ള സ്നേഹാതിരേകം നിമിത്തമാണല്ലോ തെറ്റിദ്ധാരണകൾക്കു വശംവദരായി ഇപ്രകാരം ചെയ്തുകൊണ്ടിരിക്കുന്നത്."

ഹസ്രത് റസൂൽ തിരുമേനിയുടെ വിയോഗത്തിൽ ദുഃഖിച്ചുകൊണ്ട് ഹസ്രത് ഹസ്സാൻബിൻ സാബിത്(റ) പാടിയ ഒരു കവിതാശകലം, വാഗ്ദത്തമസീഹ് ഹസ്രത് അഹ്മദ്(അ) ഒരിക്കൽ ഖാദിയാനിലെ മസ്ജിദു മുബാറക്കിൽ തനിയെ ഉലാത്തിക്കൊണ്ട് ഉരുവിടുകയായിരുന്നു. അദ്ദേഹത്തിൻെറ കണ്ണുകളിൽനിന്നും അപ്പോൾ കണ്ണുനീർ ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു. ആ കവിത ഇപ്രകാരം നമുക്ക് വായിക്കാം.

"അല്ലാഹുവിൻെറ തിരുദൂതരേ! അങ്ങ് എൻെറ കൺമണിയായിരുന്നു. അങ്ങയുടെ വിയോഗം എന്നെ അന്ധ

CS Scanned with CamScanner

നാക്കിയിരിക്കുന്നു. അങ്ങയ്ക്ക് ശേഷം ആരുവേണമെങ്കിലും മരിച്ചുകൊള്ളട്ടെ! എന്റെ ഉത്കണ്ഠ അങ്ങയെക്കുറിച്ച് മാത്രമുള്ളതായിരുന്നു....."

ഹസ്രത് മസീഹ് മൗഊദിന്ന് തന്റെ ജീവിതകാലത്ത് ധാരാളം പ്രതിസന്ധികളേയും പരീക്ഷണഘട്ടങ്ങളേയും നേരിടേണ്ടിവന്നിട്ടുണ്ട്. പ്രതിഷേധങ്ങളുടെ കൊടുങ്കാറ്റുകളേയും തരണംചെയ്യേണ്ടിവന്നിട്ടുണ്ട്. പക്ഷെ ഇവ കാരണം ഒരിക്കലും അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞിരുന്നില്ല. എന്നാൽ ഇവിടെ ഏകാന്തതയിൽ അദ്ദേഹം തന്റെ എല്ലാമെല്ലാമായ റസൂൽ തിരുമേനിയുടെ വിരഹത്തിൽ, അതും 1400 സംവത്സരങ്ങൾക്ക് മുമ്പ് നടന്ന ആ സംഭവത്തെ ഓർത്തുകൊണ്ടു കണ്ണീർ വാർക്കുകയായിരുന്നു.

ഈ കാഴ്ചകണ്ട അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ എന്താണു കാരണം എന്ന് അന്വേഷിച്ചപ്പോൾ ഹസാൻ ബിൻസാബിത്തിന്റെ ഈ കവിത തന്നിൽനിന്നു വന്നതായിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്ന് ചിന്തിച്ചു ദു:ഖിക്കുകയായിരുന്നു എന്നു അദ്ദേഹം പറയുകയുണ്ടായി. ഇത് ഹസ്രത് അഹ്മദി(അ)ന്ന് തന്റെ ഗുരുവര്യൻ ഹസ്രത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയോടുള്ള നിസ്തുലവും അഗാധവും ആയ സ്നേഹാതിരേകത്തെയാണ് കാണിക്കുന്നത്. ഈ ആത്മാർത്ഥവും നിഷ്കളങ്കവും ആയ അനുരക്തിയെ ആർക്കാണ് നിഷേധിക്കുവാൻ സാധിക്കുക!

ഹസ്രത് അഹ്മദു(അ) അറബി, ഫാർസി, ഉർദു ഭാഷകളിൽ 80ൽ അധികം ഉജ്ജ്വലഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. ഇസ്ലാമിന്റെ യഥാർത്ഥസൗന്ദര്യത്തെയും മൗലികപാഠങ്ങളെയും അനാവരണം ചെയ്യുന്ന ഗ്രന്ഥങ്ങളാണവ. അതിൽ ഉടനീളം നബിതിരുമേനിയോടുള്ള അദ്ദേഹത്തിന്റെ അവാച്യവും അനിർവ്വചനീയവും ആയ സ്നേഹം നിറഞ്ഞുതുളുമ്പുന്നത് കാണാമായിരുന്നു. പ്രസ്തുത ഗ്രന്ഥങ്ങളെക്കുറിച്ച് അദ്ദേഹമെഴുതി:

Scanned with CamScanner

ایں آبشم ز آتشِ مہر محمدؐی است
ویں آبِ من ز آبِ زلال محمدؐ است

"ജനങ്ങളുടെ ആത്മിയ ദാഹശമനത്തിന്നായി ഞാൻ ഒഴുക്കിയ ഈ നീരുറവ ഹസ്രത് മുഹമ്മദു മുസ്തഫാ(സ) എന്ന പരിപൂർണ്ണ സമുദ്രത്തിൽ നിന്നുള്ള ഒരു തുള്ളി മാത്രമാണ്."

താൻ വിരചിച്ച എൺപതിൽപരം മഹദ്ഗ്രന്ഥങ്ങൾ നബി തിരുമേനിയാകുന്ന മഹാസമുദ്രത്തിൽനിന്നുള്ള വെറും ഒരു തുള്ളി മാത്രമാണെന്നദ്ദേഹം പറയുന്നു. നിരുപമമായ വിനയപ്രകടനമല്ലേ ഇതു? കഴിഞ്ഞ 1400 സംവത്സരങ്ങളിൽ ആരെങ്കിലും ഈ വിധത്തിൽ ആ പുണ്യപാദന്റെ മഹത്വത്തെ പ്രകീർത്തിച്ച ഒറ്റ ഉദാഹരണം ആർക്കെങ്കിലും കാണിച്ചുതരുവാൻ സാധിക്കുമോ? അദ്ദേഹം തുടർന്നു പറയുന്നതു കാണുക:

"ഹസ്രത് മുഹമ്മദു(സ) തിരുമേനിയുടെ മാഹാത്മ്യവും ഔന്നത്യവും മനുഷ്യസങ്കല്പങ്ങൾക്കും ഭാവനകൾക്കും എത്രയോ അതീതമാണ്. ആ പുണ്യാത്മാവിൻെറ എളിയ ദാസനെ മസീഹുസ്സമാനായി (കാലത്തിൻെറ മസീഹായി) അല്ലാഹു നിയോഗിച്ചിരിക്കുന്നതിൽനിന്നുതന്നെ ആ മഹാത്മാവിൻെറ അനുപമസ്ഥാനം ആർക്കും ഗ്രഹിക്കാവുന്നതാണ്."

ഹസ്രത് അഹ്മദി(അ)ൻെറ രണ്ടാം ഖലീഫയും വാഗ്ദത്ത പരിഷ്കർത്താവും ആയ ഹ: മുസ്ലിഹ് മൗഊദ്(റ) ഇപ്രകാരം പറയുന്നു:

شاگرد نے جو پایا استاد کی دولت ہے
احمد کو محمد سے تم کیوں جدا سمجھے !

"ശിഷ്യന്നു ലഭ്യമായതെല്ലാംതന്നെ ഗുരുവിൻെറ

CS Scanned with CamScanner

സമ്പത്താണല്ലോ. അതുകൊണ്ടുതന്നെ അഹ്മദിനെ മുഹമ്മദിൽനിന്നും നിങ്ങളെന്തിനാണ് വേർതിരിക്കുന്നത്?"

അതെ ഒരു മുഹമ്മദിന്ന് (ഏറ്റവും അധികം സ്തുതിക്കപ്പെട്ട ആൾക്ക്) ഒരു അഹ്മദിൻെറ (ഏറ്റവും അധികം സ്തുതിക്കുന്ന ഒരാളുടെ) ആവശ്യമുണ്ട്.

ഒരു വ്യക്തിയോട് സ്നേഹാധിക്യമുണ്ടായാൽ ആ വ്യക്തിക്കുവേണ്ടി എന്തു ത്യാഗം സഹിക്കാനും ഒരാൾ സന്നദ്ധനാകും. ഹസ്രത് അഹ്മദ്(അ)ൻെറ സ്ഥിതിയും അതുതന്നെയായിരുന്നു. അദ്ദേഹത്തിന്ന് നബി(സ.അ) തിരുമേനിയോടുള്ള സ്നേഹാതിരേകം വിവരണാതീതമാംവിധം നിസ്സീമമായിരുന്നു. അതുകൊണ്ടുതന്നെ താൻ ജീവനെയ്ക്കാൾ ഉപരിയായി സ്നേഹിക്കുന്ന ആ പരിശുദ്ധാത്മാവിനെയ്ക്കുറിച്ച് അഹിതമായിപ്പോലും ആരെങ്കിലും വല്ലതും പറഞ്ഞാൽ അദ്ദേഹത്തിൻെറ മനസ്സ് വാവിട്ടുനിലവിളിച്ചു പോയിരുന്നു.

അദ്ദേഹമെഴുതി:

"ക്രിസ്തീയ മിഷ്യനറിമാർ നമ്മുടെ പ്രിയപ്പെട്ട റസൂൽകരീം(സ)ന്നെതിരായി അസംഖ്യം വ്യാജാരോപണങ്ങൾ കെട്ടിച്ചമക്കുകയും തങ്ങളുടെ *ദജ്ജൽ* (കള്ളം) കാരണമായി അനേകംപേരെ വഴിപിഴപ്പിക്കുകയുമുണ്ടായി. ഇക്കൂട്ടർ നമ്മുടെ റസൂലിന്നെതിരിൽ ചെയ്തുകൊണ്ടിരിക്കുന്ന ആക്ഷേപങ്ങളും അവഹേളനങ്ങളും എന്നെ കടുത്ത ദു:ഖത്തിലാഴിത്തിയത് പോലെ മറ്റൊരു സംഭവവും എന്നെ അത്രത്തോളം ദു:ഖത്തിലാഴ്ത്തിയിട്ടില്ല. *ഖൈറുൽ ബശർ* ആയ ആ പുണ്യപാദന്നെതിരിൽ ഇവരുടെ നിന്ദാത്മകമായ ജല്പനങ്ങൾ എൻെറ ഹൃദയത്തെ കീറിമുറിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ അല്ലാഹുവിൻെറ പേരിൽ സത്യംചെയ്തു പറയട്ടെ, എൻെറ എല്ലാ മക്കളും, മക്കളുടെ മക്കളും, എൻെറ എല്ലാ സുഹൃത്തുക്കളും, എൻെറ എല്ലാ സഹായികളും, സന്തതസഹചാരികളും എൻെറ കൺമുമ്പാകെ അറുകൊലചെയ്യപ്പെട്ടാലും എൻെറ കൈകാലുകൾ വെട്ടിനുറുക്കപ്പെട്ടാലും എൻെറ കൃ.ഷ്ണമണികൾ ചൂഴ്ന്നെടുക്കപ്പെട്ടാലും എൻെറ എല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളും വിനഷ്ടമായിപ്പോയാലും

Scanned with CamScanner

എൻെറ എല്ലാ സുഖസൗകര്യങ്ങളും കവർന്നെടുക്കപ്പെട്ടാലും അവയെക്കാളൊക്കെ എനിക്ക് അസഹ്യമായി അനുഭവപ്പെടുക റസൂൽ തിരുമേനി(സ)ക്കെതിരായി ചെയ്യപ്പെടുന്ന ഈ നീചമായ കുറ്റാരോപണങ്ങളാണ്."

*(ആയിനയെ കമാലാത്തെ ഇസ്ലാം ഭാ. 15)*

ഹസ്രത് അഹ്മദ്(അ) തന്റെ പ്രാണപ്രിയനായ റസൂൽ (സ) തിരുമേനിയെക്കുറിച്ച് അറബി, ഉർദു, ഫാർസി ഭാഷകളിൽ ഗദ്യരൂപത്തിലും പദ്യരൂപത്തിലും ചെയ്ത കിർത്തനങ്ങളും സ്തുതിഗിതങ്ങളും മുഴുവനും പകർത്തുകയാണെങ്കിൽ ആയിരക്കണക്കിന്ന് പുറങ്ങളുള്ള ബൃഹദ്ഗ്രന്ഥമായി അതു രൂപപ്പെടും എന്നതിൽ സംശയമില്ല. ഇവിടെ അതിന്നുദ്ദേശ്യമില്ലെന്നതിനാൽ അദ്ദേഹത്തിൻെറ പ്രകീർത്തനങ്ങളിൽ നിന്നു ഉദാഹരണാർത്ഥം ചിലത് മാത്രം ഈ ലഘുഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഇത്രയധികം തിരുമേനിയോട് സ്നേഹഭക്തിബഹുമാനങ്ങൾ ഉള്ള ഒരാളെക്കുറിച്ച് ആ ആൾ നബിതിരുമേനിയെ അവഹേളിക്കുകയും അപമാനിക്കുകയും ചെയ്ത ആളായിരുന്നു എന്ന് ആരോപിക്കുന്നവർ തെല്ലും മനസ്സാക്ഷിയില്ലാത്തവരാണെന്ന് മാത്രമല്ല നെന്മണിത്തൂക്കം പോലും ഭക്തിയും ദൈവഭയവും അവകാശപ്പെടാനില്ലാത്തവരാണെന്നുകൂടി മനസ്സിലാക്കേണ്ടതാണ്. ഹസ്രത് അഹ്മദി(അ)ന്ന് നബികരീം (സ) തിരുമേനിയോടുള്ള നിസ്തുലവും നിരുപമവും ആയ അനുരക്തിയെയും ഭക്ത്യാദരത്തെയും അല്ലാഹു തന്നെ അംഗീകരിക്കുകയും അതുവഴി അദ്ദേഹത്തെ തന്റെ അനുഗ്രഹത്തിന്റെ മേലാട അണിയിക്കുകയും ചെയ്തിരുന്നതായി നമുക്കു കാണാവുന്നതാണ്.

ഇത് സംബന്ധിച്ച് തനിക്ക് ഇപ്രകാരം വഹ്യ് ലഭിച്ചതായി അദ്ദേഹം പറയുന്നു.

صَلِّ عَلٰى مُحَمَّدٍ وَآلِ مُحَمَّدٍ سَيِّدِ وُلْدِ آدَمَ وَ
خَاتَمِ النَّبِيِّيْنَ

"ആദംസന്തതികളുടെ നായകനും പ്രവാചകന്മാരിൽ

CS Scanned with CamScanner

ശ്രേഷ്ഠനും ആയ മുഹമ്മദിൻെറയും മുഹമ്മദിൻെറ കുടുംബത്തിൻെറയുംമേൽ നീ സ്വലാത്ത് ഓതുക."

"എല്ലാ സ്ഥാനമാനങ്ങളും അനുഗ്രഹങ്ങളും ഉദാരതകളും ആ പുണ്യാത്മാവ്(സ) മൂലവും അവിടുത്തോടുള്ള സ്നേഹം വഴിയായും മാത്രമെ ലഭ്യമാവുകയുള്ളൂ എന്ന സൂചന ഇതിൽ അടങ്ങിയിരിക്കുന്നു."

"അല്ലാഹു എത്രമാത്രം പരിശുദ്ധനാണ്! സർവ്വലോകനിയന്താവായ അല്ലാഹുവിൻെറ പക്കൽ ആ പുണ്യാത്മാവിന്ന് (സ.അ) എത്ര മഹോന്നതമായ പദവികളാണുള്ളത്!! അദ്ദേഹത്തെ സ്നേഹിക്കുന്ന ആൾക്ക് ദൈവസാമീപ്യവും ബഹുമതിയും ലഭ്യമാകുന്നു. അദ്ദേഹത്തിൻെറ സേവകൻ ലോകത്തിൻെറ യജമാനനായിത്തീരുന്നു."

"ഇവിടെ ഞാനോർക്കുകയാണ്. ഒരു രാത്രി ഈ വിനീതൻ തൻെറ ആത്മാവും ഹൃദയവും പരിമളനിർഭരിതമായിത്തീരുമാറ് തിരുമേനി(സ)യുടെ പേരിൽ ധാരാളം സ്വലാത്ത് ചൊല്ലുകയുണ്ടായി. അന്നുരാത്രി ഞാൻ കണ്ട ഒരു ദർശനത്തിൽ മലക്കുകൾ സ്വച്ഛരജലം നിറച്ച കുടങ്ങൾ ഏന്തി എൻെറ വീട്ടിൽ പ്രവേശിച്ചിരിക്കുന്നതായി കാണുകയുണ്ടായി. അവരിൽ ഒരാൾ എന്നോട് നീ മുഹമ്മദു നബി(സ)യുടെ പേരിലയച്ച അനുഗ്രഹങ്ങളാണിവ എന്നു പറയുകയുണ്ടായി."

"ഇതുപോലുള്ള അത്ഭുതകരമായ മറ്റൊരുസംഭവവും ഞാൻ ഓർക്കുകയാണ്. ഒരിക്കൽ എനിക്കിപ്രകാരമുള്ള ഒരു ഇൽഹാം ഉണ്ടായി. അതായത് വാനലോകത്തുള്ളവർ കലഹിക്കുകയാണ്. അല്ലാഹു തൻെറ മതത്തെ പുനർജ്ജീവിപ്പിക്കുന്ന കാര്യത്തിൽ ഉത്സുകനാണ്. എന്നാൽ അതിന്നുപറ്റിയ ആൾ ആരാണെന്ന കാര്യത്തിലാണ് അഭിപ്രായവ്യത്യാസമുള്ളത്. തദവസരത്തിൽ ഞാൻ ഒരു ദർശനത്തിൽ ജനങ്ങൾ ഒരു സമുദായോദ്ധാരകനെ അന്വേഷിച്ച് അങ്ങുമിങ്ങും നടക്കുന്നതു കാണുകയുണ്ടായി. അപ്പോൾ ഒരാൾ ഈ വിനീതൻെറ അടുത്തുവന്നു ഇപ്രകാരം സൂചിപ്പിച്ചു.

"ഈ മനുഷ്യൻ റസൂലുല്ലായെ സ്നേഹിക്കുന്ന ആളാകുന്നു. ഇതിൽനിന്നു സമുദായോദ്ധാരണത്തിന്നുള്ള ഏറ്റ

CS Scanned with CamScanner

വും മഹത്തായ" നിബന്ധനയും അർഹതയും റസൂൽതിരു മേനിയോടുള്ള സ്നേഹാതിരേകമാണെന്ന് മനസ്സിലാവുന്നു."

"അതേപ്രകാരം ഞാൻ മുകളിൽ വിവരിച്ച ഇൽഹാമിൽ റസൂൽതിരുമേനിയുടെ കുടുംബത്തിന്നായി പ്രാർത്ഥിക്കുവാനും കല്പിക്കപ്പെട്ടിരിക്കുകയാണ്. ദൈവികപ്രകാശലബ്ധിക്ക് അഹ്‌ലെ ബൈത്തിനോടുള്ള സ്നേഹവും വളരെ ആവശ്യമാണെന്നുള്ള രഹസ്യം ഇതിൽ അടങ്ങിയിരിക്കുന്നു. ദൈവസാമീപ്യം പ്രാപിച്ചവർ പ്രസ്തുത പരിശുദ്ധാത്മാക്കളുടെ അവകാശികളായിത്തീരുന്നു. മാത്രമല്ല എല്ലാ ദൈവജ്ഞാനങ്ങൾക്കും അവർ അവകാശികളായി ഭവിക്കുന്നു." *(ബറാഹീൻ അഹ്മദിയ്യ രണ്ടാം ഭാഗം 502, 503. അടിക്കുറിപ്പ്)*

"നബി(സ) തിരുമേനിയുടെ പേരിൽ സ്വലാമും സലാത്തും ഓതിക്കൊണ്ടിരിക്കുന്നതിൽ ഒരു സുദീർഘകാലം ഞാൻ മുഴുകിയിരുന്നു. കാരണം ദൈവപ്രാപ്തിക്കുള്ള മാർഗങ്ങൾ വളരെ സൂക്ഷ്മമാണെന്നും ആ ലക്ഷ്യം وَابْتَغُوا إِلَيْهِ الْوَسِيلَةَ. എന്ന തിരുവചനം മുഖേന, തിരുമേനിയുടെ വസീലയിൽ കൂടിയല്ലാതെ ലഭിക്കുന്നതല്ലെന്നും ഞാൻ പൂർണ്ണമായും വിശ്വസിച്ചിരുന്നു. കുറെക്കാലത്തിന്നു ശേഷം എനിക്കുണ്ടായ ദർശനങ്ങൾ ഒരു മഹാത്ഭുതം കാണിച്ചു. അതായത് രണ്ടു മലക്കുകൾ, ഒരാൾ എന്റെ വീട്ടിൽ അകത്തുള്ള വഴിയിൽ കൂടിയും മറ്റൊരാൾ പുറത്തുള്ള വഴിയിൽകൂടിയും പ്രവേശിക്കുകയുണ്ടായി. അവരുടെ ചുമലുകളിൽ പ്രകാശം നിറച്ച രണ്ടു കുംഭങ്ങൾ ഉണ്ടായിരുന്നു. അവർ എന്നെ നോക്കി *'ഹാദാ ബിമാ സല്ലെത്ത അലാ മുഹമ്മദിൻ(സ.അ)'* എന്നു പറയുകയുണ്ടായി.

അതായത് ഈ പ്രകാശങ്ങളുടെ കുംഭങ്ങൾ അങ്ങ് ഹഃറസുൽ തിരുമേനിയുടെ പേരിൽ അയച്ച സ്വലാത്തും സലാമും ആണ്.

*(ഹഖീഖത്തുൽ വഹ്‌യ്, അടിക്കുറിപ്പ് ഭാ. 128)*

ചുരുക്കത്തിൽ ഖാതമുന്നബിയ്യീൻ, ഖൈറുൽ മുർസലിൻ, മുഹമ്മദു മുസ്തഫാ(സ.അ) തിരുമേനിയെക്കുറിച്ച്

CS Scanned with CamScanner

ആ പരിശുദ്ധാത്മാവിന്റെ വിനീതദാസൻ ഹസ്രത് അഹ്മദു (അ) ചെയ്ത കീർത്തനവും സ്തുതിഗീതങ്ങളും സ്വലാത്തും സലാമും അല്ലാഹു സ്വീകരിക്കുകയും അനുഗ്രഹിക്കുകയും ചെയ്തിരിക്കുന്നു. ഇനിയെങ്കിലും സത്യാന്വേഷകർ വെളിച്ചത്ത് വന്ന് സത്യം ഗ്രഹിക്കണമെന്ന് അപേക്ഷിക്കുകയും അവരുടെ മുമ്പാകെ ഈ ലഘുഗ്രന്ഥം സമർപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു സത്യം ഗ്രഹിക്കാനും അതു സ്വീകരിക്കുവാനുമുള്ള സൗഭാഗ്യം ഈ ഗ്രന്ഥം പാരായണം ചെയ്യുന്നവർക്ക് തന്നനുഗ്രഹിക്കുമാറാകട്ടെ.

കോഴിക്കോട് — മുഹമ്മദ് ഉമർ H.A.

15–10–96

Scanned with CamScanner

بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

"ഹസ്രത്ത് മുഹമ്മദു മുസ്തഫാ (സ) തിരുമേനി തന്റെ ആത്മശുദ്ധിയും കുലീനതയും വിശാലമനസ്കതയും ചാരിത്ര്യവും സത്യസന്ധതയും അർപ്പണമനോഭാവവും ദൈവാനുരക്തിയും കാരണം ഏറ്റവും ശ്രേഷ്ഠവും ഉന്നതവും പരിപൂർണ്ണവും പരിശുദ്ധവും പ്രകാശിതവും ആയ മഹൽസ്ഥാനം അലങ്കരിച്ചിരുന്നു. തന്മൂലം അല്ലാഹു അദ്ദേഹത്തെ പരിപൂർണ്ണതയുടെ അതുല്യപരിമളം കൊണ്ടനുഗ്രഹിച്ചു. അദ്ദേഹത്തിന്റെ ഹൃദയത്തെയും മനസ്സിനെയും തന്റെ മുൻഗാമികളെയും പിൻഗാമികളെയും അപേക്ഷിച്ച് വളരെ വിശാലവും പരിശുദ്ധവും നിഷ്കളങ്കവും സ്നേഹസമ്പൂർണ്ണവും ആക്കിത്തീർത്തു. തൽഫലമായി മറ്റാർക്കും ലഭ്യമാകാത്ത പരിപൂർണ്ണവും സുശക്തവുമായ ദൈവികഭാഷണം കൊണ്ടദ്ദേഹം ധന്യനായി. ദൈവികഗുണങ്ങൾ വളരെ സ്ഫുടമായും സ്പഷ്ടമായും തെളിഞ്ഞു കാണത്തക്കരിതിയിൽ സ്ഫടികസമാനമായ ഒരു ഹൃദയം അദ്ദേഹത്തിന്നു നൽകപ്പെട്ടു. അങ്ങനെ വിശുദ്ധ ഖുർആനിൽ കാണപ്പെടുന്ന ദൈവിക പ്രഭയുടെ സുശക്തമായ കിരണങ്ങൾ മൂലം എല്ലാ പൂർവ്വിക ഗ്രന്ഥങ്ങൾക്കും മങ്ങലേല്ക്കുകയുണ്ടായി."

*(സുർമയെ ചശ്മയെ ആര്യ 23)*

## വിശുദ്ധഖുർആൻ
## റസൂൽ തിരുമേനിയുടെ സത്യസാക്ഷ്യം

"വിശുദ്ധ ഖുർആൻ ഹസ്രത്ത് റസൂലുല്ലാഹ്(സ) തിരു

CS Scanned with CamScanner

മേറിയുടെ പ്രവാചകത്വത്തിന്നുള്ള അതിമഹത്തായ ദിവ്യദൃഷ്ടാന്തമത്രെ. റസൂൽ കരീമിന്റെ പ്രവാചകത്വത്തെ സ്ഥാപിക്കുവാനുള്ള യഥാർത്ഥവും പരിപൂർണ്ണവും മഹത്തരവും ആയ മഹാത്ഭുതം, ആ പുണ്യാത്മാവിന്റെ കാലം തൊട്ടു അന്ത്യനാൾവരെ മുസ്ലിംകളുടെ കൈകളിലുള്ള, എന്നെന്നും പുതുമ നിലനില്ക്കുന്ന വിശുദ്ധ ഖുർആനാണ്. ദൈവസാമീപ്യം പ്രാപിക്കുവാനുള്ള ഏകവഴി ദൈവത്വത്തിന്റെ ഏറ്റവും പ്രകടമായ ദർപ്പണമായിരുന്ന സയ്യിദുനാ വ മൌലാനാ മുഹമ്മദു മുസ്തഫാ(സ.അ) തിരുമേനി തന്നെയാണ്. അവിടുത്തെ ആത്മീയ പ്രഭാകിരണങ്ങൾ ആയിരക്കണക്കിലുള്ള ഹൃദയങ്ങളെ ഇന്നും പ്രകാശഭരിതമാക്കുകയും അസംഖ്യം ഹൃദയങ്ങളെ ആത്മീയാന്ധകാരത്തിൽനിന്നും കരകയറ്റി യഥാർത്ഥ പ്രകാശത്തിലേക്ക് എത്തിക്കുകയും ചെയ്യുന്നു.

ഒരു കവി എത്ര സത്യമാണ് പറഞ്ഞിരിക്കുന്നതു:

*'മുഹമ്മദുനബി ഇരുലോകങ്ങളുടെയും ചക്രവർത്തിയാണ്. അവിടുത്തെ വീടു കാക്കുന്നതിൽ പരിശുദ്ധാത്മാവ് (റൂഹുൽ ഖുദ്സ്) അഭിമാനം കൊള്ളുന്നു. അദ്ദേഹത്തെ നമുക്കു ദൈവമെന്നു പറയുവാൻ സാധിക്കുകയില്ലെങ്കിലും അദ്ദേഹത്തിന്റെ സ്ഥാനം കണ്ടറിയുന്ന ആൾക്ക് അദ്ദേഹത്തിലൂടെ ദൈവത്തെ കണ്ടറിയുവാൻ സാധിക്കുന്നതാണെന്നു പറയാവുന്നതാണ്.'*

"ഹസ്രത് മുഹമ്മദ്(സ)യെ തന്റെ മാർഗ്ഗദർശിയായി സ്വീകരിക്കുന്ന ആൾ എത്രമാത്രം ഭാഗ്യവാനാണ്! വാസ്തവത്തിൽ അയാൾ വിശുദ്ധ ഖുർആനെയാണ് തന്റെ വഴികാട്ടിയായി സ്വീകരിച്ചിരിക്കുന്നത്.

## മുഹമ്മദുനബിയും പരിശുദ്ധാത്മാവും

"ഈ മൌലവിമാർ ആവർത്തിച്ചാവർത്തിച്ച് ഹസ്രത് ഈസാനബിക്ക് മഹത്വം കല്പിക്കുകയും സയ്യിദുനാ വ മൌലാ

Scanned with CamScanner

നാ ഹസ്രത് മുഹമ്മദുനബിയെ അവമതിച്ചുകൊണ്ടിരിക്കുകയും ആണ് ചെയ്യുന്നത്. പരിതാപകരമെന്നുപറയട്ടെ, ഹസ്രത്ത് മസീഹ് നാസിരിയെ പരിശുദ്ധാത്മാവ് (റൂഹുൽ ഖുദ്സ്) ഒരിക്കലും വിട്ടുപിരിഞ്ഞിട്ടില്ലെന്നും അദ്ദേഹം സാത്താന്റെ തീണ്ടലിൽനിന്നും സുരക്ഷിതനായിരുന്നെന്നും ഈ രണ്ടു സവിശേഷതകളും അദ്ദേഹത്തിനുമാത്രം സ്വന്തമായിരുന്നെന്നും ഇവർ പറയുന്നു. അതോടൊപ്പം റസൂൽ തിരുമേനിയോടൊപ്പം പരിശുദ്ധാത്മാവ് എപ്പോഴും കൂടെയുണ്ടായിരുന്നില്ലെന്നും തിരുമേനി ശൈത്താന്റെ തീണ്ടലിൽനിന്നും രക്ഷപ്പെട്ടിരുന്നില്ലെന്നുകൂടി ഇവർ വിശ്വസിക്കുന്നു. എന്നിട്ടും ഇക്കൂട്ടർ മുസ്ലിംകളാണെന്നു അഭിമാനിക്കുന്നു. ഇവരുടെ ദൃഷ്ടിയിൽ ഹഃറസൂൽ തിരുമേനി മരിച്ചുപോവുകയും ഈസാനബി ഇന്നും ജീവിച്ചിരിക്കുകയും ആണ്. ഈസാനബിയുടെകൂടെ പരിശുദ്ധാത്മാവ് സന്തതസഹചാരിയായിരുന്നുവത്രെ. എന്നാൽ റസൂൽ തിരുമേനിയുടെ കൂടെ എപ്പോഴും ഉണ്ടായിരുന്നില്ലതാനും. ഈസാനബി ശൈത്താന്റെ തീണ്ടലിൽനിന്നും സുരക്ഷിതനായിരുന്നെങ്കിലും റസൂൽ തിരുമേനി സുരക്ഷിതനായിരുന്നില്ലപോൽ. ഇത്തരം വിശ്വാസം വെച്ചുപുലർത്തുന്നവരിൽനിന്നും ഇസ്ലാമിനുണ്ടായ നഷ്ടം സങ്കല്പിക്കാൻകൂടി സാധിക്കാത്തത്രയാണ്. ഇവരാകുന്നു റസൂൽ തിരുമേനിയുടെ ഗുപ്തശത്രുക്കൾ. ഇവരിൽ നിന്നും വിട്ടുനില്ക്കേണ്ടതു റസൂലുല്ലാഹ്(സ)യെ സത്യഹൃദയത്തോടുകൂടി സ്നേഹിക്കുന്ന ഓരോ മുസൽമാന്റെയും കടമയാണ്. ഇക്കൂട്ടർ മൺമറഞ്ഞ മഹാത്മാക്കളുടെ (സലഫുസ്സാലിഹിൻകളുടെ) അഭിപ്രായങ്ങളെ വളച്ചൊടിച്ചു തിരസ്കൃതമായ തങ്ങളുടെ വിശ്വാസങ്ങളോടു താരതമ്യപ്പെടുത്തുവാൻ ശ്രമിക്കുന്നു. ആ പുണ്യവാന്മാരുടെ അഭിപ്രായങ്ങളെ ശരിക്കും ഗ്രഹിക്കുവാനോ നബിവചനങ്ങളുടെ യഥാർത്ഥതത്വത്തെ മനസ്സിലാക്കുവാനോ ഉള്ള അറിവും ഇവർക്കില്ല. തങ്ങളുടെ വിശ്വാസം പൂർവ്വികരായ മഹാത്മാക്കളുടെ വിശ്വാസം തന്നെയാണെന്നു പറഞ്ഞുകൊണ്ട് ഇവർ വഞ്ചനയുടെ വഴി സ്വായത്തമാക്കിയിരിക്കുകയാണ്."

*(ആയിനയെ കമാലാത്തെ ഇസ്ലാം. 110,111)*

Scanned with CamScanner

# നിസ്തുല പ്രഭാപൂരിതം

"മനുഷ്യരിൽവെച്ച് ഏറ്റവും പരിപൂർണ്ണനായ മനുഷ്യന്ന് നല്കപ്പെട്ട അതിമഹത്തായ പ്രകാശം മലക്കുകളിലോ നക്ഷത്രങ്ങളിലോ സൂര്യചന്ദ്രന്മാരിലോ ഭൂമിയിലുള്ള സമുദ്രങ്ങളിലോ നദികളിലോ മുത്തുമാണിക്യവൈഡൂര്യമരതകങ്ങളിലോ കണ്ടെത്താവുന്നതല്ല. ചുരുക്കത്തിൽ ഭൗമികമോ ലൗകികമോ ആയ യാതൊന്നിലും അതുണ്ടായിരുന്നില്ല. അതു മനുഷ്യരിൽ അതായത് പരിപൂർണ്ണനായ മനുഷ്യനിൽ മാത്രമെയുള്ളു. അതിന്റെ അതിശ്രേഷ്ഠവും പരിപൂർണ്ണവും ഉദാത്തവും സർവ്വോത്തരവും അത്യുൽകൃഷ്ടവും ആയ പ്രതീകം നമ്മുടെ യജമാനനും നബിമാരുടെ നായകനും ആത്മീയമായി ജീവിച്ചിരിക്കുന്നവരുടെയെല്ലാം നേതാവും ആയ ഹസ്രത് മുഹമ്മദു മുസ്തഫാ(സ.അ) തിരുമേനിയിൽ മാത്രമാണ് തികവാർന്നനിലയിൽ പ്രദാനം ചെയ്യപ്പെട്ടത്. അപ്രകാരം തന്നെ ഒരളവോളം പലനിലയിലും അവിടുത്തോട് സാമ്യസാദൃശ്യങ്ങൾ പുലർത്തുന്ന എല്ലാവർക്കും തന്നെ അത് ലഭിച്ചിട്ടുണ്ട്. പക്ഷെ ഈ തേജോവിലാസം അത്യുന്നതവും പരിപൂർണ്ണവും തികവുറ്റതുമായ നിലയിൽ നമ്മുടെ നേതാവും സ്നേഹഭാജനവും മാർഗ്ഗദർശിയും ആയ ആ നിരക്ഷരപ്രവാചകൻ, അതെ സത്യവാനും സത്യസാക്ഷിതനും ആയ മുഹമ്മദ് മുസ്തഫാ(സ.അ) തിരുമേനിയിലാണ് ദൃശ്യമായിരുന്നത്. ഇതുസംബന്ധമായി അല്ലാഹു ഇപ്രകാരം വിശുദ്ധഖുർആനിൽ അരുൾ ചെയ്യുന്നു:

قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلّٰهِ رَبِّ الْعٰلَمِينَ ﴿١٦٣﴾

لَا شَرِيكَ لَهُ ۖ وَبِذٰلِكَ أُمِرْتُ وَأَنَا أَوَّلُ الْمُسْلِمِينَ ﴿١٦٤﴾

CS Scanned with CamScanner

وَاَنَّ هٰذَا صِرَاطِیْ مُسْتَقِیْمًا فَاتَّبِعُوْهُ ۚ وَلَا تَتَّبِعُوا
السُّبُلَ فَتَفَرَّقَ بِكُمْ عَنْ سَبِیْلِهٖ ؕ ذٰلِكُمْ وَصّٰكُمْ بِهٖ
لَعَلَّكُمْ تَتَّقُوْنَ ﴿۱۵۳﴾

قُلْ اِنْ كُنْتُمْ تُحِبُّوْنَ اللّٰهَ فَاتَّبِعُوْنِیْ یُحْبِبْكُمُ
اللّٰهُ وَیَغْفِرْ لَكُمْ ذُنُوْبَكُمْ ؕ وَاللّٰهُ غَفُوْرٌ رَّحِیْمٌ ﴿۳۱﴾
فَقُلْ اَسْلَمْتُ وَجْهِیَ لِلّٰهِ وَمَنِ اتَّبَعَنِ

*'അതായത് നി പറയുക, എന്റെ നമസ്കാരവും ഇബാദത്തിന്നായുള്ള എന്റെ എല്ലാ പ്രയത്നങ്ങളും എന്റെ ത്യാഗങ്ങളും എന്റെ ജിവിതവും എന്റെ മരണവും എല്ലാംതന്നെ സർവ്വലോകനിയന്താവായ അല്ലാഹുവിന്നുള്ളതാണ്, അവന്റെ വഴിയിൽ ഉള്ളതാണ്. അവന്നു ഒരു പങ്കാളിയും ഇല്ലതന്നെ. ഞാൻ അവ്വലുൽ മുസ്ലിമിൻ ആകേണമെന്ന് കല്പിക്കപ്പെട്ടിരിക്കുകയാണ്.* അതായത് ലോകാരംഭം മുതൽ ലോകാവസാനം വരെ അല്ലാഹുവിൽ പരിപൂർണ്ണമായും അർപ്പണം ചെയ്തുകൊണ്ടുള്ള, ഏറ്റവും മഹോന്നതമായ സ്ഥാനം അലങ്കരിക്കുന്ന എന്നെപ്പോലുള്ള ഒരു പരിപൂർണ്ണ മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാനത്തുകളും അവനെ തിരിച്ചേല്പിക്കുന്നവൻ ആയിട്ടു മറ്റാരും ഉണ്ടാകാൻ പാടില്ല.

നബിതിരുമേനിക്കു മറ്റു പ്രവാചകന്മാരിൽ ഒരു ശ്രേഷ്ഠതയും സ്ഥാപിതമല്ല എന്നു വാദിക്കുന്ന അറിവില്ലാത്ത ഏകത്വവാദികൾക്ക് ഈ ദൈവവചനം ഒരു മറുപടിയാണ്. തനിക്ക് യുനുസ്ബിനു മത്തായിയേക്കാൾ ഒരു ശ്രേഷ്ഠതയും കല്പിക്കരുതെന്ന് റസുൽ തിരുമേനി(സ) വിലക്കിയിരുന്നു എന്ന ദുർബ്ബലമായ ചില ഹദീസുകൾ കാണിച്ചുകൊണ്ടാണ് ഇക്കൂട്ടർ അത് പറയുന്നത്. പ്രസ്തുത ഹദീസ് സഹീഹായതാണെങ്കിൽതന്നെ ഇത് റസൂൽ തിരുമേനി എന്നെന്നും

CS Scanned with CamScanner

അനുവർത്തിച്ചുവന്നിരുന്ന വിനയം, എളിമ എന്നീ ഗുണങ്ങളുടെ ഒരു ബഹിർപ്രകടനം മാത്രമാണെന്ന് ഈ മുഢന്മാർ മനസ്സിലാക്കുന്നില്ല. ഓരോന്നിനും ഓരോ സന്ദർഭവും അവസരവും ഉണ്ട്. സാത്വികനായ ഒരാൾ വിനയപുരസ്സരം താനെഴുതിയ ഒരു ലിഖിതത്തിന്നടിയിൽ ദൈവത്തിൻെറ ഏറ്റവും എളിയ ദാസൻ എന്നെഴുതുകയാണെങ്കിൽ അയാൾ അല്ലാഹുവിന്റെ അടിയാറുകളിൽവെച്ച്-അവർ നാസ്തികരോ ദുർനടപ്പുകാരോ ആകട്ടെ - ഏറ്റവും താഴേക്കിടയിലുള്ള ആളാണെന്നു പറയുന്നത് എത്രമാത്രം മണ്ടത്തരവും ഭോഷത്വവും ആണ്. ഈ കാര്യം കുലങ്കഷമായി ചിന്തിക്കേണ്ടതുണ്ട്. അല്ലാഹു പരമപരിശുദ്ധനായ നബി(സ) തിരുമേനിയുടെ തിരുനാമം അവ്വലുൽ മുസ്‌ലിമീൻ എന്നും തന്റെ അനുസാരികളായ ദാസന്മാരുടെ നായകൻ എന്നും സർവ്വരെക്കാളും പ്രഥമനായി തന്റെ അമാനത്തുകൾ തിരിച്ചേൽപിക്കുന്നവൻ എന്നും വിശേഷിപ്പിച്ചിരിക്കെ വിശുദ്ധ ഖുർആനിൽ വിശ്വാസമർപ്പിച്ചിരിക്കുന്ന ആർക്കെങ്കിലും തിരുമേനിയുടെ മഹത്വത്തെക്കുറിച്ചാക്ഷേപിക്കാൻ എന്തെങ്കിലും പഴുതുണ്ടോ എന്നു ചിന്തിക്കേണ്ടതാണ്. അല്ലാഹു പ്രസ്തുത വചനങ്ങളിലൂടെ് അത്യുന്നതവും മഹത്വമാർന്നതുമായ അതുല്യപദവി നല്കി ഇസ്ലാമിനെ അനുഗ്രഹിച്ചിരിക്കുകയാണ്.

പ്രസ്തുത ആയത്തുകളുടെ തുടർന്നുള്ള തർജ്ജമ ഇതാണ്:

*(അല്ലാഹു തൻെറ റസൂലിനോട് ഇപ്രകാരം കല്പിക്കുന്നു). എൻെറ പാത നേരായ പാതയാണ്. പ്രസ്തുത പാതയെ പിന്തുടരുക. മറ്റു പാതകളെ പിൻപറ്റരുത്. അവ നിങ്ങളെ അല്ലാഹുവിൻെറ മാർഗ്ഗത്തിൽനിന്നും ദൂരപ്പെടുത്തും. (6:154)*

*നീ അവരോടു പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. അതായത് എന്റെ വഴിയിൽ ചരിച്ചുകൊണ്ട് ഇസ്ലാമിൻെറ യാഥാർത്ഥ്യത്തെ*

Scanned with CamScanner

*സ്വായത്തമാക്കുകയാണെങ്കിൽ അല്ലാഹു നിങ്ങളെയും സ്നേഹിക്കുകയും നിങ്ങളുടെ പാപത്തെ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു പൊറുത്തുതരുന്നവനും കാരുണ്യവാരിധിയും ആണ്. (3:32)*

*നീ പറയുക: എൻെറ അസ്തിത്വവും നിലനിൽപ്പും അല്ലാഹുവിന്നു പരിപൂർണ്ണമായും അർപ്പണം ചെയ്യുവാൻ ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നു. (3:21)*

"റബ്ബുൽ ആലമീനായ അല്ലാഹുവിൽ അർപ്പണം ചെയ്തുകൊണ്ട് സ്വയം ഖാദിമുൽ ആലമീൻ ആയിത്തീരാൻ എന്നോടാജ്ഞാപിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഞാൻ എന്നെത്തന്നെയും എൻെറ സ്വന്തമായിട്ടുള്ളതെല്ലാംതന്നെയും അല്ലാഹുവിൽ – അവൻെറ വഴിയിൽ ഭരമേൽപിച്ചിരിക്കുന്നു. ഇപ്പോൾ എൻേറതായിട്ടൊന്നും തന്നെ ഇല്ല. എൻെറതെല്ലാം അവൻെറതായിത്തീർന്നിരിക്കുന്നു".

*(ആയിനയെ കമാലാത്തെ ഇസ്ലാം 160-165)*

## പ്രവാചകന്മാർക്ക് ഔദാര്യം

എല്ലാ മനുഷ്യരിലുംവെച്ച് പരിപൂർണ്ണനും പ്രവാചകന്മാരിൽവെച്ച് സമ്പൂർണ്ണനും ആയ അദ്ദേഹം പരിപൂർണ്ണാനുഗ്രഹങ്ങളോടുകൂടിവന്നു. അതുകൊണ്ടുണ്ടായ ആത്മീയവിപ്ലവം മൂലം ഒന്നാമത്തെ ഖിയാമത്തുണ്ടായി. മരിച്ചുകിടക്കുന്ന ഒരു ലോകത്തെ അവിടുന്ന് പുനർജ്ജീവിപ്പിച്ചു. ആ അനുഗ്രഹീത പ്രവാചകൻ ഖാതമുൽ അമ്പിയാ ഇമാമുൽ അസ്ഫിയാ ഖാതമുൽമുർസലീൻ ഫഖ്റുന്നബിയ്യിൻ ഹസ്രത്ത് മുഹമ്മദു മുസ്തഫാ(സ) തിരുമേനിയല്ലാതെ മറ്റാരുമല്ല. എൻെറ പ്രിയപ്പെട്ട അല്ലാഹുവേ ഈ പ്രിയങ്കരനായ നബിയിൽ ലോകാരംഭംമുതൽ ആർക്കും നൽകാത്ത രീതിയിലുള്ള അനുഗ്രഹങ്ങളും കാരുണ്യങ്ങളും നീ ചൊരിയേണമേ! ഈ മഹാനായ പ്രവാചകൻ ലോകത്ത് വന്നില്ലായിരുന്നുവെങ്കിൽ ലോകത്തു ഇതിന്നുമുമ്പ് അവതീർണ്ണരായ യൂനുസ്, അയ്യൂബ്, മസീഹിബ്നുമർയം, മലാക്കി, യഹ്യാ, സക്കരി

Scanned with CamScanner

യ്യാ എന്നി പ്രവാചകന്മാരുടെ സത്യത്തിന്ന്, അവരൊക്കെ ദൈവത്തിൻെറ പ്രിയപ്പെട്ട ദൈവസാമീപ്യം പ്രാപിച്ച പ്രവാചകന്മാരായിരുന്നിട്ടും നമ്മുടെ പക്കൽ ഒരു തെളിവും ഉണ്ടാകുമായിരുന്നില്ല. ഇവരൊക്കെ സത്യപ്രവാചകന്മാരായി അറിയപ്പെടുന്നത് ഹസ്രത്ത് റസൂൽതിരുമേനി(സ.അ)യുടെ മഹത്തായ ഔദാര്യം കൊണ്ടായിരുന്നു.

*(ഇത്മാമുൽ ഹുജ്ജത് - 36)*

## എന്നെന്നും ജീവിച്ചിരിക്കുന്ന പ്രവാചകൻ

"നിതിന്യായ ദൃഷ്ടിയോടുകൂടി നാം വീക്ഷിക്കുകയാണെങ്കിൽ എല്ലാ നുബുവ്വത്ത് പ്രസ്ഥാനങ്ങളിലുംവെച്ച് മഹോന്നതനായ പ്രവാചകനായി, എന്നെന്നും തേജസ്സും ജീവനുംഉള്ള പ്രവാചകനായി, അല്ലാഹുവിൻെറ ഏറ്റവും പ്രിയങ്കരനായ പ്രവാചകനായി ഒരേ ഒരു പരിപൂർണ്ണ മനുഷ്യനെ മാത്രമെ കാണാൻ സാധിക്കുകയുള്ളു. അദ്ദേഹമത്രെ നബിമാരുടെ നായകനും റസുൽമാരുടെ അഭിമാനവും എല്ലാ ദൈവദൂതന്മാരുടെയും കിരീടവും ആയ മുഹമ്മദു മുസ്തഫാ, അഹ്മദ് മുജ്തബാ സല്ലല്ലാഹു അലൈഹിവസല്ലം. ആ തിരുമേനി (സ)യുടെ തണലിൽ 10 ദിവസം ചരിക്കുന്ന ആൾക്ക് ഇതിന്നുമുമ്പെ ആയിരം വർഷം ജീവിച്ചവർക്ക് ലഭിക്കാതിരുന്ന പ്രകാശം ലഭ്യമാകുന്നതാണ്....... അവസാനത്തെ എൻെറ വസിയ്യത്ത് ഇതാണ്, എല്ലാവിധത്തിലുള്ള പ്രകാശങ്ങളും നമുക്ക് റസുൽതിരുമേനിയെ പിന്തുടരുന്നതിൻെറ ഫലമായിട്ടാണ് ലഭ്യമാകുന്നത്. ആരു പിൻപറ്റിയാലും അവർക്കീ പ്രകാശം ലഭിക്കുന്നതാണ്. ഒരു കാര്യവും അസംഭവ്യമായി തോന്നാതിരിക്കുമാറ് അവർക്ക് അല്ലാഹുവിൽ നിന്നുള്ള സ്വീകാര്യത ലഭിക്കുന്നതാണ്. പൊതുവിൽ ജനങ്ങൾക്കു അദൃശ്യനായിരിക്കുന്ന ദൈവം അവർക്ക് ജീവനുള്ള ദൈവമായി കാണാൻ സാധിക്കുന്നു. പൊയ്ദൈവങ്ങളെല്ലാം തന്നെ അവരുടെ കാലടിക്കീഴിൽ ചവിട്ടി അമർത്തപ്പെടുന്നതാണ്. എല്ലായിടങ്ങളിലും അനുഗൃഹീതരായിത്തീരുന്ന അവരോടൊപ്പം

CS Scanned with CamScanner

ദൈവശക്തികൾ എന്നെന്നും ഉണ്ടായിരിക്കും".

*(സിറാജെമുനീർ 82,83)*

## അനുഗ്രഹങ്ങളുടെ ഉറവിടം

"അല്ലാഹുവാണെ സത്യം, എനിക്കുണ്ടായ വിജയം എന്റെ റബ്ബിൽ നിന്നും ലഭ്യമായതാണ്. ഞാൻ അവനെ സ്തുതിക്കുന്നു. അതോടൊപ്പം റസൂൽ കരീം(സ) തിരുമേനിയുടെ മേൽ ഞാൻ സലാത്തോതുകയും ചെയ്യുന്നു. കാരണം എല്ലാ അനുഗ്രഹങ്ങളും അദ്ദേഹത്തിൽ നിന്നാണെനിക്ക് ലഭിച്ചിരിക്കുന്നത്. എൻെറ എല്ലാ ഊടുംപാവും തിരുമേനി(സ)യിൽ നിന്നുള്ളതാണ്. എനിക്കാ പുണ്യാത്മനാണ് വേരും ശാഖയും തന്നനുഗ്രഹിച്ചിരിക്കുന്നത്. എൻെറ ബീജത്തെയും കൃഷിയെയും വളർത്തിയെടുത്തത് അവിടുന്നു തന്നെയാണ്. ശിക്ഷണം തന്നു വളർത്തിയെടുക്കുന്ന കാര്യത്തിൽ ഏറ്റവും ശ്രേഷ്ഠൻ അദ്ദേഹം മാത്രമാണ്".

*(മിനനുർറഹ്മാൻ 42,43)*

"ഇഞ്ചീലിൻെറ ഉപദേശകർ, അങ്ങാടികളിലും തെരുവുകളിലും ഏറ്റവും ധിക്കാരപരമായും അസഭ്യവചനങ്ങളാലും നമ്മുടെ യജമാനനും ആത്മീയനേതാവും ആയ ഖാതമുന്നബിയ്യീൻ അഫ്സലുർ റുസുൽ വൽഅസ്ഫിയാ സയ്യിദുൽ മഅ്സുമീൻ വൽഅത്ഖിയാ അല്ലാഹുവിൻെറ പ്രേമദാസനായ മുഹമ്മദു മുസ്തഫാ(സ) തിരുമേനിക്കെതിരായി ലജ്ജാലേശമന്യേ, കള്ളപ്രചരണങ്ങൾ നടത്തുകയും ദുരാരോപണങ്ങൾ പുലമ്പിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു കാലമുണ്ടായിരുന്നു. റസൂൽ തിരുമേനി(സ)യിൽ നിന്നു ഒരു പ്രവചനമോ ഒരത്ഭുതമോ പ്രത്യക്ഷമായിരുന്നില്ലെന്നവർ പാടിനടന്നിരുന്നു. എന്നാൽ സമാദരണീയനും സ്നേഹസ്വരൂപനും പാപികളുടെ വിമോചകനും ആയ മുഹമ്മദ് നബിയുടെ ആയിരക്കണക്കിലുള്ള മഹാത്ഭുതങ്ങൾ വിശുദ്ധ ഖുർആനിലും ഹദീസുകളിലും രേഖപ്പെട്ടു കിടക്കുന്നുവെന്നു മാത്രമല്ല ഇന്നും അല്ലാഹു നൂറുക്കണക്കിലുള്ള ദൃഷ്ടാന്തങ്ങൾ

Scanned with CamScanner

കാണിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അവയെ എതിർക്കുവാനുള്ള ശക്തി ഒരെതിരാളിക്കും നിഷേധിക്കും ഇല്ലതന്നെ. ഞങ്ങൾക്കു വളരെ ആർദ്രതയോടും വിനയത്തോടുംകൂടി ഓരോ കൃസ്തിയ സഹോദരനോടും മറ്റു എതിരാളികളോടും പറയുവാനുള്ളത് ഇതാണ്: ദൈവത്തിൽ നിന്നും ഉൽഭൂതമായതും സത്യത്തിൽ അധിഷ്ഠിതവുമായ ഓരോ മതത്തെയും അതിൽ അവതരിച്ച പുണ്യാത്മാക്കളെയും ആചാര്യന്മാരെയും പിൻപറ്റിക്കൊണ്ട് അവരുടെ പ്രാതിനിധ്യം വഹിക്കുന്ന ആളുകൾ എല്ലാ കാലത്തും അവതരിക്കുന്നതാണെന്നും തങ്ങളുടെ മതാചാര്യന്മാരുടെ ആത്മിയാനുഗ്രഹങ്ങൾ ഒരിക്കലും നിലച്ചുപോയിട്ടില്ലെന്നും ആ അനുഗ്രഹങ്ങൾ മുഖേന അവർ എന്നെന്നും ജീവിച്ചിരിപ്പുണ്ടെന്നും തെളിയിക്കേണ്ടതാണ്. കാരണം, പാപികളുടെ വിമോചകനും ശിപാർശക്കാരനും ആണെന്നു കരുതപ്പെടുന്ന ഓരോ ദൈവദൂതനും തൻെറ ആത്മീയാനുഗ്രഹങ്ങൾ വഴിയായി എന്നെന്നും ജീവിച്ചിരിക്കുന്ന പ്രവാചകനാണെന്നും ബഹുമതിയുടെയും പ്രതാപത്തിൻെറയും ഔന്നത്യത്തിൻെറയും ആകാശത്ത് അല്ലാഹുവിൻെറ വലത്തുഭാഗത്ത് ഉപവിഷ്ഠനായിരിക്കുന്നുവെന്നും തൻെറ സുശക്തമായ ആത്മീയപ്രകാശങ്ങളാൽ സ്ഥാപിക്കേണ്ടതുണ്ട്. അദ്ദേഹത്തെ പരിപൂർണ്ണമായി സ്നേഹിച്ചു പിന്തുടരുന്ന ആൾക്ക് പരിശുദ്ധാത്മാവും ദൈവികാനുഗ്രഹവും ലഭ്യമാകണം. തൻെറ പ്രിയങ്കരനായ പ്രവാചകൻെറ പ്രഭാപൂരത്തിൽ നിന്നും പ്രകാശം ആർജ്ജിച്ചുകൊണ്ട് അദ്ദേഹം അതത് കാലത്തുണ്ടാകുന്ന ആത്മീയാന്ധകാരത്തെ അകറ്റേണ്ടതാണ്. അതേപ്രകാരം ദൈവാസ്തിക്യത്തെക്കുറിച്ചുള്ള യഥാർത്ഥമായ വിശ്വാസം ജനഹൃദയങ്ങളിൽ അങ്കുരിപ്പിക്കുകയും അതുവഴി പാപപങ്കിലമായ മാനസികേച്ഛകളും നിചവും ലൗകികവുമായ എല്ലാ വികാരങ്ങളും കത്തിച്ചാമ്പലാവുകയും വേണം. ഒരു പ്രവാചകൻ ആകാശത്ത് ജീവനോടെ ഇരിക്കുന്നു എന്നുള്ളതിന്നുള്ള ഒരു ജീവൽദൃഷ്ടാന്തമാണിത്.

നാം അല്ലാഹുവിൽ ഏറ്റവുമധികം കൃതജ്ഞതയുള്ള

CS Scanned with CamScanner

വരാണ്. അവൻ തൻെറ പ്രിയപ്പെട്ട പ്രവാചകനായ മുഹമ്മദു മുസ്തഫാ(സ) തിരുമേനിയോടുള്ള സ്നേഹവും അനുസരണബോധവും ഞങ്ങൾക്കു പ്രദാനം ചെയ്യുകയും ഈ സ്നേഹത്തിന്റെയും അനുസരണബോധത്തിൻെറയും ആത്മീയഫലമെന്നോണം യഥാർത്ഥ ഭയഭക്തിയും സത്യാധിഷ്ഠിതമായ ദൈവികാടയാളങ്ങളും ഞങ്ങൾക്കു തന്നനുഗ്രഹിക്കുകയും ചെയ്തുകൊണ്ട് നമ്മുടെ പ്രിയപ്പെട്ട പ്രവാചകൻ മുഹമ്മദ് നബി(സ.അ) മരിച്ചിട്ടില്ല എന്നു കാണിച്ചിരിക്കുന്നു. എന്നുമാത്രമല്ല, ആകാശത്തിൻെറ ഉന്നതങ്ങളിൽ തൻെറ യജമാനനായ അല്ലാഹുവിൻെറ വലതുഭാഗത്ത് പ്രതാപത്തിൻെറയും ബഹുമതിയുടെയും സിംഹാസനത്തിൽ അറിടുന്ന് ഉപവിഷ്ഠനായിരിക്കുകയുമാണ്.

اَللّٰهُمَّ صَلِّ عَلَيْهِ وَبَارِكْ وَسَلِّمْ اِنَّ
اللّٰهَ وَمَلٰٓئِكَتَهٗ يُصَلُّوْنَ عَلَى النَّبِيِّ
يٰٓاَيُّهَا الَّذِيْنَ اٰمَنُوْا صَلُّوْا عَلَيْهِ وَسَلِّمُوْا
تَسْلِيْمًا

"ഇത്തരത്തിലുള്ള മഹോജ്ജ്വലമായ ഒരു ജീവിതം നമ്മുടെ നബിതിരുമേനിക്കല്ലാതെ മറ്റാർക്കാണ് ലഭ്യമായിരിക്കുന്നതെന്ന് ഞങ്ങൾക്കാരെങ്കിലും പറഞ്ഞുതരട്ടെ, ഹസ്രത്ത് മൂസാനബിക്കോ ഹസ്രത്ത് ദാവൂദ്നബിക്കോ ഹസ്രത്ത് യേശുമസീഹിന്നോ ഇത് ലഭ്യമാണോ? ഒരിക്കലും ഇല്ല. ശ്രീരാമചന്ദ്രന്നോ ശ്രീരാജാകൃഷ്ണന്നോ ഈ സ്ഥാനം ലഭ്യമാണോ? തങ്ങളുടെ ഹൃദയങ്ങളിൽ വേദപ്രകാശം ഉണ്ടായിരിക്കുന്നുവെന്നു വാദിക്കുന്ന ഋഷിമാരിൽ ആർക്കെങ്കിലും ഈ സ്ഥാനലബ്ധിയുണ്ടായിട്ടുണ്ടോ? ഒരിക്കലും ഇല്ലതന്നെ. ഇവിടെ ലൗകികമായ-ശാരീരികജീവിതമല്ല ഉദ്ദേശ്യം. യഥാർത്ഥത്തി ലുള്ള ആത്മീയവും ഗുണസമ്പുഷ്ടവും ആയ ജീവിതം, ദൈവിക ജീവിതവുമായി തദാത്മ്യം പ്രാപിച്ചതും ആത്മീയപ്രകാശവും അത്ഭുതങ്ങളും കോരിച്ചൊരിയുന്നതുമായ ഒന്നായി

CS Scanned with CamScanner

രിക്കും. അല്ലാതെ ശാരീരികമായ രീതിയിൽ സ്ഥിരജീവിതം ലഭിക്കുന്നതിൽ അഭിമാനാർഹമായ ഒന്നുംതന്നെയില്ല. ഈജിപ്തിലെ പുരാതനകെട്ടിടങ്ങൾ സഹസ്രാബ്ദങ്ങളായി നിലകൊള്ളുന്നു. ബാബിലോണിയയിലെ പുരാതനാവശിഷ്ടങ്ങളിൽ ഇന്നും മൂങ്ങകൾ ശബ്ദിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിലെ അയോദ്ധ്യയും വൃന്ദാവനങ്ങളും പുരാതനകാലങ്ങളിൽ ജനനിബിഡങ്ങളായിരുന്നു. ഇറ്റലിയിലും ഗ്രീസിലും ഇന്നും പുരാതനകെട്ടിടങ്ങൾ അവശേഷിച്ചുകിടക്കുന്നു. ഭൗതികമായ ഈ അവശിഷ്ടങ്ങൾക്ക് ഒരു സുദീർഘകാലം പിന്നിട്ടത് കൊണ്ടുമാത്രം ദൈവത്തിൻെറ ഇഷ്ടദാസന്മാരുടെ ആത്മീയജീവിതം മൂലമുണ്ടാകുന്ന രീതിയിലുള്ള വല്ല മാഹാത്മ്യവും ഔന്നത്യവും ഉള്ളതായി കാണിച്ചുതരുവാൻ സാധിക്കുമോ?

ഇത്തരത്തിലുള്ള ആത്മീയജീവിതം ലഭിച്ച പ്രവാചകൻ നമ്മുടെ മുഹമ്മദുനബിയുടെ അനുഗൃഹീതമായ വ്യക്തിത്വം ഒന്നുമാത്രമാണെന്നിവിടെ സ്ഥാപിതമായിരിക്കുന്നു. അല്ലാഹുവിൻെറ ആയിരമായിരം റഹ്മത്തുകൾ അവിടുത്തോടൊപ്പം ഉണ്ടാകട്ടെ. ഈസാനബിക്ക് ഇത്തരത്തിലുള്ള ഒരാത്മീയജീവിതം സ്ഥാപിച്ചു കാണിക്കുവാൻ കൃസ്ത്യാനികൾക്കു ഒരിക്കലും സാധ്യമല്ല. ദീർഘകാലം ശാരീരികമായി ജീവിച്ചിരിക്കുന്നുവെന്ന് പറഞ്ഞതുകൊണ്ടുമാത്രം കാര്യമായില്ല. കല്ലും ഇഷ്ടികയും സുദീർഘകാലമായി നിലനില്ക്കുന്നില്ലേ? ആർക്കും ഒരുപകാരവും ഇല്ലാത്ത ജീവിതം അർത്ഥശൂന്യമാണ്. ഒരു ഗുണവും പ്രദാനംചെയ്യാത്ത നിലനില്പ് പ്രസക്തമാകുന്നില്ല. ലോകത്ത് സ്തുത്യർഹമായ ജീവിതങ്ങൾ രണ്ടേരണ്ട് മാത്രമാണുള്ളത്. ഒന്നു എല്ലാ നന്മകളുടെയും ഉറവിടവും ഹയ്യൂമും ഖയ്യൂം ആയ അല്ലാഹുവിൻെറത്. മറ്റൊന്ന് എന്നെന്നും നന്മകൾ പ്രദാനംചെയ്യുന്ന ഹസ്രത്ത് മുഹമ്മദു മുസ്തഫാ(സ) തിരുമേനിയുടേത്. ഇത് ഞങ്ങൾ തെളിയിച്ചു കാണിച്ചുതരാം. ഈ യാഥാർത്ഥ്യത്തിലേക്കാണ് ഓരോ കാലവും സാക്ഷ്യം വഹിക്കുന്നത്. ഇപ്പോഴും കാലം അതി

CS Scanned with CamScanner

ന് സാക്ഷ്യം വഹിക്കുന്നു. ഗുണപ്രദമല്ലാത്ത ജീവിതം മൃതമാണ്, ജീവനുള്ളതല്ല എന്ന കാര്യം ഓർത്തുകൊള്ളുക.

ഞാൻ അല്ലാഹുവിൻെറ പേരിൽ ആണയിട്ടുപറയുന്നു. *(അവൻെറ പേരിൽ കള്ളസത്യം പറയുക എന്നത് ശാപത്തിന്ന് കാരണമാണ്)* ഞാൻ നബിതിരുമേനി(സ)യെ പരിപൂർണ്ണമായി അനുസരിക്കുകയും അനുഗമിക്കുകയും ചെയ്തതിൻെറ ഫലമായി അവിടുത്തോടുള്ള സ്നേഹാതിരേകം കാരണമായി ദൈവികമായ അടയാളങ്ങൾ എന്നിൽ ഇറങ്ങിക്കൊണ്ടിരിക്കുന്നതായും എൻെറ ഹൃദയം ഈമാൻെറ വെളിച്ചത്താൽ പ്രഭാപൂരിതമായിക്കൊണ്ടിരിക്കുന്നതായും ഞാൻ കാണുന്നു. ആ വ്യക്തമായ വെളിച്ചത്തിൽ അദൃശ്യമായ പല അടയാളങ്ങളിൽകൂടി എനിക്കെൻെറ ദൈവത്തെ കാണാൻ സാധിക്കുന്നു......... അല്ലയോ ഈ ഭൂമിയിൽ വസിക്കുന്നവരേ! പാശ്ചാത്യപൌരസ്ത്യനാടുകളിൽ വാസം ചെയ്യുന്ന മനുഷ്യാത്മാക്കളേ! ഞാൻ സുശക്തമായ രീതിയിൽ ഒരു സത്യത്തിലേക്ക് നിങ്ങളെ ക്ഷണിക്കുകയാണ്. ഇപ്പോൾ ഭൂമിയിൽ സത്യമതം ഇസ്ലാം മാത്രമാണ്. വിശുദ്ധഖുർആൻ പ്രസ്താവിക്കുന്ന ദൈവമാകുന്നു യഥാർത്ഥത്തിലുള്ള ദൈവം. സ്ഥായിയായ രീതിയിൽ ആത്മീയജീവിതം സ്വായത്തമാക്കിയ, പ്രതാപത്തിൻെറയും പരിശുദ്ധിയുടെയും സിംഹാസനത്തിൽ ഉപവിഷ്ഠനായിരിക്കുന്ന പ്രവാചകൻ ഹസ്രത്ത് മുഹമ്മദ് മുസ്തഫാ(സ.അ) തിരുമേനി മാത്രമാണ്.

അദ്ദേഹത്തെ അനുസരിക്കുകയും സ്നേഹിക്കുകയും ചെയ്തതിൻെറ ഫലമായി പരിശുദ്ധാത്മാവും ദൈവഭാഷണവും ഇതരദൈവികാടയാളങ്ങളും ലഭ്യമാകുകവഴി നമുക്ക് ആ പരിശുദ്ധപ്രവാചകൻെറ ആത്മീയജീവിതത്തെക്കുറിച്ചുള്ള തെളിവ് ലഭ്യമായിരിക്കുന്നു".

*(തിർയാഖുൽ ഖുലൂബ് 9-13)*

CS Scanned with CamScanner

## സമ്പൂർണ്ണ പ്രവാചകൻ

"എല്ലാ മതങ്ങളിലുംവെച്ച് സത്യമതം ഇസ്ലാം മാത്രമാണെന്നും എല്ലാ രക്ഷാമാർഗ്ഗങ്ങളിലുംവെച്ചു പരിപൂർണ്ണവും മനുഷ്യകരങ്ങളാൽ കലർപ്പ് ചെയ്യപ്പെടാത്തതും ആയ ഹിദായത്ത് വിശുദ്ധു ഖുർആൻ മാത്രമാണെന്നും എനിക്ക് അരുൾ ചെയ്യപ്പെട്ടിരിക്കുന്നു. എല്ലാ പ്രവാചകന്മാരിലും വെച്ച് പരിപൂർണ്ണ അദ്ധ്യാപനങ്ങളോടുകൂടിയ ഉന്നതവും പരിശുദ്ധവും തത്വസമ്പൂർണ്ണവും ആയ ഉപദേശങ്ങളോടുകൂടിയ, മാനുഷികമൂല്യങ്ങളെ തൻെറ ആദർശസമ്പൂർണ്ണമായ ജീവിതം മുഖേന കാണിച്ചുതന്ന ഒരേ ഒരു പ്രവാചകൻ ഹസ്രത്ത് മുഹമ്മദു മുസ്തഫാ(സ.അ) തിരുമേനി മാത്രമാണെന്നും എനിക്ക് പഠിപ്പിക്കപ്പെട്ടിരിക്കുന്നു".

*(അർബയിൻ 1 –3)*

## മനുഷ്യത്വത്തിൻ്റെ മൂർത്തീകരണം

"നമ്മുടെ നേതാവും സർവ്വസൃഷ്ടികളുടെയും നായകനും ആയ ഹഃമുഹമ്മദു മുസ്തഫാ തിരുമേനി(സ)യിൽ നിന്നും ഒരു പ്രവചനവും ഒരു ദൃഷ്ടാന്തവും പ്രത്യക്ഷമായിട്ടില്ലെന്നു പറഞ്ഞുനടന്നിരുന്ന കൃസ്തീയപുരോഹിതന്മാർ എവിടെ? യഥാർത്ഥത്തിൽ ഭൂമിയിൽ ഒരേയൊരു പരിപൂർണ്ണ മനുഷ്യൻ - മനുഷ്യത്വത്തിൻെറ മൂർത്തീകരണം - മാത്രമെ പ്രത്യക്ഷനായിട്ടുള്ളൂ.

തൻെറ പ്രവചനങ്ങളും പ്രാർത്ഥനകളും സ്വീകരിക്കപ്പെടുകയും – *(ഇതരമഹാത്ഭുതങ്ങൾ)*പ്രത്യക്ഷപ്പെടുത്തുകയും ചെയ്ത ഒരേ ഒരു സമ്പൂർണ്ണ മനുഷ്യൻ മാത്രമെ ലോകത്തുവന്നിട്ടുള്ളൂ എന്നു ഞാൻ സത്യമായും പറയുന്നു. അദ്ദേഹത്തിൻെറ ഉമ്മത്തിലെ യഥാർത്ഥ അനുചരന്മാർ മുഖേന സമുദ്രത്തിലെ ഓളങ്ങളെന്നോണം അത്ഭുതദൃശ്യങ്ങൾ പ്രകടമായിക്കൊണ്ടിരിക്കുകയാണ്. ഇത്ര ശക്തിയും പ്രൌഢിയും ഉൾക്കൊണ്ട ഏതൊരു മതമാണ് ഇന്ന് ഇസ്ലാമിനെ

CS Scanned with CamScanner

കൂടാതെ ലോകത്തുള്ളത്? ഇസ്ലാമികമായ ഈ അനുഗ്രഹ ങ്ങളെയും ദൃഷ്ടാന്തങ്ങളെയും എതിർത്തു മത്സരിക്കുവാൻ യോഗ്യരായ ആളുകൾ ഏത് നാട്ടിലാണുള്ളത്?"

*(അർബയിൻ I ഭാ.4)*

## നേർമാർഗത്തിലെ പ്രചരണം

"എപ്രകാരം തക്മീലെ ഹിദായത്ത്*(നേർമാർഗത്തിന്റെ പൂർത്തീകരണം)* റസൂൽ തിരുമേനിയുടെ പുണ്യകരങ്ങളാൽ ഉണ്ടായോ അതേപ്രകാരം തക്മീലെ ഇശാഅത്തും *(പ്രചരണത്തിൻെറ പൂർത്തീകരണവും)* റസൂൽ തിരുമേനി മുഖേന ഉണ്ടാകേണ്ടതാണ്. എന്തെന്നാൽ ഈ രണ്ടു കാര്യങ്ങളും നബിതിരുമേനിയുടെ ആഗമനോദ്ദേശ്യമത്രെ. എന്നാൽ ദൈവിക നിയമമനുസരിച്ച് അദ്ദേഹത്തിന്നു ചിരഞ്ജീവത്വം അസാധ്യവും അസംഭവ്യവും ആയതിനാൽ അദ്ദേഹത്തിന്ന് തക്മീലെ ഇശാഅത്തിന്നായി നിർണ്ണയിക്കപ്പെട്ട അവസാനകാലഘട്ടംവരെ ജീവിച്ചിരിക്കുവാൻ സാദ്ധ്യമല്ല. ആ രീതിയിലുള്ള സ്ഥായിയായ ജീവിതം ശിർക്ക് പ്രചരിക്കുന്നതിന്നുള്ള ഒരു കാരണമായിത്തീരുന്നതാണ്. അതുകൊണ്ട് അല്ലാഹു റസൂൽ തിരുമേനിയുടെ ഈ ആഗമനോദ്ദേശം അവിടുത്തെ സ്വഭാവത്തിലും ആത്മീയതയിലും ആഗതനായ നബിതിരുമേനിയുടെ ഒരു ഉമ്മത്തി മുഖേന പൂർത്തിയാക്കി".

*(വിളംബരം 25-5-1990)*

## 'ആഖരീനമിൻഹും'

"ബുദ്ധിപരമായും ഇഞ്ചിൽ, വിശുദ്ധഖുർആൻ എന്നി പ്രമാണങ്ങൾ വെച്ചുനോക്കുമ്പോഴും ഹസ്രത്ത് യേശു മസീഹിന്ന് ആകാശത്ത് സ്ഥൂലശരീരത്തോടുകൂടി ജീവിച്ചിരിക്കുവാൻ സാധ്യമല്ലെന്നു തെളിയുന്നു. മാത്രമല്ല ഇത്തരം വിശ്വാസങ്ങൾ ബുദ്ധിപരമായും പ്രമാണപരമായും പല കഠിനമായ ആക്ഷേപങ്ങൾക്കും കാരണമായിത്തീരുന്നു. അതുകൊണ്ട് ഇത്തരം ചിന്താഗതിതന്നെ എൻെറ അഭിപ്രായത്തിൽ

Scanned with CamScanner

ലജ്ജാകരമാണ്. നാം നമ്മുടെ റസൂലിനെ ഇത്തരത്തിൽ ആകാശത്ത് കൊണ്ടുപോകുന്നില്ല. ആത്മീയമായ സാമീപ്യം കരസ്ഥമാക്കുന്നതിന്ന് അതിൻെറ ഒരാവശ്യവും ഇല്ലതന്നെ. എന്നാൽ ആത്മീയജീവിതത്തെ സംബന്ധിച്ചിടത്തോളം നാം എല്ലാ പ്രവാചകന്മാരെക്കാളും ശ്രേഷ്ഠതയും ഔന്നത്യവും നബിതിരുമേനി(സ)ക്ക് നൽകുന്നു. ഈ ജീവിതത്തെക്കുറിച്ചാണ് *വആഖരീന മിൻഹും -ലമ്മാ യൽഹഖൂബിഹിം* എന്നു വിശുദ്ധഖുർആൻ സൂചിപ്പിക്കുന്നത്. ഇതിന്റെ വിവക്ഷിതം എപ്രകാരം സഹാബാക്കൾ റസൂൽതിരുമേനിയിൽ നിന്നും ആത്മീയശിക്ഷണം കരസ്ഥമാക്കിയിരുന്നുവോ അപ്രകാരം അവസാനകാലത്തും സംഭവിക്കുന്നതാണെന്നാണ്....... നമ്മുടെ റസൂൽ(സ.) ആത്മീയപ്രഭാവം അടങ്ങിയ ഉന്നതജീവിതം വെച്ചുപുലർത്തുന്നതുപോലെ മറ്റാർക്കും സാധ്യമല്ല എന്നതിന്നുള്ള ഏറ്റവും വലിയ തെളിവ് അദ്ദേഹത്തിന്റെ പ്രഭാവവും അനുഗ്രഹവും എന്നെന്നും നിലനില്ക്കുന്നു എന്നതാണ്. കാരണം, ഒരു യഥാർത്ഥ മുസ്ലിം റസുൽതിരുമേനിയെ അക്ഷരാർത്ഥത്തിൽ പിന്തുടരുന്നതിൻെറ ഫലമായി ദൈവഭാഷണം എന്ന അനുഗ്രഹം കരസ്ഥമാക്കുകയും അസാധാരണമായ അത്ഭുതസിദ്ധികൾ ആർജ്ജിക്കുകയും മലക്കുകൾ അവരോട് സംസാരിക്കുകയും അവരുടെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുകയും ചെയ്യുന്നതായി നാം കാണുന്നു".

*(വിളംബരം 25-5-1900)*

## മോക്ഷപ്രാപ്തിക്കർഹർ ആർ?

"മനുഷ്യവംശത്തിന്നായി ഭൂമിയിൽ വിശുദ്ധ ഖുർആൻ അല്ലാതെ മറ്റൊരു വേദഗ്രന്ഥവും ഇല്ല. ആദംസന്തതികൾക്കെല്ലാം ആയി മുഹമ്മദ് മുസ്തഫാ(സ.) തിരുമേനിയല്ലാതെ മറ്റൊരു റസൂലും ശഫീഉം(ശുപാർശക്കാരൻ) ഇല്ലതന്നെ. അതുകൊണ്ട് പ്രതാപശാലിയായ ഈ നബിയുമായി നിങ്ങൾ യഥാർത്ഥത്തിലുള്ള സ്നേഹബന്ധം വെച്ചുപുലർത്തുക. ആകാശത്തിൽ നിങ്ങൾ മോക്ഷപ്രാപ്തിക്കായി എണ്ണ

CS Scanned with CamScanner

പ്പെടുമാറാകുന്നതിന്ന് നിങ്ങൾ അദ്ദേഹത്തിന്നുള്ളതിനേക്കാൾ ഉപരിയായ മേന്മ മറ്റാരിലും കല്പിക്കാതിരിക്കുക. മോക്ഷം എന്നത് മരിച്ചതിന്നുശേഷം മാത്രം വെളിവാകുന്ന ഒന്നല്ല എന്നോർത്തുകൊള്ളുക. മറിച്ച് യഥാർത്ഥമായ മോക്ഷം ഈ ലോകത്തുതന്നെ അതിൻെറ വെളിച്ചം കാണിക്കുന്നതാണ്. ആരാണു മോക്ഷം പ്രാപിച്ചവർ? അല്ലാഹു സത്യമാണെന്നും മുഹമ്മദ്നബി അവന്റെയും അവൻെറ സൃഷ്ടിജാലത്തിൻെറയും ഇടയിലുള്ള ശുപാർശക്കാരൻ ആണെന്നും ആകാശത്തിൻകീഴിൽ തിരുനബിക്ക് സമസ്ഥാനീയനായി ഒരു നബിയും ഇല്ലെന്നും ഖുർആനു തുല്യമായി മറ്റൊരു ഗ്രന്ഥവും ഇല്ലെന്നും ചിരഞ്ജീവിയായി ജീവിക്കുവാൻ അവൻ ആരുടെ കാര്യത്തിലും ഇച്ഛരിക്കുന്നില്ലെങ്കിലും ഈ വരിഷ്ഠ പ്രവാചകൻ എല്ലാക്കാലത്തും ജീവിച്ചിരിക്കുന്ന പ്രവാചകനാണെന്നും ഉറച്ചു വിശ്വസിക്കുന്നവർതന്നെ".

*(കിശ്ത്തിനൂഹ് ഭാ.15,16)*

## മുഹമ്മദുനബിയുടെ പ്രതിരൂപം

"അല്ലാഹു ഏകനാണെന്നും മുഹമ്മദു മുസ്തഫാ (സ.) അവൻെറ പ്രവാചകനും ഖാതമുന്നബിയ്യിനും എല്ലാവരെക്കാളും ശ്രേഷ്ഠനും ആണെന്നും മുഹമ്മദിയ്യത്തിന്റെ പുതപ്പു പുതച്ചുകൊണ്ട് ആ പുണ്യാത്മാവിൻെറ പ്രതിരൂപമായി വരുന്നവരൊഴികെ അദ്ദേഹത്തിന്നുശേഷം ഒരു നബിയും ആഗതനാകുന്നതല്ലെന്നും ആണ് അല്ലാഹു വിശ്വാസപരമായി നിങ്ങളിൽനിന്നും കാംക്ഷിക്കുന്നത്. കാരണം, ഒരു സേവകൻ (ഖാദിം) തൻെറ യജമാനനി(മഖ്ദൂം)ൽ നിന്നും വേറിട്ടു നില്ക്കുന്നില്ല. അതേപ്രകാരം ശാഖ തായ്വേരിൽനിന്നും അകന്നു നില്ക്കുന്നില്ല. അതുകൊണ്ട് പരിപൂർണ്ണമായും തൻെറ യജമാനനിൽ അർപ്പണം ചെയ്തതിൻെറ ഫലമായി അല്ലാഹുവിൽനിന്നും നബിയെന്ന പദവി ലഭിക്കുന്നത് റസൂൽതിരുമേനിയുടെ ഖാതമുന്നുബുവ്വത്തിൽ ഒരു വിഘ്നവും വരുത്തുന്നില്ല. നിങ്ങൾ ഒരു ദർപ്പണത്തിൽ നിങ്ങളുടെ രൂപം കാണുമ്പോൾ നിങ്ങൾ രണ്ടായിത്തീരുന്നില്ല. പ്രത്യ

CS Scanned with CamScanner

ക്ഷത്തിൽ രണ്ടായിത്തോന്നുന്നുവെങ്കിലും യഥാർത്ഥത്തിൽ ഒന്നുതന്നെയാണ്. മൂലവും പ്രതിച്ഛായയും (പ്രതിരൂപവും) തമ്മിലുള്ള അന്തരം മാത്രമെ ഉണ്ടാകുന്നുള്ളൂ. അല്ലാഹു വാഗ്ദത്തമസീഹിൽ ഇച്ഛിക്കുന്നതും അതുതന്നെയാണ്".

*(കിശ്തിനൂഹ് - 17,18)*

## ഖാതമുന്നബിയ്യിൻ

"അവസാനത്തെ വേദഗ്രന്ഥവും ന്യായപ്രമാണവും (ശരീഅത്ത്) വിശുദ്ധ ഖുർആൻ ആണെന്നും അതിനുശേഷം പുനരുത്ഥാനനാൾവരെ പുതിയ ന്യായപ്രമാണത്തോടും റസൂൽതിരുമേനി(സ)യെ പൂർണ്ണമായും പിൻപറ്റുകയും അനുസരിക്കുകയും ചെയ്യാതെയുംകണ്ടു തനിക്ക് വഹ്‌യ് ലഭിക്കുന്നുവെന്ന് വാദിക്കുന്ന ഒരു നബിയും വരുന്നതല്ലെന്നുമുള്ളതാണ് നമ്മുടെ വിശ്വാസം. പുനരുത്ഥാനനാൾ വരെ ഈ വാതിൽ അടഞ്ഞുകിടക്കുന്നു. റസൂൽതിരുമേനിയെ പിൻപറ്റുന്നത് കൊണ്ടു ലഭിക്കുന്ന ദൈവികഭാഷണം എന്ന അനുഗ്രഹം കരസ്ഥമാക്കാനുള്ള വാതിലുകളാകട്ടെ പുനരുത്ഥാനനാൾവരെ തുറന്നുകിടക്കുകയുംചെയ്യുന്നു. റസൂൽതിരുമേനിയെ പിൻപറ്റുന്നത് കൊണ്ടുണ്ടാകുന്ന വഹ്‌യ് ഒരിക്കലും നില്ക്കാൻ പോകുന്നില്ല. എന്നാൽ ശരീഅത്തോടുകൂടിയ സ്വതന്ത്രമായ നുബുവ്വത്ത് നിലച്ചുപോയിരിക്കുന്നു.

ഇത്സംബന്ധമായി ഞാനല്പം വിശദീകരിക്കാം. അല്ലാഹു തിരുനബി(സ)യെക്കുറിച്ച് ഖാതമുൽഅമ്പിയാ എന്ന് പ്രസ്താവിച്ച സ്ഥലത്ത്തന്നെ അദ്ദേഹം തൻെറ ആത്മീയരൂപത്തിൽ സാലിഹിങ്ങളുടെ ആത്മിയപിതാവാണെന്നും റസൂൽതിരുമേനിയെ പിൻപറ്റുന്നതുകൊണ്ട് വഹ്‌യ് ഇലാഹിയും ദൈവഭാഷണവും അവർക്ക് ലഭ്യമാകുന്നുവെന്നും സൂചിപ്പിക്കുന്നു.

അല്ലാഹു പറയുന്നു:

Scanned with CamScanner

مَا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ
اللَّهِ وَخَاتَمَ النَّبِيِّينَ وَكَانَ اللَّهُ بِكُلِّ شَيْءٍ عَلِيمًا ﴿٤٠﴾

*'അതായത്, റസൂൽതിരുമേനി നിങ്ങളിലുള്ള പുരുഷന്മാരിൽ ആരുടെയും പിതാവല്ല. എന്നാൽ അദ്ദേഹം ഒരു ദൈവദൂതനും ഖാതമുൽ അമ്പിയായും ആണ്'.*

ഇവിടെ പ്രയുക്തമായ *ലാകിൻ* എന്ന പദം സംശയനിവൃത്തി (ഇസ്തിദ്‌രാക്ക്)ക്കായി വന്നിട്ടുള്ളതാണ്. കഴിഞ്ഞ കാര്യത്തെക്കുറിച്ചുള്ള സംശയം അതിന്നടുത്ത് പറയാൻ പോകുന്ന കാര്യം നിവർത്തിക്കുന്നു. അതായത്, പ്രസ്തുത ആയത്തിൻെറ ആദ്യഭാഗത്ത് റസൂൽ തിരുമേനി ശാരീരികമായ രീതിയിൽ ഒരു പുരുഷൻെറയും പിതാവല്ലതന്നെ എന്നു സമർത്ഥിച്ചതിന്നുശേഷം ലാകിൻ എന്ന പദം ഉപയോഗിച്ചുകൊണ്ട് ഇവിടെയുണ്ടാകുന്ന ഒരു സംശയം നിവർത്തിക്കപ്പെടുന്നു. അദ്ദേഹം ഖാതമുന്നബിയ്യിൻ ആയതുകൊണ്ട് അദ്ദേഹത്തിന്നുശേഷം അല്ലാഹുവിൽ നിന്നു നേരിട്ടു ലഭിക്കുന്ന നുബുവ്വത്ത് നിർത്തലാക്കപ്പെട്ടിരിക്കുന്നു എന്നാണ് ഇതിന്നർത്ഥം. ഇനിമേൽ റസൂൽതിരുമേനിയുടെ അനുകരണമുദ്ര ലഭിച്ചവർക്ക് മാത്രമെ നബിത്വപദവി ലഭിക്കുകയുള്ളൂ. ചുരുക്കത്തിൽ പ്രസ്തുത ആയത്ത് ഒരു ഭാഗത്ത് നബിതിരുമേനിയുടെ പിതൃത്വത്തെ നിഷേധിക്കുന്നുവെങ്കിൽ മറുഭാഗത്ത് അദ്ദേഹത്തിൻെറ പിതൃത്വത്തെ സ്ഥാപിക്കുന്നു. അങ്ങിനെ *'ഇന്ന ശാനിഅക ഹുവൽ അബ്തർ'* (108:4) "നിൻെറ ശത്രുക്കളാണ് സന്താനരഹിതർ" എന്ന ആയത്ത് മൂലമുണ്ടാകുന്ന ആക്ഷേപം ദൂരീകരിക്കപ്പെടുന്നു.

ചുരുക്കത്തിൽ, ശരീഅത്തില്ലാത്ത നുബുവ്വത്താണെങ്കിൽ കൂടി നേരിട്ടു സ്വതന്ത്രമായ നുബുവ്വത്ത് കരസ്ഥമാകുന്നത് നിറുത്തലാക്കപ്പെട്ടിരിക്കുകയാണ്. എന്നാൽ മുഹമ്മദീ നുബുവ്വത്താകുന്ന ദീപത്തിൽനിന്നും പ്രകാശമുൾക്കൊണ്ടുള്ള നുബുവ്വത്ത് വിലക്കപ്പെട്ടിട്ടില്ല. എന്നുവെച്ചാൽ ഒരു ഭാഗത്ത്

Scanned with CamScanner

അദ്ദേഹം ഒരു ഉമ്മത്തി ആയിരിക്കുകയും മറുഭാഗത്ത് മുഹമ്മദി നുബുവ്വത്തിൻെറ പ്രകാശകിരണങ്ങളിൽനിന്നും വെളിച്ചം ലഭിച്ചതിൻെറ ഫലമായി നുബുവ്വത്തിൻെറ പൂർണ്ണരൂപം സ്വായത്തമാക്കിയിരിക്കുകയും ചെയ്യേണ്ടതാണ്. ഈ രീതിയിലുള്ള നുബുവ്വത്ത് പദവി ആർക്കുംതന്നെ ലഭ്യമാകുന്നതല്ലെങ്കിൽ പിന്നെ രണ്ടുവിധത്തിലും റസൂൽതിരുമേനി(സ.) നഊദുബില്ലാ സന്താനരഹിതൻ(അബ്തർ) ആയിത്തിരുന്നതായിരിക്കും. അദ്ദേഹത്തിന്ന് ശാരീരികമായി ഇല്ലാത്തതുപോലെ ആത്മിയമായും ഒരു സന്തതിയും ഇല്ലെന്നു പറയേണ്ടതായി വരും. അപ്പോൾ നബികരീം(സ) അബ്തർ (ആൺ സന്താനരഹിതൻ) ആണെന്ന ശത്രുക്കളുടെ വാദം ശരിയാണെന്നും വരും".

*(റിവ്യു ബർ മുബാഹസ 8,9)*

## പരിപൂർണ്ണ മനുഷ്യൻ

"ഹസ്രത്ത് റസൂൽകരീം(സ) ഒരു പരിപൂർണ്ണ മനുഷ്യൻ ആണെന്നു തെളിയിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ ഇപ്രകാരം അരുൾചെയ്യുന്നു:

ثُمَّ دَنَا فَتَدَلّٰى ۝٩

فَكَانَ قَابَ قَوْسَيْنِ اَوْ اَدْنٰى ۝١٠

അതായത് നബിതിരുമേനി അല്ലാഹുവിങ്കലേക്കുയർന്ന് തന്റെ കഴിവിൻെറ പരമാവധി ഉപയോഗിച്ചുകൊണ്ട് അല്ലാഹുവിന്റെ സാമീപ്യത്തിലെത്തി. അങ്ങിനെ ദൈവസാമിപ്യത്തിന്റെ എല്ലാ പരിപൂർണ്ണതയും അദ്ദേഹം തരണം ചെയ്തു. ലാഹുത്തിമഖാമിൽനിന്നും (ദിവ്യസ്ഥാനത്തുനിന്നും) പരിപൂർണ്ണമായ അംശം (പങ്ക്) ലഭിച്ചതിന്നുശേഷം, നാസൂത്തിലേക്ക് (മനുഷ്യത്വത്തിലേക്ക്) പൂർണ്ണമായും തിരിച്ചുചെല്ലുകയുണ്ടായി. അതായത് ഉബൂദിയ്യത്തിൻെറ (ദാസത്വത്തിൻെറ) പാര

Scanned with CamScanner

മൃത്തിലേക്ക് തന്നെ എത്തിക്കുകയും മനുഷ്യത്വത്തിൻെറ സൽഭാവനകളായ അനുകമ്പ, ആർദ്രത, സ്നേഹം എന്നി ഗുണങ്ങൾ പരിപൂർണ്ണമായും ഉൾക്കൊള്ളുകയും ഉണ്ടായി.

ചുരുക്കത്തിൽ ആ മഹാത്മാവ് ഒരു ഭാഗത്ത് ദൈവസ്നേഹത്തിലും മറുഭാഗത്ത് സൃഷ്ടി സ്നേഹത്തിലും പരിപൂർണ്ണത പ്രാപിക്കുകയുണ്ടായി. എന്നുപറഞ്ഞാൽ തിരുനബി (സ) പരിപൂർണ്ണമായും ദൈവത്തെ പ്രാപിക്കുകയും അതേപ്രകാരം മനുഷ്യസ്നേഹത്തിൽ പരിപൂർണ്ണതയെ സ്വായത്തമാക്കുകയും ചെയ്തു. അങ്ങനെ ഇരുഭാഗങ്ങളിലും ഉള്ള സന്തുലിതസാമിപ്യം കാരണം, തിരുനബി(സ) രണ്ടു വില്ലുകൾക്കിടയിലുള്ള ഞാണുപോലെ ആയിത്തീർന്നു. അതുകൊണ്ട് തിരുനബി(സ)യിൽ *ശിഫാഅത്തി*നുള്ള (ശുപാർശ) നിബന്ധന തികവുറ്റനിലയിൽ പൂർത്തിയായി. അതുകൊണ്ടാണ് അല്ലാഹു തനിക്കും തൻെറ സൃഷ്ടികൾക്കുമിടയിൽ അദ്ദേഹം രണ്ടു വില്ലുകൾക്കിടയിലുള്ള ഞാൺ പോലെയാണെന്ന് സാക്ഷ്യം പറഞ്ഞിരിക്കുന്നത്".

*(റിവ്യൂ ഓഫ് റിലീജിയൻസ്. ഉർദു Vol 1, ഭാ. 182)*

## ഉമ്മത്തീനുബുവ്വത്തിൻെറ യാഥാർത്ഥ്യം

പൂർവ്വകാല നുബുവ്വത്തുകളെയും വേദഗ്രന്ഥങ്ങളെയും പ്രത്യേകം പ്രത്യേകം അനുഗമിക്കേണ്ടുന്ന ആവശ്യം ഇന്നില്ല. കാരണം, മുഹമ്മദീനുബുവത്ത് അവയെയെല്ലാംതന്നെ ഉൾക്കൊള്ളുന്ന ഒന്നാണ്. ഇതൊഴികെയുള്ള എല്ലാ വഴിക

---

അടിക്കുറിപ്പ്:- റസൂൽതിരുമേനിക്കുശേഷം ന്യായപ്രമാണത്തോടുകൂടിയ നുബുവ്വത്തിൻെറ വാതിൽ പരിപൂർണ്ണമായും അടക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം ഇവിടെ ഓർക്കേണ്ടതാണ്, വിശുദ്ധ ഖുർആന്നുശേഷം പുതിയ കല്പനയോടുകൂടിയ അല്ലെങ്കിൽ വിശുദ്ധ ഖുർആനിലെ ഏതെങ്കിലും ഒരു കല്പനയെ ദുർബ്ബലപ്പെടുത്തിക്കൊണ്ടുള്ള ഒരു ഗ്രന്ഥവും അവസാനനാൾ വരെ ഉണ്ടാകുന്നതല്ല. വിശുദ്ധഖുർആൻ ഖിയാമത്ത്നാൾവരെ പ്രവർത്തനയോഗ്യതയുള്ള ജീവൽഗ്രന്ഥമായി തുടരുന്നതായിരിക്കും.

Scanned with CamScanner

ളും അടഞ്ഞുപോയിരിക്കുന്നു. ദൈവസാമീപ്യപ്രാപ്തിക്കുള്ള എല്ലാ സത്യങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു. ഇതിന്നു ശേഷം പുതിയൊരു സത്യം പ്രത്യക്ഷപ്പെടുകയോ ഇതിലടങ്ങിയിട്ടില്ലാത്ത മറ്റൊരു സത്യം ഇതിന്നു മുമ്പുണ്ടാവുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് ഈ നുബുവ്വത്ത് എല്ലാ നുബുവ്വത്തുകളുടെയും പരിസമാപ്തിയാണ്. അതങ്ങിനെതന്നെ വേണ്ടതുമാണ്താനും. കാരണം ആരംഭം ഉള്ള ഒരു വസ്തുവിന്ന് ഒരവസാനവും വേണമല്ലോ. എന്നാൽ ഈ നുബുവ്വത്ത് ഔദാര്യം പ്രദാനംചെയ്യുന്നതിൽ മറ്റു എല്ലാ നുബുവ്വത്തുകളെയും അപേക്ഷിച്ച് എത്രയോ മുന്നിലാണ് സ്ഥിതിചെയ്യുന്നത്. ദൈവപ്രാപ്തിക്കുള്ള എളുപ്പമാർഗ്ഗം ഈ നുബുവ്വത്തിന്റെ അനുസരണവും അനുഗമനവും മാത്രമാണ്. അങ്ങനെ ചെയ്യുന്നതുകൊണ്ട് ദൈവസ്നേഹവും ദൈവഭാഷണവും ഇതിന്നുമുമ്പ് ലഭിക്കാത്തതിനേക്കാൾ ധാരാളമായി ലഭ്യമാകുന്നു. എന്നാൽ ഈ നുബുവ്വത്തിനെ പൂർണ്ണമായും അനുസരിക്കുന്നത് കൊണ്ടുമാത്രം ഒരാൾ വെറും ഒരു നബിയെന്നപേരിന്നർഹനായിത്തീരുന്നില്ല. അയാൾ ഉമ്മത്തികൂടി ആയിത്തീരണം. അങ്ങനെ വരുമ്പോൾ മുഹമ്മദ്(സ)യുടെ നുബുവ്വത്തിന്റെ പരിപൂർണ്ണതക്ക് ഒരു കോട്ടവും തട്ടുന്നതല്ല. മാത്രവുമല്ല പ്രസ്തുത നുബുവ്വത്തിന്റെ പ്രകാശവും അനുഗ്രഹവും വളരെയധികം വ്യക്തമായ നിലയിൽ സ്ഫുടം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്.

ദൈവികഭാഷണം എണ്ണത്തിലും ഗുണത്തിലും പരിപൂർണ്ണത പ്രാപിക്കുകയും ഒരു പോരായ്മയും അവശേഷിക്കാതിരിക്കുകയും അദൃശ്യകാര്യങ്ങൾ അടങ്ങിയിരിക്കുകയും ചെയ്യുമ്പോൾ അതിന്നു നുബുവ്വത്ത് എന്നു പറയപ്പെടുന്നു. ഈ കാര്യത്തിൽ എല്ലാ നബിമാർക്കും ഏകാഭിപ്രായമാണുള്ളത്. അതുകൊണ്ട് *'കുൻതും ഖൈറ ഉമ്മത്തിൻ ഉഖ്റി ജത്ത് ലിന്നാസി'* എന്നു വിശേഷിപ്പിക്കുകയും *'ഇഹ്ദിനസ്സിറാത്തൽ മുസ്തഖീം'* എന്ന പ്രാർത്ഥന പഠിപ്പിച്ചുതരികയും ചെയ്യപ്പെട്ട ഒരു സമുദായത്തിന്ന് ഈ അനുഗ്രഹം നഷ്ടപ്പെടുക എന്നതു അസംഭവ്യമായ കാര്യമാണ്. അങ്ങനെയാ

CS Scanned with CamScanner

ണെങ്കിൽ മുഹമ്മദീ ഉമ്മത്ത് അപൂർണ്ണവും അപര്യാപ്തവും ആയ സമുദായമായി തീരുന്നതായിരിക്കും. എല്ലാവരും തന്നെ അന്ധരെപ്പോലെ ആയിത്തീരും. എന്നു മാത്രമല്ല, റസൂൽതിരുമേനിയുടെ മഹൽശക്തിക്കും പരിശുദ്ധതക്കും കോട്ടംതട്ടുന്നതുമായിരിക്കും. അതോടൊപ്പം അഞ്ചുനേരവും നമസ്കാരത്തിൽ ഓതേണമെന്നു കല്പിക്കപ്പെട്ട പ്രാർത്ഥനക്കും ഒരർത്ഥവും ഇല്ലാതായിത്തീരും. എന്നാൽ മറുഭാഗത്ത്, മുഹമ്മദീ നുബുവ്വത്തിൻെറ ആത്മീയ പ്രകാശത്തെ പിൻപറ്റാതെ സ്വതന്ത്രമായി നുബുവ്വത്ത് പദവി ലഭിക്കുന്നതാണെന്ന് പറയുകയാണെങ്കിലും തിരുനബിയുടെ ഖാതമുന്നബുവ്വത്ത് പദവി അർത്ഥശൂന്യമായിത്തീരുന്നതാണ്.

ഈ രണ്ടുവിധത്തിലുള്ള ദോഷങ്ങളിൽനിന്നും സംരക്ഷിക്കപ്പെടുന്നതിന്നായി അല്ലാഹു പരിശുദ്ധവും പരിപൂർണ്ണവും ആയ ദൈവഭാഷണത്തിന്നായി റസൂൽതിരുമേനിയെ പരിപൂർണ്ണമായും അനുസരിക്കുകയും 'ഫനാഫിർ റസുൽ' ആയി തങ്ങളെ പരിപൂർണ്ണമായി റസൂലിൽ ലയിപ്പിക്കുകയും ചെയ്യുന്ന ചിലരെ തെരഞ്ഞെടുക്കുന്നു. ഉമ്മത്തി എന്നതുകൊണ്ടുള്ള ഉദ്ദേശ്യവും അനുഗമിക്കുക എന്നതിൻെറ അർത്ഥവും പരിപൂർണ്ണമായും അവരിൽ കാണപ്പെടുന്നു. ഈ അവസ്ഥയിൽ അവരുടെ അസ്തിത്വം അവരുടെതായിത്തീരുന്നില്ല. മറിച്ച് അവർ സ്വയമേവ മറന്നുകൊണ്ടുള്ള അവസ്ഥയിൽ റസുൽ തിരുമേനിയുടെ പ്രതിരൂപമായി പരിണമിക്കുന്നു. ആ അവസ്ഥയിൽ ഇതര പ്രവാചകന്മാർക്ക് ലഭിച്ചതുപോലുള്ള ദൈവഭാഷണം അവർക്ക് ലഭിക്കുന്നു. അങ്ങിനെ ഉമ്മത്തി ആയിരുന്നിട്ടും നബി എന്ന പദവി അവർക്ക് പ്രദാനം ചെയ്യപ്പെടുന്നു. കാരണം അത്തരത്തിലുള്ള നുബുവ്വത്ത് മുഹമ്മദീ നുബുവ്വത്തിൽ നിന്നു ഭിന്നമാകുന്നില്ല. മറിച്ച് അവധാനതയോടെ പരിശോധിക്കുകയാണെങ്കിൽ പുതിയ പരിവേഷത്തിലുള്ള മുഹമ്മദീ നുബുവ്വത്ത് തന്നെയാണതെന്നു

Scanned with CamScanner

മനസ്സിലാക്കാവുന്നതാണ്".

*(അൽവസിയത്ത് 13, 14)*

"മറ്റെല്ലാ നബിമാരുടെയും വഹ്‌യുകളും മുഅ്ജിസത്തുകളും അവസാനിച്ചു പോവുകയും അവരുടെ സമുദായങ്ങൾ ഈ അനുഗ്രഹങ്ങളിൽ നിന്നു ദൂരപ്പെടുകയും വെറും കഥാകഥനങ്ങൾ മാത്രം അവരിൽ അവശേഷിക്കുകയും ചെയ്യുമ്പോൾ റസുൽതിരുമേനിയുടെ വഹ്‌യും മുഅ്ജിസത്തുകളും അവസാനിച്ച് പോയിട്ടില്ല എന്നത് ഹസ്രത്ത് റസൂൽതിരുമേനിക്ക് പ്രദാനം ചെയ്യപ്പെട്ട അതിമഹത്തായൊരു ദിവ്യാത്ഭുതം തന്നെ. റസൂൽതിരുമേനിയെ പരിപൂർണ്ണമായും അനുഗമിക്കുന്ന മഹാത്മാക്കൾമുഖേന ഇത് പ്രകടമായിക്കൊണ്ടേ ഇരിക്കുന്നു. അതുകൊണ്ടാണ് ഇസ്ലാം ഒരു ജീവൽമതവും അത് പ്രബോധനം ചെയ്യുന്ന ദൈവം ഒരു ജീവൽദൈവവും ആയിരിക്കുന്നത്. ഈ കാലത്ത് ഇതിന്നുള്ള ഒരു സാക്ഷ്യമാണ് ഈ വിനീതദാസൻ".

*(ചശ്മയെ മസീഹ് 19)*

"വിശുദ്ധ ഖുർആൻ അവതരിപ്പിക്കുകയും റസൂൽതിരുമേനിയെ നിയോഗിച്ചയക്കുകയും ചെയ്ത അല്ലാഹു ഇന്നും ജീവിച്ചിരിപ്പുണ്ട്...... എന്നാൽ ആ പുണ്യാത്മാവിൻെറ മഹനീയ പദവികളെയും സ്ഥാനമാനങ്ങളെയും കുറിച്ചു ലോകം മനസ്സിലാക്കുന്നില്ല. ഈസാനബി ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്ന അജ്ഞന്മാരുടെ അന്ധവിശ്വാസം എന്തുമാത്രം അന്യായമാണ്. എന്നാൽ ജീവിച്ചിരിക്കുന്നതിന്നുള്ള എല്ലാ അടയാളങ്ങളും തെളിവുകളും നമ്മുടെ നബിതിരുമേനിയിലാണ് കാണപ്പെടുന്നത്. ജനങ്ങളുടെ ദൃഷ്ടികളിൽ അദൃശ്യനായിരുന്ന ദൈവത്തെ ഞങ്ങൾക്കു ആ പുണ്യാത്മാവ് മുഖേനയാണ് കാണുവാൻ സാധിച്ചത്. മറ്റുസമുദായങ്ങൾക്കായി അടക്കപ്പെട്ടിരുന്ന വഹ്‌യുടെയും ദൈവഭാഷണത്തിൻെറയും വാതിലുകൾ ആ പുണ്യപുരുഷൻെറ അനുഗ്രഹാശിസ്സുകൾ മുഖേനയാണ് ഞങ്ങൾക്കായി തുറക്കപ്പെട്ടിരുക്കുന്നത്. ഇതരസമുദായങ്ങളിൽ വെറുംകഥകളായവശേഷിച്ചിരുന്ന മഹാത്ഭു

CS Scanned with CamScanner

തങ്ങൾ ഞങ്ങൾക്കു നബികരീം(സ) മൂലമാണ് നേരിട്ടു ദർശിക്കുവാൻ സാധിച്ചത്. എല്ലാ സ്ഥാനമാനങ്ങളെക്കാൾ അതിമഹത്തായ പദവികൾ ഞങ്ങൾക്കാ പ്രവാചകനിൽ ദർശിക്കുവാൻ കഴിഞ്ഞു. എന്നാൽ അത്ഭുതമെന്നു പറയട്ടെ, ലോകം അവിടുത്തെ കണ്ടറിയുന്നില്ല"....

*(ചശ്മയെ മസീഹി 23, 24)*

മുസ്ലിംകളിൽത്തന്നെയുള്ള ചില അല്പജ്ഞാനികളും ഭാഗ്യദോഷികളും അല്ലാഹുവിൻെറ ഹുസ്നൊ ഇഹ്സാന്റെ (ദൈവീക സൌന്ദര്യത്തിൻെറയും ഔദാര്യത്തിൻെറയും) പൂർണ്ണതയെ നിഷേധിക്കുന്നവരാണ്. ദൈവത്തിൻെറ ഒരു സൃഷ്ടിക്ക് ദൈവത്തിന്നു മാത്രമുള്ള ഗുണവിശേഷണങ്ങളുടെ പരിവേഷമണിയിച്ചുകൊണ്ട് ദൈവത്തിൻെറ ഏകത്വത്തിന്നു തന്നെ അവർ കളങ്കമേൽപിക്കുന്നു. അവൻെറ 'വഹ്ദാനിയത്ത്', (ഏകത്വതത്വം) എന്ന പ്രകാശചൈതന്യത്തിന്ന് ഇവരുടെ കൈകടത്തലുകൾ മങ്ങലേല്പിക്കുന്നു. മറുഭാഗത്ത് റസൂൽതിരുമേനിയുടെ നിരന്തരവും നിസ്തുല്യവും ആയ മാഹാത്മ്യത്തിന്നു നഷ്ടമേകിക്കൊണ്ടിരിക്കുകയുമാണിവർ. അതായത് റസൂൽതിരുമേനി ജീവനും ചൈതന്യവും ഉള്ള ദീപമായിട്ടില്ല എന്നും മറ്റാരും അതിൽ നിന്ന് വിളക്ക് കത്തിക്കുവാൻ സാധ്യമാകാത്ത രീതിയിൽ അത് പൊലിഞ്ഞു പോയിരിക്കുന്നുവെന്നും ഇക്കൂട്ടർ കരുതുന്നു. മൂസാനബി ഒരു ജീവസ്സുള്ള വിളക്കായിരുന്നുവെന്നും ആ വിളക്കിൽ നിന്നും നൂറുകണക്കിലുള്ള പ്രവാചകദീപങ്ങൾ ഉണ്ടായി എന്നും അതേപ്രകാരം അദ്ദേഹത്തെ പിൻപറ്റിയ ഈസാമസീഹ് മുപ്പതു വർഷക്കാലം തൌറാത്തിലെ കല്പനകൾ അനുസരിച്ച് മൂസാനബിയുടെ ശരീഅത്തിനെ ശിരസാവഹിച്ചതിൻെറ ഫലമായി അദ്ദേഹത്തിന്നു നുബുവ്വത്താകുന്ന അനുഗ്രഹം ലഭിച്ചു എന്നും ഇവർ ഏറ്റുപറയുന്നു. എന്നാൽ നമ്മുടെ സയ്യിദ് വ മൌലാ ഹസ്രത്ത് നബി കരീം(സ)നെ പിൻപറ്റുന്നത്കൊണ്ട് ആർക്കും ഒരാത്മീയാനുഗ്രഹവും ലഭ്യമാകുന്നില്ല എന്നിവർ പറയുന്നു. ഇക്കൂട്ടർ *'മാകാന മുഹമ്മദുൻ അബാ അഹദിൻ മിൻ രിജാലിക്കും'* എന്നു പറഞ്ഞുകൊണ്ട്

Scanned with CamScanner

നബിതിരുമേനി ഒരു പുരുഷ സന്താനത്തിന്റെയും പിതാവല്ല എന്നു പറയുന്നതോടൊപ്പം മറുഭാഗത്ത് ഒരാത്മീയ സന്തതിയും അദ്ദേഹത്തിന്നുണ്ടാകുന്നതല്ലെന്നും അദ്ദേഹത്തിന്റെ ആത്മീയതയ്ക്ക് അവകാശികൾ ആരുംതന്നെ ഇല്ലെന്നും വിശ്വസിക്കുന്നു. അങ്ങിനെ ഇവരുടെ പക്കൽ *'വലാകിൻ റസൂലല്ലാഹി വഖാതമന്നബിയ്യീൻ'* എന്ന ആയത്ത് അർത്ഥശൂന്യമായി തീരുന്നു.

അറബിഭാഷയിൽ 'ലാകിൻ' എന്ന പദം ഇസ്തിദ്റാക്കിന്നായി (സംശയനിവാരണത്തിന്നായി)ട്ടാണു വരുന്നത്. ഇതനുസരിച്ച് പ്രസ്തുത ആയത്തിന്റെ അർത്ഥവും വിവക്ഷയും ഇപ്രകാരമായിരിക്കും: റസുൽ തിരുമേനിക്ക് ശാരീരികമായ രീതിയിൽ ആൺസന്തതികൾ ആരും ഇല്ലെങ്കിലും അദ്ദേഹത്തിന്ന് ആത്മീയ സന്തതികൾ ധാരാളം ഉണ്ടായിരിക്കുന്നതും അദ്ദേഹം നബിമാർക്ക് മുദ്ര ആയിരിക്കുന്നതുമാണ്. അതായത് ഭാവിയിൽ ഒരുവിധത്തിലുള്ള നുബുവ്വത്തും അദ്ദേഹത്തിന്റെ അനുസരണം എന്ന സാക്ഷിമുദ്രയില്ലാതെ ആർക്കും ലഭിക്കുന്നതല്ല.

പ്രസ്തുത ആയത്തിന്റെ ഈ ശരിയായ അർത്ഥവും വിവക്ഷയും മാറ്റിമറിച്ചുകൊണ്ട് ഇവർ നുബുവ്വത്തിന്റെ അനുഗ്രഹത്തെത്തന്നെ പാടെ നിഷേധിക്കുകയാണ്. ഈ നിഷേധത്തിൽ റസൂൽതിരുമേനിക്ക് അപമാനവും അവഹേളനയും ആണുള്ളതെന്നിവർ ചിന്തിക്കുന്നില്ല.

റസുൽതിരുമേനിയുടെ പൂർണ്ണതയും ശ്രേഷ്ഠതയും നിലകൊള്ളുന്നത് അദ്ദേഹത്തിന്റെ നുബുവ്വത്തിന്റെ പ്രതിച്ഛായയെന്നോണം മറ്റുള്ളവർക്കും ഈ പദവി ലഭിക്കുമെന്നതിലും ആത്മീയമായ രീതിയിൽ മറ്റുള്ളവർക്ക് ശിക്ഷണം നൽകുമെന്നതിലും സംരക്ഷിക്കുന്നതിലും ആണ്. ഇത്തരത്തിലുള്ള ശിക്ഷണത്തിന്നും പരിപാലനത്തിന്നും വേണ്ടിയാണ് പ്രവാചകന്മാർ അവതരിക്കുന്നത്. ഒരു മാതാവിനെപ്പോലെതന്നെ സത്യാന്വേഷികളെ തന്റെ മടിയിലിരുത്തിക്കൊണ്ട് ദൈവ

Scanned with CamScanner

ത്തെ കണ്ടറിയാനുള്ള ഇർഫാനെ ഇലാഹി എന്ന പാൽ കുടിപ്പിക്കുന്നു. റസുൽ തിരുമേനിയുടെ പക്കൽ ഈ പാൽ (നഊദുബില്ലാ) ഇല്ലായിരുന്നുവെങ്കിൽ അദ്ദേഹത്തിൻെറ നബിത്വം തന്നെ സ്ഥാപിതമാകുന്നില്ല. എന്നാൽ അല്ലാഹു വിശുദ്ധ ഖുർആനിൽ അവിടുത്തെ പേർ സിറാജുൻ മുനീർ (വെളിച്ചം തരുന്ന ദീപം) എന്നു വിളിച്ചിരിക്കുന്നു. അതായത് അവിടുന്ന് സ്വയം പ്രകാശിതമാണെന്നു മാത്രമല്ല തൻെറ പ്രകാശത്തിൻെറ പ്രഭാവംകൊണ്ട് മറ്റുള്ളവരെയും തന്നെപ്പോലെ പ്രകാശമുള്ളവരാക്കിത്തീർക്കുന്നു.

റസുൽതിരുമേനിക്ക് ഈ മാഹാത്മ്യം - ആത്മീയചൈതന്യം - ലഭ്യമായിരുന്നില്ലെങ്കിൽ പിന്നെ ലോകത്ത് അദ്ദേഹത്തിൻെറ നിയോഗം തന്നെ വ്യർത്ഥമാണെന്നു (നഊദുബില്ലാ) പറയേണ്ടിവരും. മറുഭാഗത്ത് (നഊദുബില്ലാ) അല്ലാഹുവും തൻെറ ദാസന്മാരെ വഞ്ചിക്കുന്നവനാണെന്നുവരും. അതായത് നുബുവ്വത്തിൻെറ മാഹാത്മ്യങ്ങൾ നിങ്ങൾക്കു ലഭ്യമാകാനായി ഒരു ദുആ *(ഇഹ്ദിനസ്സിറാത്തൽ.....)* പഠിപ്പിച്ചുതരുന്ന അല്ലാഹു ഈ അനുഗ്രഹങ്ങൾ ഒരിക്കലും നിങ്ങൾ നല്കാൻ ഇഷ്ടപ്പെടുന്നില്ല എന്നും എന്നെന്നേക്കുമായി അന്ധകാരത്തിലേക്ക് തള്ളിവിടാൻ ഇച്ഛിക്കുന്നുവെന്നും കരുതേണ്ടതുവരും.

എന്നാൽ അല്ലയോ മുസ്ലിംകളേ! ഈ ചിന്താഗതി നിങ്ങളുടെ അജ്ഞതയും മൌഢ്യവും ആണെന്ന് ഓർത്തുകൊള്ളേണ്ടതാണ്. ഇസ്ലാം ഇത്തരത്തിലുള്ള ഒരു നിർജ്ജീവ മതമാണെങ്കിൽപിന്നെ ഏതൊരു സമുദായത്തെയാണ് നിങ്ങൾ ഇതിലേക്കു ക്ഷണിക്കുന്നത്. ഈ മതത്തിൻെറ ശവത്തെയാണോ നിങ്ങൾ ജാപ്പാനിലും യൂറോപ്പിലും കൊണ്ടുചെല്ലുക? മറ്റു മതങ്ങളെ അപേക്ഷിച്ച് ഒരുവിധത്തിലുള്ള ആത്മീയതയും ദൈവാനുഗ്രഹവും ഇല്ലാത്ത ഈ മതത്തിൽ ഏതൊരു വിഡ്ഢിയാണ് ആഭിമുഖ്യം കാണിക്കുക. പൂർവ്വിക മതങ്ങളിൽ സ്ത്രീകൾക്കുകൂടി അതായത് മൂസാനബിയുടെ മാതാവിന്നും, മറിയമിനും ഇലാഹാമും വഹ്യും ഉണ്ടായിരുന്നു.

Scanned with CamScanner

എന്നാൽ നിങ്ങൾ പുരുഷന്മാരായിട്ടും ആ സ്ത്രീകളോടൊപ്പം നിങ്ങൾക്കെത്താൻ സാധിക്കുന്നില്ല. അല്ലയോ അജ്ഞന്മാരേ! അന്ധന്മാരേ! നമ്മുടെ സയ്യിദ് വ മൌലാ മുഹമ്മദ് മുസ്തഫാ(സ.അ) (ആയിരമായിരം സലാമും സ്വലാത്തും അദ്ദേഹത്തിന്നുണ്ടായിരിക്കട്ടെ) ഒരു അനുഗ്രഹദായകൻ എന്ന നിലയിൽ മറ്റെല്ലാ പ്രവാചകന്മാരെയും അതിജീവിച്ചുകൊണ്ട് അഗ്രഗാമിത്വം ലഭിച്ച ആളാകുന്നു. കാരണം പൂർവ്വിക പ്രവാചകന്മാരുടെ അനുഗ്രഹം ഒരു പരിധിയോളം എത്തി അവസാനിച്ചുപോയി. ഇപ്പോൾ ആ മതങ്ങളും സമുദായങ്ങളും മൃതപ്രായമായിത്തീർന്നിരിക്കുന്നു. അവരിൽ ഒരുവിധത്തിലുള്ള ജീവനും ചൈതന്യവും ഇല്ലതന്നെ. എന്നാൽ റസൂൽതിരുമേനിയുടെ ആത്മീയചൈതന്യം പുനരുത്ഥാന നാൾവരെ പ്രോജ്വലിച്ചുകൊണ്ടിരിക്കുന്നതാണ്. അതുകൊണ്ട് ഈ ആത്മീയാനുഗ്രഹം നിലനില്ക്കുന്നേടത്തോളം കാലം നമുക്കു പുറമെനിന്ന് ഒരു മസീഹും വരേണ്ടുന്ന ആവശ്യമില്ല. മറിച്ച് ആ പുണ്യാത്മാവിൻെറ നിഴലിലും തണലിലും പരിപാലിക്കപ്പെടുന്ന ഒരു സാധാരണ മനുഷ്യൻകൂടി മസീഹായിത്തീരുന്നു. ഈ വിനീതനെ ആക്കിയതുപോലെ"!

*(ചശ്മയെ മസീഹി 55-57)*

"ഇബ്രാഹിമിനോടും ഇസ്ഹാഖിനോടും യഅ്കൂബിനോടും യൂസുഫിനോടും മൂസയോടും മസീഹിബ്നു മർയമിനോടും (അലൈഹിമുസ്സലാം) സംസാരിച്ച, ഹസ്രത്ത് നബികരീമിന്ന് മറ്റെല്ലാ പ്രവാചകന്മാരെക്കാളും ഏറ്റവും പ്രകാശമാനവും പരിശുദ്ധവും ആയ വഹ്യ് ഇറക്കിയ അല്ലാഹുവിൻെറ പേരിൽ ഞാൻ ആണയിട്ടു പറയുകയാണ്, എന്നെ അവൻ തന്നെയാണ് തൻെറ ദൈവികഭാഷണത്താൽ അനുഗ്രഹീതനാക്കിയിരിക്കുന്നത്. എന്നാൽ ഈ ബഹുമതി എനിക്ക് നബിതിരുമേനിയെ പിൻപറ്റിയതുകൊണ്ടു മാത്രം ലഭ്യമായതാണ്. ഞാൻ നബിതിരുമേനിയുടെ ഉമ്മത്തിയും അനുസാരിയും അല്ലായിരുന്നുവെങ്കിൽ ലോകത്തുള്ള സർവ്വപർവ്വതങ്ങൾക്കും സമാനമായത്ര പുണ്യകർമ്മങ്ങൾ ഞാൻ ചെയ്തിരുന്നാലും അല്ലാഹുവിങ്കൽ നിന്നുള്ള മധുരഭാഷണങ്ങളാൽ

CS Scanned with CamScanner

ഞാൻ അനുഗ്രഹിക്കപ്പെടുമായിരുന്നില്ല. എന്തെന്നാൽ മുഹമ്മദിയ്യാ നുബുവ്വത്തൊഴികെ മറ്റെല്ലാ നുബുവ്വത്തുകളും നിർത്തലാക്കപ്പെട്ടിരിക്കുകയാണ്. ശരീഅത്തോടുകൂടിയ ഒരു പ്രവാചകനും ഇനി വരുകയില്ല. ശരീഅത്തില്ലാത്ത നബി വരാവുന്നതാണ്. പക്ഷെ ആ നബി ഒന്നാമതായി തിരുനബി(സ)യുടെ ഉമ്മത്തിയായിരിക്കണം".

*(തജല്ലിയാത്തെ ഇലാഹിയ്യ. 24, 25)*

## ദൈവപുത്രന്മാരും ദൈവവും

"ഇബ്രാഹിം, ഇസ്ഹാക്, ഇസ്മായിൽ, യഅ്ഖൂബ്, യൂസുഫ്, മൂസാ, ദാവൂദ്, സുലൈമാൻ (അലൈഹിമുസ്സലാം) എന്നി പ്രവാചകന്മാരെക്കുറിച്ച് ദൈവഗ്രന്ഥങ്ങളിൽ ആലങ്കാരികമായി ദൈവപുത്രന്മാർ എന്ന് വർണ്ണിച്ചതുപോലെതന്നെ ഹസ്രത്ത് യേശുമിശിഹായെക്കുറിച്ച് ഈ അലങ്കാരപദം പ്രയോഗിക്കപ്പെട്ടിരിക്കുന്നുവെന്ന് കൃസ്ത്യാനികൾ പറയുന്നുവെങ്കിൽ ഒരാക്ഷേപവും വരികയില്ലായിരുന്നു. എന്തെന്നാൽ, പൂർവ്വികപ്രവാചകന്മാരെക്കുറിച്ച് പൂർവ്വികഗ്രന്ഥങ്ങളിൽ ആലങ്കാരികമായി ദൈവപുത്രന്മാർ എന്നു വർണ്ണിക്കുകയുണ്ടായിട്ടുണ്ട്.

നമ്മുടെ നബിതിരുമേനി(സ)യെക്കുറിച്ച് ചില പ്രവചനങ്ങളിൽ ദൈവം എന്നുതന്നെ വിശേഷിപ്പിച്ചതായി കാണാം. വാസ്തവത്തിൽ പ്രസ്തുത പ്രവാചകന്മാർ യഥാർത്ഥത്തിൽ ദൈവപുത്രന്മാരോ റസൂൽ തിരുമേനി(സ) ദൈവമോ ആയിരുന്നില്ല. മറിച്ച് സ്നേഹരൂപേണയുള്ള ആലങ്കാരിക പ്രയോഗങ്ങൾ ദൈവവചനങ്ങളിൽ ധാരാളം കാണപ്പെടുന്നു. ഒരാൾ ദൈവസ്നേഹത്തിൽ തന്നത്താൻ വിസ്മൃതനായിക്കൊണ്ട് തൻെറതായ യാതൊന്നും അവശേഷിക്കാത്ത രീതിയിൽ 'ഫനാ'യുടെ (വിലയനത്തിന്റെ) 'മഖാമി'ൽ (അഗ്രാസനത്തിൽ) ആവിഷ്ടനാകുമ്പോൾ ഇത്തരത്തിലുള്ള പദങ്ങൾ പ്രയോഗിക്കപ്പെടുന്നു. കാരണം ഇത്തരം അവസ്ഥയിൽ തങ്ങളുടെ സത്ത അവിടെ അവശേഷിക്കുന്നില്ല. ഉദാഹരണമായി അല്ലാഹു ഇപ്രകാരം പറയുന്നു:

Scanned with CamScanner

قُلْ يٰعِبَادِيَ الَّذِيْنَ اَسْرَفُوْا عَلٰٓى اَنْفُسِهِمْ لَا تَقْنَطُوْا
مِنْ رَّحْمَةِ اللّٰهِ ۗ اِنَّ اللّٰهَ يَغْفِرُ الذُّنُوْبَ جَمِيْعًا ۗ

*"നീ പറയുക, അല്ലയോ എൻെറ അടിയാറുകളേ! അല്ലാഹുവിന്റെ കാരുണ്യത്തെതൊട്ടു നിങ്ങൾ നിരാശപ്പെടരുത്. അല്ലാഹു എല്ലാ പാപങ്ങളും പെറുത്തരുളുന്നവനാണ്." (39:54)*

നോക്കുക, ഇവിടെ യാ ഇബാദല്ലാഹ് (അല്ലാഹുവിന്റെ അടിയാറുകളേ) എന്നു പറയുന്നതിന്നു പകരമായി യാ ഇബാദി (എൻെറ അടിയാറുകളേ) എന്ന് അഭിസംബോധന ചെയ്യുവാനാണ് കല്പിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ മനുഷ്യൻ അല്ലാഹുവിൻെറ അടിയാറാണ്. മുഹമ്മദു നബിയുടേതല്ല. പക്ഷെ, ഇവിടെ അലങ്കാരോക്തിയാണ് പ്രയോഗിക്കപ്പെട്ടിരിക്കുന്നത്.

അതേവിധം മറ്റൊരിടത്ത് അല്ലാഹു പറയുന്നു:

اِنَّ الَّذِيْنَ يُبَايِعُوْنَكَ اِنَّمَا يُبَايِعُوْنَ اللّٰهَ ۗ يَدُ اللّٰهِ
فَوْقَ اَيْدِيْهِمْ ۚ

*"നിന്നോട് അനുസരണപ്രതിജ്ഞ (ബൈഅത്ത്) ചെയ്യുന്നവർ തീർച്ചയായും അല്ലാഹുവിനോടുതന്നെയാണ് അനുസരണപ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിൻെറ കൈ അവരുടെ കൈകൾക്കുമേലുണ്ട്...." (48:11)*

ഈ വചനത്തിൽ റസുൽതിരുമേനിയുടെ കൈകളെ അല്ലാഹു തൻെറ കൈകളായി ചിത്രീകരിച്ചിരിക്കുന്നു. അതായത്, പ്രത്യക്ഷത്തിൽ അത് അല്ലാഹുവിൻെറ കൈകളായിരുന്നില്ല."

*(ഹഖിഖത്തുൽ വഹ്‌യ്. 66, 67)*

CS Scanned with CamScanner

## ആദരവിൻെറ കിരീടാവകാശി

"ഹസ്രത്ത് മുഹമ്മദുമുസ്തഫാ(സ.) ഒരു പ്രവചനവും ചെയ്തിരുന്നില്ലെന്നു പറയുന്ന കൃസ്തീയ പുരോഹിതന്മാരെ എൻെറ മുമ്പാകെ കൊണ്ടുവരിക. ആ കാലം പക്ഷെ എനിക്ക് മുമ്പെ കഴിഞ്ഞുപോയി എന്നോർക്കുക. ഏറ്റവും അധികം അവഹേളിക്കപ്പെടുകയും അപമാനിക്കപ്പെടുകയും, പാതിരിമാർ ലക്ഷക്കണക്കിലുള്ള ക്ഷുദ്രകൃതികൾ എഴുതി പ്രസിദ്ധപ്പെടുത്തി വ്യാജപ്പെടുത്തുകയും ചെയ്തിരുന്ന ഹസ്രത്ത് മുഹമ്മദ് മുസ്തഫാ(സ.അ) സത്യവാനും സാത്വികരുടെ നേതാവും ആണെന്ന് വ്യക്തമാക്കാൻ അല്ലാഹു ഈ കാലത്ത് ഇച്ഛരിക്കുകയാണ്. അവിടുത്തെ സ്വീകരിക്കുന്നതിൽ ഏറ്റവും അധികം നിഷേധം കാണിക്കപ്പെടുകയുണ്ടായി. എന്നാൽ അവസാനം ബഹുമതിയുടെയും ആദരവിൻെറയും കിരീടം അദ്ദേഹത്തിന്നാണ് ധരിപ്പിക്കപ്പെട്ടിരിക്കുന്നത്".

*(ഹഖീഖത്തുൽ വഹ്യ് 286)*

## റസൂൽതിരുമേനി – ഒരത്ഭുതപ്രതിഭാസം

"അല്ലാഹു അവസാനകാലത്തെ ഈ ഭിന്നതകൾ അവസാനിപ്പിക്കുന്നതിന്നും ലോകത്തുള്ള സകലജനതതികളെയും ഒരേയൊരു വേദഗ്രന്ഥത്തിൽ ഏകോപിപ്പിക്കുന്നതിന്നും ആയി എല്ലാ പൂർവ്വിക ഗ്രന്ഥങ്ങളുടെയും അനുഗ്രഹങ്ങൾ തിരിച്ചെടുക്കുകയുണ്ടായി. ഇതിന്നുള്ള കാരണമെന്താണ്? വിശുദ്ധഖുർആനെയും നബിതിരുമേനി(സ)യെയും സത്യഹൃദയത്തോടുകൂടി പിൻപറ്റുകയും അനുസരിക്കുകയും ചെയ്യുന്നതുകൊണ്ട് മനുഷ്യൻ ഔലിയാക്കാളുടെ (ദൈവസ്നേഹം ലഭിച്ചവരുടെ) ജമാഅത്തിൽ പ്രവേശിക്കുന്നവനായിത്തീരുന്നു. എന്നാൽ പൂർവ്വികഗ്രന്ഥങ്ങൾക്കി പ്രസക്തി ഇല്ല. അതുകൊണ്ടാണ് പ്രസ്തുത ഗ്രന്ഥങ്ങളുടെ അനുയായികൾദൈവസാമീപ്യപ്രാപ്തിക്കുള്ള വഴികളെ നിഷേധിക്കുകയും ആ കറാമത്തുകളെയും മുഅ്ജിസാകളെയും

Scanned with CamScanner

(ദിവ്യാത്ഭുതങ്ങളെയും അത്ഭുതകൃത്യങ്ങളെയും) പറ്റി അപഹസിക്കുകയും ചെയ്യുന്നത്. എന്നാൽ ഇവരുടെ ഈ നഷ്ട ബോധത്തെപ്പറ്റി വിലപിക്കാനല്ലാതെ ഞങ്ങൾക്കിവരുടെ ദയനീയാവസ്ഥയിൽ പരിഹാസമല്ല തോന്നുന്നത്. ഞാനിവിടെ പൂർവ്വകാലകഥകളെ അയവിറക്കുകയല്ല ചെയ്യുന്നത്. എന്റെ വ്യക്തിപരമായ അറിവും അനുഭവവും പകർന്നുതരുവാനാണ് ശ്രമിക്കുന്നത്. എനിക്ക് വിശുദ്ധ ഖുർആനിൽ സുദൃഢമായ ഒരു ശക്തി കാണാൻ സാധിക്കുന്നു. റസുൽതിരുമേനിയെ പൂർണ്ണമായും അനുസരിക്കുകയും പിൻപറ്റുകയും ചെയ്യുന്നതിൽ മറ്റൊരു മതത്തിലും കണ്ടെത്താനാവാത്ത ഒരത്ഭുത പ്രതിഭാസവും ശക്തിയും ഞാൻ ദർശിക്കുന്നു. അവിടുത്തെ യഥാർത്ഥത്തിലുള്ള ഒരനുസാരിക്ക് വിലായത്തിന്റെ മഖാമുകൾ തന്നെ സ്വായത്തമാക്കാൻ സാധിക്കുന്നു. അല്ലാഹു അയാൾക്ക് വാക്കിൽ മാത്രമല്ല പ്രവൃത്തിയിലും താൻ ആകാശഭൂമിയികളുടെ സ്രഷ്ടാവാണെന്നു കാണിച്ചു കൊടുക്കുന്നു.

അപ്പോൾ അയാളുടെ ഈമാൻ (സത്യവിശ്വാസം) ദൂരദൂരങ്ങളിൽ മിന്നിത്തിളങ്ങുന്ന താരകങ്ങളേക്കാൾ ഔന്നത്യം പ്രാപിക്കുന്നതായി അയാൾക്കു തോന്നുന്നു. ഈ കാര്യത്തിൽ ഈ വിനീതൻ അനുഭവജ്ഞനാണ്. അല്ലാഹു എന്നോടു ഭാഷണം നടത്തുന്നു. എന്റെ കൈകളിൽ അവൻ ഒരു ലക്ഷത്തിലധികം അടയാളങ്ങളും ദൃഷ്ടാന്തങ്ങളും കാണിച്ചുതന്നു. ഞാൻ ലോകത്ത് അവതീർണ്ണരായ എല്ലാ പ്രവാചകന്മാരെയും ലോകത്തിലെ എല്ലാ ഗ്രന്ഥങ്ങളെയും ബഹുമാനിക്കുന്നവനാണ്. എന്നാൽ ജീവനുള്ള മതം ഇസ്ലാം മാത്രമാണെന്നു ഞാൻ വിശ്വസിക്കുന്നു. എന്തെന്നാൽ അത് നിമിത്തമാണ് എന്നിൽ അല്ലാഹു പ്രത്യക്ഷനായിരിക്കുന്നത്".

*(ചശ്മയെ മഅ്രിഫ ഭാ. 427, 428)*

Scanned with CamScanner

## ഖാതമുശ്ശറായി (ശരീഅത്തുകളിൽ സർവ്വശ്രേഷ്ഠം)

"അധികം ചിന്തിക്കേണ്ടുന്ന ആവശ്യമില്ലാതെ തന്നെ ഏറ്റവും സ്പഷ്ടവും വ്യക്തവും ആയ രീതിയിൽ ഇസ്ലാം ഒരു സത്യമതമാണെന്നു ഞാൻ സത്യമായും ഉറപ്പിച്ചു പറയുന്നു. കാരണം, ഭൂമുഖത്തുള്ള എല്ലാ അവിശ്വാസികളും ഒരു ഭാഗത്തും ഞാൻ തനിച്ച് മറ്റൊരു ഭാഗത്തും നിന്നുകൊണ്ട് ഏതെങ്കിലും ഒരു കാര്യത്തിൽ അല്ലാഹുവിൻെറ തിരുസന്നിധിയിൽ പ്രാർത്ഥന നടത്തുകയാണെങ്കിൽ അല്ലാഹു എന്നെയായിരിക്കും സഹായിക്കുക. ഞാൻ സർവ്വശ്രേഷ്ഠനാണെന്നല്ല ഇപ്പറഞ്ഞതിൻെറ താല്പര്യം. മറിച്ച് ഞാൻ അല്ലാഹുവിൻെറ തിരുദൂതർ(സ.) തിരുമേനിയിൽ പരിപൂർണ്ണമായും സത്യഹൃദയത്തോടെ വിശ്വാസമർപ്പിച്ചതിൻെറ ഫലമാണിതെന്നുസാരം. എല്ലാ നുബുവ്വത്തുകളും തിരുനബിയിൽ സമാപിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ ശരീഅത്ത് ഖാതമുശ്ശറായി (ശരീഅത്തുകളിൽ സർവ്വശ്രേഷ്ഠം) ആണ്. അദ്ദേഹത്തിൻെറ ദീപത്തിൽ നിന്നും വെളിച്ചം പകർന്നുകൊണ്ടുള്ള നുബുവ്വത്ത് അവസാനിക്കുന്നില്ല. കാരണം അത്തരത്തിലുള്ള നുബുവ്വത്തും മുഹമ്മദീ നുബുവ്വത്ത് തന്നെയാണ്. അതായത് അത് മുഹമ്മദി നുബുവ്വത്തിൻെറ പ്രതിരൂപവും പ്രതിച്ഛായയും ആണ്. വിശുദ്ധ ഖുർആൻ ദുർബലപ്പെട്ടുപോയി എന്നു പറയുകയും മുഹമ്മദീ ശ്‌രീഅത്തിന്നെതിരായി ജീവിക്കുകയും തൻെറ ശരീഅത്ത് നടപ്പിലാക്കാൻ ശ്രമിക്കുകയും റസൂൽ തിരുമേനി(സ)യെ അനുഗമിക്കാൻ കൂട്ടാക്കാതെ തന്നെ പ്രത്യക്ഷപ്പെടുത്തിക്കാണിക്കുവാൻ യത്നിക്കുകയും ചെയ്യുന്ന ആളുടെ ശത്രു അല്ലാഹുവാണ്.

എന്നാൽ തൻെറ ജീവിതലക്ഷ്യമായി വിശുദ്ധ ഖുർആനെ സ്ഥാപിക്കുകയും അല്ലാഹുവിൻെറ തിരുദൂതർ ഹ:മുഹമ്മദു മുസ്തഫാ(സ) തിരുമേനിയെ യഥാർത്ഥത്തിൽ ഖാതമുൽ അമ്പിയാ ആണെന്നു വിശ്വസിക്കുകയും അദ്ദേ

Scanned with CamScanner

ഹത്തിൻെറ ഔദാര്യത്തെയും അനുഗ്രഹത്തെയും ആശ്രയിക്കുകയും ചെയ്യുന്ന ആളെ അല്ലാഹു ഇഷ്ടപ്പെടുകയും സ്നേഹിക്കുകയും ചെയ്യുന്നു. അത്തരത്തിലുള്ള ആൾ ദൈവസന്നിധിയിൽ പ്രീതനായി മാറുന്നു. ദൈവസ്നേഹപ്രാപ്തി എന്നത് കൊണ്ടുള്ള ഉദ്ദേശ്യം, അവൻ അയാളെ തന്നിലേക്കാകർഷിക്കുകയും അയാളെ തൻെറ മധുരഭാഷണംകൊണ്ടനുഗ്രഹിക്കുകയും അയാൾക്കനുകൂലമായ ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുകയും ചെയ്യുന്നുവെന്നതാണ്. ഈ അനുസരണവും അനുകരണവും പരിപൂർണ്ണത പ്രാപിക്കുമ്പോൾ അയാൾക്ക് മുഹമ്മദു(സ)യുടെ പ്രതിബിംബവും പ്രതിച്ഛായയും ആയ നുബുവ്വത്ത് പദവി പ്രദാനം ചെയ്യപ്പെടുന്നു. ഇസ്ലാം ഇത്തരത്തിലുള്ളവർ മുഖേനയാണ് നവീകരിക്കപ്പെടുന്നത്. അങ്ങിനെ ഇവർ മുഖേന ഇസ്ലാം എപ്പോഴും അതിൻെറ എതിരാളികളെ അതിജീവിക്കുന്നു. ഇസ്ലാമിൽ ദൈവികഭാഷണം നിലനില്ക്കുന്നു എന്ന യാഥാർത്ഥ്യം മനസ്സിലാക്കാത്ത അറിവില്ലാത്തവർ വാസ്തവത്തിൽ ഇസ്ലാമിൻെറ ശത്രുക്കളാകുന്നു. ഇസ്ലാം ഇതരമതങ്ങളെപ്പോലെ മൃതപ്രായമായിരിക്കേണമെന്നാണവർ കരുതുന്നത്. എന്നാൽ അല്ലാഹു അപ്രകാരം ഇച്ഛരിക്കുന്നില്ല".

*(ചശ്മയെ മഅ്രിഫ 324-325)*

## ഖതമുന്നുബുവ്വത്ത് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം

"നമ്മുടെ യജമാനൻ ഹഃമുഹമ്മദു മുസ്തഫാ(സ.അ) അല്ലാഹുവിൻെറ തിരുദൂതരും പ്രവാചകോത്തമനും ആണെന്നും അവിടുന്ന് കൊണ്ടുവന്ന മതം മറ്റെല്ലാ മതങ്ങളെക്കാളും സർവ്വശ്രേഷ്ഠമാണെന്നും ഞാൻ വിശ്വസിക്കുന്നു. ഹസ്രത്ത് റസൂൽ കരീം(സ) ഖാതമുൽ അമ്പിയാ ആണെന്നും അദ്ദേഹത്തിന്നുശേഷം അദ്ദേഹത്തിൽനിന്നും ശിക്ഷണവും അനുഗ്രഹവും ലഭിച്ച ആൾക്ക് മാത്രമെ പ്രവാചകത്വപദവി ലഭിക്കുകയുള്ളുവെന്നും ആ ആൾ തിരുനബിയുടെ പ്രവചനമനുസരിച്ച് വന്ന ആളായിരിക്കണമെന്നും അല്ലാ

Scanned with CamScanner

തെ മറ്റൊരു പ്രവാചകനും വരുന്നതല്ലെന്നും ഞാൻ വിശ്വസിക്കുന്നു.

ഖതമുന്നുബുവ്വത്ത് എന്നതുകൊണ്ടുള്ള അർത്ഥം പ്രവാചകത്വത്തിൻെറ എല്ലാ പൂർണ്ണതകളും പ്രവാചകശിരോമണിയായ നമ്മുടെ നബിവര്യനിൽ അവസാനിച്ചിരിക്കുന്നുവെന്നാണ്. നബിതിരുമേനിയുടെ ഉമ്മത്തിൽനിന്നും അദ്ദേഹത്തെ പരിപൂർണ്ണമായും പിന്തുടരുകയും ആ പുണ്യാത്മാവിൽ നിന്നും ആത്മീയചൈതന്യം ലഭിക്കുകയും ചെയ്തവർക്ക് മാത്രമെ തിരുനബിക്കുശേഷം നബിത്വം ലഭിക്കുകയുള്ളുവെന്നും അല്ലാതെ കണ്ടുള്ള മറ്റൊരു നബിയും വരുന്നതല്ലെന്നും നാം വിശ്വസിക്കുന്നു....... ഇത് അദ്ദേഹം അബ്തർ (ആൺസന്താനരഹിതൻ) അല്ല എന്നതിന്നുള്ള മഹത്തായ തെളിവാണ്. ചിന്തിക്കുന്നവർക്ക് ഇതിൻെറ വിശദീകരണത്തിൻെറ ആവശ്യമില്ല. കാരണം നബിതിരുമേനി(സ) ശാരീരികമായി ഒരു പുരുഷൻെറയും പിതാവല്ല. എന്നാൽ തൻെറ നുബുവ്വത്തിൻെറ പരിപൂർണ്ണത നിമിത്തം ആത്മീയ ശിക്ഷണം ലഭിച്ചവരുടെ പിതാവാണ്. ആ പുണ്യാത്മാവ് എല്ലാ നബിമാരുടെയും ഖാതമും എല്ലാ സുകൃതവാന്മാരുടെയും നായകനും ആണ്. അവിടുത്തെ സാക്ഷിമുദ്ര(ഖാതം) ഇല്ലാതെയും അദ്ദേഹത്തിൻെറ ചര്യകളെ പിൻപറ്റാതെയും ആർക്കും അല്ലാഹുവിൻെറ തിരുസന്നിധിയെ പ്രാപിക്കാൻ സാധ്യമല്ല. അവിടുത്തെ മതത്തിലും ശരീഅത്തിലും സുദൃഢമായി നിലനില്ക്കാതെ ഒരു സൽക്കർമ്മവും ഒരു ആരാധനയും സ്വീകാര്യമാകുന്നതല്ല. അദ്ദേഹത്തെ ഉപേക്ഷിക്കുകയും തൻെറ കഴിവിന്റെ പരമാവധിവരെ തിരുമേനിയുടെ ചര്യകളെ സ്വായത്തമാക്കാതിരിക്കുകയും ചെയ്യുന്നവർ നാശഗർത്തത്തിൽ പതിക്കുന്നു. തിരുനബിക്ക് ശേഷം ഇനി പുതിയൊരു ന്യായപ്രമാണവും ഉണ്ടാകുന്നതല്ല. അവിടുന്ന് കൊണ്ടുവന്ന ഗ്രന്ഥത്തിലും അവിടുത്തെ കല്പനകളിലും ഭേദഗതിവരുത്തുകയും അതിൽ ഏതെങ്കിലും ഒന്നു ദുർബലപ്പെടുത്തുകയും ചെയ്യുന്ന ഒന്നുംതന്നെ ഇനി ഉണ്ടാകുന്നതല്ല....... വിശുദ്ധ ഖുർആൻെറ കല്പനകൾ അനുസരിക്കുന്നതിൽ നിന്നും ഒരണു

Scanned with CamScanner

വെങ്കിലും പുറത്തുപോകുന്ന ആൾ ഈമാൻെറ വലയത്തിൽ നിന്നും പുറത്തുപോകുന്നതായിരിക്കും. റസൂൽതിരുമേനിയുടെ കല്പനകൾ അനുസരിക്കാത്ത ആൾക്ക് ഒരിക്കലും വിജയിക്കുവാനോ മോക്ഷം പ്രാപിക്കുവാനോ സാധിക്കുന്നതല്ല. അദ്ദേഹത്തിൻെറ കല്പനകളിൽ നിന്നും അണുമാത്രയെങ്കിലും അകന്നു നില്ക്കുന്നയാൾ നാശഗർത്തത്തിൽപതിക്കുന്നതാണ്. ഈ ഉമ്മത്തിൽപെട്ട ആളായിരുന്നിട്ടും ആരെങ്കിലും റസൂൽതിരുമേനിയുടെ അദ്ധ്യാപനങ്ങൾക്കും ശിക്ഷണങ്ങൾക്കും എതിരായി നിന്നുകൊണ്ട് നുബുവ്വത്ത് വാദിക്കുകയും വിശുദ്ധ ഖുർആൻ ഖാതമുശ്ശരീഅത്താണെന്നു കരുതാതിരിക്കുകയും ചെയ്യുന്നുവോ ആ ആൾ നാശകാരിയും കാഫിറും ഫാജിറും ആണ്.

താൻ നബിതിരുമേനിയുടെ ശരീഅത്ത് എന്ന പൂന്തോട്ടത്തിലെ പഴവും ആ വർഷജലത്തിൻെറ ഒരു തുള്ളിയും ആ പ്രഭാപൂരത്തിൽ നിന്നും നിർഗ്ഗമിച്ച ഒരു പ്രകാശകിരണവും ആണെന്നു വാദിക്കാതെ നുബുവ്വത്ത് വാദം പുറപ്പെടുവിക്കുന്നവനാരോ അവൻ ശപിക്കപ്പെട്ടവനാണ്. ഇനി ആകാശത്തിനു കീഴിൽ നമ്മുടെ നബിതിരുമേനി(സ)യുടെ നുബുവ്വത്തിന്നതീതനായി അദ്ദേഹത്തിൽ നിന്നകന്നുനില്ക്കുന്ന ആർക്കുംതന്നെ നബിയാകാൻ സാധ്യമല്ല. അതെപ്രകാരം വിശുദ്ധ ഖുർആനെ കൂടാതെ മറ്റൊരു ഗ്രന്ഥവും നമുക്കു മാർഗ്ഗദർശകമായിട്ടില്ലതാനും. ഇതിന്നെതിരായി നില്ക്കുന്ന ആൾ സ്വയം നരകത്തിൽ എടുത്തുചാടുകയത്രെ".

*(മവാഹിബുർ റഹ്മാൻ 66-69)*

## നിസ്തുലനായ വിപ്ലവകാരി

"നിസ്സഹായനും നിർധനനും ശക്തിഹീനനും നിരക്ഷരനും അനാഥനും ഏകാന്തനും ആയ വ്യക്തി, സമ്പത്തും ഐശ്വര്യവും സൈനികശക്തിയും ബുദ്ധിവൈഭവവും ഏറ്റവും തികഞ്ഞുനിന്ന ജനതകൾ വാണുവിലസിയ ഒരു കാലത്ത് വലിയ വലിയ ജ്ഞാനികളും തത്വചിന്തകരും ആയി ഞെളി

CS Scanned with CamScanner

ഞ്ഞു നടന്നവരെയെല്ലാം ഉത്തരം മുട്ടിക്കുകയും നിരുദ്ധകണ്ഠരാക്കുകയും ചെയ്തു എന്നത് അത്ഭുതാവഹമായ കാര്യമല്ലേ? കൂടാതെ നിസ്സഹായവും ദുർബ്ബലവും ആയ അവസ്ഥയിലായിരുന്നിട്ടുകൂടി ചക്രവർത്തിമാരുടെ സിംഹാസനങ്ങളെ മറിച്ചിടുകയും ആ സിംഹാസനങ്ങളിൽ പാവപ്പെട്ടവരെ ഉപവിഷ്ടരാക്കുകയും ചെയ്യാൻ കഴിഞ്ഞത് ദൈവികമായ പിന്തുണകൊണ്ടല്ലാതെ പിന്നെയെന്തുകൊണ്ടായിരുന്നു? അപ്രകാരം ദൈവികപിന്തുണ കൂടാതെ മുഴുവൻ ലോകത്തെയും ബുദ്ധികൊണ്ടും ജ്ഞാനംകൊണ്ടും ശക്തികൊണ്ടും അധികാരം കൊണ്ടും കീഴ്പ്പെടുത്തുക സാധ്യമാണോ?

റസൂൽ(സ)തിരുമേനി ആരംഭത്തിൽ താൻ നബിയാണെന്ന് മക്കാനിവാസികളുടെ മുമ്പാകെ പ്രഖ്യാപിച്ചപ്പോൾ അദ്ദേഹത്തിൻെറ കൂടെ ആരാണുണ്ടായിരുന്നത്? മുഴുവൻ ലോകത്തെയും എതിരിടുവാൻ ഏതൊരു ചക്രവർത്തിയുടെ ഖജനാവായിരുന്നു അവിടുത്തെ സ്വാധീനത്തിൽ ഉണ്ടായിരുന്നത്? ലോകത്തുള്ള ചക്രവർത്തിമാരെ എതിർത്തു തോല്പിക്കാൻ തക്കവണ്ണം ഏതൊരു സൈന്യത്തെയായിരുന്നു അവിടുന്ന് അപ്പോൾ സജ്ജീകരിച്ചിരുന്നത്? ആ അവസരത്തിൽ തിരുമേനി ഭൂമുഖത്ത് ഏകനും നിരാലംബനും ദുർബ്ബലനും ആയിരുന്നുവെന്ന യാഥാർത്ഥ്യം നമ്മുടെ എതിരാളികൾകൂടി സമ്മതിക്കുന്ന ഒന്നാണ്. ഒരു മഹത്തായ ഉദ്ദേശ്യ നിർവഹണത്തിന്നായി അദ്ദേഹത്തെ നിയോഗിച്ച അല്ലാഹുവായിരുന്നു അദ്ദേഹത്തിൻെറ കൂടെയുണ്ടായിരുന്നത്".

*(ബറാഹീൻ അഹ്മദിയ്യ Vol I 127)*

"ഞാൻ എപ്പോഴും അത്ഭുതദൃഷ്ടികളോടെയാണു നോക്കിക്കാണുന്നത്. മുഹമ്മദു എന്നു പേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സ്തോത്രങ്ങൾ അദ്ദേഹത്തിന്റെ മേൽ വർഷിക്കുമാറാകട്ടെ) എത്രമേൽ ഉൽകൃഷ്ട പദവിയാർന്ന നബിയാണ്! അദ്ദേഹത്തിൻെറ ഔന്നത്യത്തിൻെറ അറ്റം കണ്ടെത്തുവാൻ ആർക്കും സാധ്യമല്ലതന്നെ. അവിടുത്തെ ദിവ്യശക്തിപ്രഭാവം കണക്കാക്കുക മനുഷ്യൻെറ

Scanned with CamScanner

കഴിവിൽപെട്ടതല്ല. അഹോ കഷ്ടം! അങ്ങയുടെ യഥാർത്ഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുന്നില്ല. ലോകത്ത്നിന്ന് തികച്ചും അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്ന ആ തൌഹിദ് (ഏകദൈവവിശ്വാസം) വീണ്ടും ഈ ലോകത്ത് തിരിച്ചു കൊണ്ടുവന്ന വീരാത്മാവ് അദ്ദേഹമത്രെ! തിരുനബി(സ) അല്ലാഹുവിനോട് അങ്ങേ അറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപ്പണം ചെയ്തു. അദ്ദേഹത്തിൻെറ ഹൃദയരഹസ്യം അറിഞ്ഞിരുന്ന അല്ലാഹു മുമ്പുള്ളവരും പിമ്പുള്ളവരും ആയ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അദ്ദേഹത്തിന്നു നൽകുകയും അദ്ദേഹത്തിൻെറ എല്ലാ ആഗ്രഹങ്ങളും ഉദ്ദേശ്യങ്ങളും അദ്ദേഹത്തിൻെറ ജീവിതത്തിൽത്തന്നെ അദ്ദേഹത്തിന്ന് സാധിപ്പിച്ചു കൊടുക്കുകയും ചെയ്തു. എല്ലാ നന്മകളുടെയും ഉറവിടം അവിടുന്ന് മാത്രമാണ്. അവിടുത്തെ ഔദാര്യവും അനുഗ്രഹവും ഇല്ലാതെ തനിക്ക് ആത്മീയാനുഗ്രഹം ലഭിച്ചുവെന്നാരെങ്കിലും വാദിക്കുന്നുവെങ്കിൽ അയാൾ മനുഷ്യനല്ല പിശാചിൻ്റെ സന്തതിയാണ്. കാരണം എല്ലാ നന്മകളുടെയും താക്കോൽ അദ്ദേഹത്തിന്നു നൽകപ്പെട്ടിരിക്കുന്നു. എല്ലാ ദൈവികജ്ഞാനങ്ങളുടെയും ഖജനാവ് അദ്ദേഹത്തിന്നു ലഭ്യമായിരിക്കുന്നു. അദ്ദേഹത്തിൽനിന്നു ഈ അനുഗ്രഹം ലഭിക്കാത്ത ആൾ നഷ്ടപ്പെട്ട ആളാണ്. നാമെന്ത്, നമ്മുടെ യാഥാർത്ഥ്യമെന്ത് യഥാർത്ഥത്തിലുള്ള ഏകദൈവതത്വം നമുക്ക് ആ പുണ്യാത്മാവിൽ നിന്നാണ് ലഭ്യമായിരിക്കുന്നതെന്നും, ദൈവത്തെ കണ്ടറിയാനുള്ള ഭാഗ്യം ആ പരിപൂർണ്ണ പ്രവാചകൻമൂലവും അവിടുത്തെ ആത്മീയ പ്രകാശംവഴിയും ആണ് നമുക്കു ലഭിച്ചിരിക്കുന്നതെന്നും ഉള്ള യാഥാർത്ഥ്യം ഏറ്റുപറയുന്നില്ലെങ്കിൽ നാം വളരെയധികം കൃതഘ്നത കാണിക്കുന്നവനായിരിക്കുന്നതാണ്. അല്ലാഹുവിൻെറ മുഖാരവിന്ദം ദർശിക്കുവാനുള്ള ഭാഗ്യവും അവൻെറ മധുരഭാഷണം ലഭിക്കുവാനുള്ള ബഹുമതിയും നമുക്കു ആ പുണ്യാത്മൻ (സ.അ.) മൂലമാണ് ലഭിച്ചിരിക്കുന്നത്. ആ ഹിദായത്തിൻെറ സൂര്യനിൽ നിന്നുള്ള പ്രകാശകിരണങ്ങൾ നമ്മിൽ

CS Scanned with CamScanner

പതിച്ചുകൊണ്ടിരിക്കുന്നു. ആ പ്രകാശത്തിന്നു നേരെ നിന്നാൽ മാത്രമേ നമുക്കും പ്രകാശിതരാകാൻ സാധിക്കുകയുള്ളൂ".

*(ഹഖിഖത്തുൽ വഹ്യ് 118, 119)*

## നിസ്തുലപ്രവാചകൻ

"നബിതിരുമേനി(സ)യെ കൂടാതെ ലോകത്തിതേവരെ അവതീർണ്ണരായ എല്ലാ പ്രവാചകന്മാരെയും ഒന്നായി നിറുത്തി തിരുമേനി(സ) ചെയ്ത അതിമഹത്തായ പ്രവൃത്തികളും സംസ്കരണവും ചെയ്യിക്കുവാൻ നോക്കുകയാണെങ്കിൽ ഒരിക്കലും അവരെക്കൊണ്ട് അത് സാധ്യമല്ല എന്നതാണെൻെറ ദൃഢവിശ്വാസം. അവരിൽ റസുൽതിരുമേനിക്കുണ്ടായിരുന്ന ഹൃദയവും ആർജ്ജവശക്തിയും ഇല്ലായിരുന്നു. ഞാനിങ്ങനെ പറയുക കാരണം ഞാൻ ഇതരപ്രവാചകന്മാരെപ്പറ്റി മര്യാദകേടു കാണിച്ചുവെന്നു ആരെങ്കിലും പറയുകയാണെങ്കിൽ അവർ എന്നിൽ വ്യാജാരോപണമാണ് ചെയ്യുന്നത്. എല്ലാ നബിമാരെയും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നത് ഞാൻ എന്റെ ഈമാന്റെ ഭാഗമായി ഗണിക്കുന്നു. എന്നാൽ മറ്റുപ്രവാചകന്മാരെ അപേക്ഷിച്ച് ഹഃനബികരിം(സ)യ്ക്കുള്ള മാഹാത്മ്യം എൻെറ ഈമാൻെറ സിംഹഭാഗമായും എൻെറ ഹൃദയത്തിലും നാഡീഞരമ്പുകളിലും നിറഞ്ഞിരിക്കുന്നതുമായ കാര്യമാണ്. എൻെറ ഹൃദയത്തിൽ നിന്നും അതിനെ നിഷ്കാസനം ചെയ്യുവാൻ ഞാൻ അശക്തനത്രെ. ഭാഗ്യദോഷികളും കണ്ണുകാണാൻ പാടില്ലാത്തവരും എന്തു വേണമെങ്കിലും പറഞ്ഞുകൊള്ളട്ടെ. നമ്മുടെ നബികരിം(സ) ചെയ്തത് പോലുള്ള അതിമഹത്തായ കാര്യങ്ങൾ ഈ നബിമാരെല്ലാം തനിച്ചോ ഏകോപിച്ചോ നിന്നാലും ചെയ്യുവാൻ സാധിക്കുന്നതല്ല. ഇത് അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹംതന്നെയാണ്!"

*(അൽഹക്കം 17-1-1901)*

Scanned with CamScanner

## സുശക്തപർവ്വത പ്രതീകം

"മക്കയിൽ 13വർഷം റസൂൽതിരുമേനിക്ക് കഴിച്ചുകൂട്ടേണ്ടിവന്ന കാലഘട്ടത്തിൽ ആ പുണ്യാത്മാവിന്ന് അനുഭവിക്കേണ്ടിവന്ന ഭയാനകമായ കഷ്ടപ്പാടുകളെക്കുറിച്ച് സങ്കല്പിക്കുവാൻ തന്നെ സാധിക്കുന്നതല്ല. അവയെക്കുറിച്ച് സങ്കല്പിക്കുമ്പോൾതന്നെ ഹൃദയം പ്രകമ്പിതമാകുന്നു. ഇതിൽനിന്നു റസൂൽതിരുമേനിയുടെ മഹോന്നതമായ ധൈര്യവും ഹൃദയവിശാലതയും സ്ഥിരചിത്തതയും മനസ്സിലാക്കാൻ സാധിക്കുന്നു. കഷ്ടപ്പാടുകളുടെ പർവ്വതങ്ങൾ തന്നെ അദ്ദേഹത്തിന്റെ ശരിരത്തിൽ വീണുകൊണ്ടിരുന്നിട്ടും ഒരല്പം കൂടി അദ്ദേഹം ചഞ്ചലചിത്തനായിരുന്നില്ല. അത്രമാത്രം സുശക്തമായ ഒരു പർവ്വതം കണക്കെയായിരുന്നു അദ്ദേഹം. തൻെറ കർത്തവ്യനിർവ്വഹണത്തിൽ അദ്ദേഹം അല്പംകൂടി ഉദാസീനത കാണിക്കുകയോ ദു:ഖിതനാവുകയോ ചെയ്തില്ല. ആ കഷ്ടപ്പാടുകൾ അദ്ദേഹത്തിൻെറ ഉദ്ദേശ്യങ്ങളിൽ ഒരു മാറ്റവും ഏർപ്പെടുത്തിയില്ല. റസൂൽതിരുമേനി അല്ലാഹുവിൻെറ തിരുദൂതരും ഇഷ്ടദാസനും ആയിരിക്കെ ഇത്തരത്തിലുള്ള ആപത്തുകളും കഷ്ടപ്പാടുകളും എന്തിനുണ്ടായി എന്ന് ചിലർ തങ്ങളുടെ സംശയം പ്രകടിപ്പിക്കാറുണ്ട്. എനിക്കവരോട് പറയുവാനുള്ളത് ഇതാണ്: ഏതുവരെ ഭൂമിയിൽ കുഴികുഴിക്കുന്നില്ലയോ അതുവരെ ഭൂമിയിൽ നിന്ന് എപ്പോഴാണ് ശുദ്ധജലപ്രവാഹം ഉണ്ടാവുക? എത്ര വാര ആഴത്തിൽ കുഴിച്ചതിന്നു ശേഷമാണ് നല്ലവെള്ളം ലഭിക്കുക? അതുപോലെ ഏതുവരെ അല്ലാഹുവിൻെറ വഴിയിൽ പലവിധ കഷ്ടപ്പാടുകളും പരിക്ഷണങ്ങളും പരിപൂർണ്ണ സ്ഥിരചിത്തതയോടും ധൈര്യത്തോടും തരണം ചെയ്യുന്നില്ലയോ അതുവരെ അവാച്യമായ ആനന്ദാനുഭൂതി പ്രാപ്തമാകുന്നില്ല. ഈ ആനന്ദാനുഭൂതിയെക്കുറിച്ചറിവില്ലാത്തവർക്ക് ഇത്തരം പരിക്ഷണങ്ങളിലുണ്ടാകുന്ന മന:സംതൃപ്തിയെക്കുറിച്ച് ഒന്നും അറിയാനോ അനുഭവിക്കാനോ സാധ്യമല്ല. ഈ കഷ്ടപ്പാടുകൾ നേരിടുമ്പോൾ ആന്തരികമായ ദേഹത്തിന്നുണ്ടാകുന്ന സന്തോഷത്തെയും ആനന്ദത്തെയും കുറിച്ച് ഇവർക്കെന്തെറിയും? അല്ലാഹുവിലു

ള്ള പൂർണ്ണവിശ്വാസവും സ്നേഹവും സഹായവും ഒരാളിൽ യഥാർത്ഥ ഈമാൻ സംജാതമാക്കുന്നു".

*(അൽഹക്കം 30-6-1901)*

## അനുഗ്രഹങ്ങളുടെ ഉറവിടം

"എല്ലാ അനുഗ്രഹങ്ങളും മുഹമ്മദുമുസ്തഫാ(സ) തിരുമേനിയിൽ സമ്മിളിതമായിരിക്കുന്നു. വിദ്യ നൽകുന്ന റസൂൽതിരുമേനിയും തിരുമേനിയിൽനിന്നു വിദ്യ അഭ്യസിക്കുന്ന ആളും അനുഗൃഹീതരത്രെ".

*(ഇൽഹാം ബറാഹീനെ അഹ്മദിയ്യാ Vol III)*

## ഒരു മഹൽദർശനം

"ഒരു രാത്രിയിൽ ഞാനെന്തോ എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ഞാൻ നിദ്രാധീനനായിപ്പോയി. അപ്പോൾ എനിക്കു ദർശനത്തിൽ റസൂൽ തിരുമേനി(സ)യെ കാണാൻ സാധിച്ചു. അവിടുത്തെ മുഖാരവിന്ദം പൂർണ്ണചന്ദ്രനെപ്പോലെ വെട്ടിത്തിളങ്ങുന്നുണ്ടായിരുന്നു. അവിടുന്ന് എൻെറ അടുക്കെവന്നു എന്നെ കെട്ടിപ്പുണരുകയുണ്ടായി. ആ അവസരത്തിൽ തിരുനബിയുടെ മുഖത്തുനിന്നും പ്രകാശകിരണങ്ങൾ നിർഗമിച്ചു എൻെറ ഹൃദയത്തിൽ പ്രവേശിക്കുന്നതായി ഞാനറിഞ്ഞു. ആ കിരണങ്ങൾ ആത്മീയദൃഷ്ടികളോടെയല്ല പ്രത്യക്ഷത്തിൽത്തന്നെ ഞാൻ കാണുകയായിരുന്നു. ഈ ആലിംഗനത്തിന്നുശേഷം അവിടുന്ന് എന്നിൽനിന്നും അകന്നതായിട്ടോ അവിടെനിന്നും പുറത്തുപോയതായിട്ടോ എനിക്കുകാണാൻ സാധിച്ചില്ല. അതിന്നുശേഷം എനിക്കിപ്രകാരം ഇൽഹാം ഉണ്ടായി:

يَا اَحْمَدُ بَارَكَ اللّٰهُ فِيْكَ ۔ اَلرَّحْمٰنُ عَلَّمَ
الْقُرْاٰنَ لِتُنْذِرَ قَوْمًا مَّا اُنْذِرَ اٰبَاءُهُمْ
وَلِتَسْتَبِيْنَ سَبِيْلُ الْمُجْرِمِيْنَ ۔ قُلْ اِنِّيْ
اُمِرْتُ وَ اَنَا اَوَّلُ الْمُؤْمِنِيْنَ

*(ആയിനയെ കമാലാത്തെ ഇസ്ലാം ഭാ: 550)*

CS Scanned with CamScanner

## ദിവ്യശക്തിപ്രഭാവം

"നബി(സ) തിരുമേനിയുടെ ദിവ്യശക്തിപ്രഭാവത്തിന്നു സമാനനായോ അവിടുത്തെ കിടപിടിക്കത്തക്കതായോ ഒരു പ്രവാചകനും ഇല്ലെന്നത് സംശയരഹിതമായ വസ്തുതയാണ്. മലക്കുകൾക്കു കൂടി ആ ഔന്നത്യം എത്തിപ്പിടിക്കുവാൻ സാധ്യമല്ല. ആ സ്ഥിതിക്ക് മറ്റുള്ളവർക്ക് ആ പരിപൂർണ്ണതയുമായി എന്തു താരതമ്യമാണുണ്ടാവുക?"

*(ബറാഹീൻ അഹ്മദിയ്യ III, 242)*

## ശത്രുവിന്ന് പൊതുമാപ്പ്!

"നമ്മുടെ നബികരീം(സ.അ) എല്ലാവിധത്തിലുള്ള അധികാരങ്ങളും ശക്തികളും ആർജ്ജിച്ചു സർവ്വാധികാരിയായി മക്കയിൽ പ്രവേശിച്ചപ്പോൾ അവിടുത്തെ ആജന്മശത്രുക്കളും രക്തദാഹികളുമായിരുന്നവരെ തൻെറ മുമ്പാകെ ഹാജരാക്കി, *ഇന്നു നിങ്ങൾക്ക് ഒരു കുറ്റാരോപണവും ഇല്ല* (12:93) എന്നു പ്രഖ്യാപിക്കുകയുണ്ടായി. തിരുമേനി ദൈവനിയുക്തനായി ആഗതനായ ഘട്ടത്തിൽ ആക്രമവും അനീതിയും ബിംബാരാധനയും അതിൻെറ പാരമ്യത്തിൽ എത്തിയിരുന്നു. *കരയും കടലും ഒരുപോലെ ദുഷിച്ചുപോയിരുന്നു*വെന്ന് വിശുദ്ധഖുർആൻ തന്നെ സാക്ഷിപറഞ്ഞിരുന്നു. അവിടുന്ന് ആഗതനായത് ഇത്തരമൊരു കാലഘട്ടത്തിലായിരുന്നു. എന്നാൽ അവിടുത്തേക്ക് *(ജനങ്ങൾ കൂട്ടംകൂട്ടമായി അല്ലാഹുവിൻെറ മതത്തിൽ പ്രവേശിക്കുന്നതായി നീ കാണുന്നതാണ്)* എന്ന ആശ്വാസവചനം സ്വന്തം കണ്ണുകൾകൊണ്ടുതന്നെ കാണാൻ സാധിച്ചു. ഇത്തരത്തിലുള്ള ഒരു ദൃഷ്ടാന്തം. ലോകത്തെവിടെയും കാണുക സാധ്യമല്ല. ഈ ഒരു പരിപൂർണ്ണതയെ സ്ഥാപിക്കുവാനായിരുന്നു ആ പുണ്യപുരുഷൻ ആഗതനായിരുന്നത് തന്നെ. അതദ്ദേഹം പൂർത്തികരിച്ചുകാണിച്ചുതന്നു. ഹസ്രത്ത് ഈസാ(അ) കുരിശിൻെറ മുഖം നോക്കിനിന്നു. അദ്ദേഹത്തിന്നു കൃസ്തീയ വിശ്വാസമനുസരിച്ച് ജൂതന്മാരിൽ നിന്ന് തന്നെത്തന്നെ മോചിപ്പിക്കാൻ

Scanned with CamScanner

സാധിച്ചില്ല. എന്നാൽ റസൂൽ തിരുമേനി ശത്രുക്കളിൽ വിജയം പ്രാപിച്ച് നിസ്തുലമായ തൻെറ വിശിഷ്ടഗുണം പ്രദർശിപ്പിക്കുകയുണ്ടായി".

*(അൽഹക്കം 31-10-1907)*

## ഹസ്രത് അഹ്മദ്(അ)ൻെറ വിശ്വാസാദർശങ്ങൾ

"യഥാർത്ഥത്തിലുള്ള സിറാത്തെ മുസ്തഖീം(നേരായ പാത) ഇസ്ലാംമതമാണ്. ആകാശത്തിനു കീഴിൽ ഒരേ ഒരു നബിയും ഒരേ ഒരു വേദഗ്രന്ഥവും മാത്രമേയുള്ളൂ. അതായത് ഏറ്റവും മഹോന്നതനും, എല്ലാ നബിമാരിലുംവെച്ച് സർവ്വശ്രേഷ്ഠനും എല്ലാ ദൂതന്മാരിലും വെച്ച് പരിപൂർണ്ണനും, ഖാതമുൽ അമ്പിയായും ഖൈറുന്നാസും (ജനങ്ങളിൽ സർവ്വശ്രേഷ്ഠനും) ആയ പ്രവാചകൻ മുഹമ്മദുനബി(സ) ആണ് അത്. അദ്ദേഹത്തെ പിന്തുടരുന്നതുകൊണ്ട് അല്ലാഹുവിനെ പ്രാപിക്കാൻ സാധിക്കുന്നതും അന്ധകാരത്തിൻെറ എല്ലാ തിരശ്ശീലകളും ഉയരുന്നതും ഈ ലോകത്ത്തന്നെ യഥാർത്ഥമോക്ഷത്തിന്നുള്ള അടയാളങ്ങൾ പ്രത്യക്ഷമാകുന്നതുമായിരിക്കും. അതേപ്രകാരം സത്യവും പരിപൂർണ്ണവും ആയ ഹിദായത്തുകൾ ഉൾക്കൊള്ളുന്ന പരിശുദ്ധഖുർആൻ മുഖേന ദൈവികജ്ഞാനസിദ്ധി ഉണ്ടാവുകയും മാനുഷികമായ ഗന്ധങ്ങളി ൽനിന്നും ഹൃദയം പരിശുദ്ധമാവുകയും മനുഷ്യൻ അജ്ഞാനം, അശ്രദ്ധ, സംശയങ്ങൾ എന്നി തിരശ്ശീലകളിൽനിന്നും രക്ഷപ്പെട്ടു യഥാർത്ഥ ജ്ഞാനത്തിൻെറ സ്ഥാനത്തേക്ക് എത്തിച്ചേരുകയും ചെയ്യുന്നു".

*(ബറാഹീൻ അഹ്മദിയ്യ IV ഭാ. 468 അടിക്കുറിപ്പ്)*

"ഞാൻ മുസൽമാനാണ്. അല്ലാഹുവിലും റസൂലിലും അല്ലാഹുവിൻെറ മലക്കുകളിലും അവൻെറ വേദഗ്രന്ഥങ്ങളിലും അവൻെറ ദൂതന്മാരിലും മരണാനന്തരജീവിതത്തിലും അല്ലാഹുവും അവൻെറ റസൂലും(സ.) നൽകിയ അദ്ധ്യാപനങ്ങൾ അനുസരിച്ച് വിശ്വസിക്കുന്നു. മാത്രമല്ല നമസ്കാരം

Scanned with CamScanner

നോമ്പ് തുടങ്ങിയ അനുഷ്ഠാനകർമ്മങ്ങൾ അല്ലാഹുവിൻെറ യും നബിതിരുമേനിയുടെയും നിർദ്ദേശങ്ങളനുസരിച്ചുത ന്നെ നിർവ്വഹിക്കുന്നു."

*(ആയിനയെ കമാലാത്തെ ഇസ്ലാം 33)*

"ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല; മുഹമ്മദു(സ) അല്ലാഹുവിൻെറ തിരുദൂതരാണ്. അല്ലാഹു വിലും അവൻെറ മലക്കുകളിലും അവൻെറ ദൂതന്മാരിലും അവൻെറ ഗ്രന്ഥങ്ങളിലും സ്വർഗ്ഗത്തിലും നരകത്തിലും മര ണാനന്തര ജീവിതത്തിലും ഞങ്ങൾ വിശ്വസിക്കുന്നു. വിശുദ്ധ ഖുർആനെ ഞങ്ങളുടെ ഗ്രന്ഥമായും മുഹമ്മദുമുസ്തഫാ (സ) തിരുമേനിയെ ഞങ്ങളുടെ നബിയായും ഞങ്ങൾ ഉറ ച്ചു വിശ്വസിക്കുന്നു. അദ്ദേഹത്തിന്നുശേഷം ശരിഅത്തോടു കൂടിയ നുബുവ്വത്ത് വാദം എനിക്കില്ല. അതേപ്രകാരം റസൂൽ തിരുമേനി(സ)ക്കുശേഷം വിശുദ്ധഖുർആനെ ദുർബ്ബലപ്പെടു ത്തിക്കൊണ്ടുള്ള ഒരു വാദവും എനിക്കില്ലതന്നെ. മുഹമ്മദു നബി(സ) ഖാതമുന്നബിയ്യീൻ ആണെന്നും ഖൈറുൽ മുർസ ലിൻ ആണെന്നും പാപികളുടെ ശിപാർശക്കാരനാണെന്നും ഞങ്ങൾ സാക്ഷ്യംവഹിക്കുന്നു. അപ്രകാരംതന്നെ വിശുദ്ധ ഖുർആനിലും ഹദീസ് ഗ്രന്ഥങ്ങളിലും എല്ലാ സത്യങ്ങളും അടങ്ങിയിരിക്കുന്നുവെന്നും എല്ലാ ബിദ്അത്തുകളും നരക ത്തിൽ പതിക്കുന്നതാണെന്നും, ഞങ്ങൾ സാക്ഷ്യം വഹിക്കു ന്നു. തീർച്ചയായും ഞങ്ങൾ മുസ്ലിംകളാണ്. ഞങ്ങളുടെ ഹൃദ യങ്ങളിൽ ഉള്ളതെന്താണെന്ന് അല്ലാഹു അറിയുന്നു. ഞങ്ങൾ അവനിൽ വിശ്വാസമർപ്പിക്കുകയും അവൻെറ മുമ്പാ കെ മാത്രം കുമ്പിടുകയും ചെയ്യുന്നു. ആദ്യമായും അന്ത്യമാ യും ബാഹ്യമായും ആന്തരികമായും എല്ലാ സ്തുത്യാരാധന കളും നമ്മുടെ റബ്ബായ, പ്രപഞ്ചത്തിൻെറ നിയന്താവും സംര ക്ഷകനും ആയ അല്ലാഹുവിന്നു മാത്രമാകുന്നു.

*(അൻവാറുൽ ഇസ്ലാം. ഭാ: 35, 36)*

ഏതൊരു അഞ്ചുകാര്യങ്ങളിൽ ഇസ്ലാം അധിഷ്ഠിതമായി ട്ടുണ്ടോ അതുതന്നെയാണു ഞങ്ങളുടെ വിശ്വാസം. ദൈവ

Scanned with CamScanner

വചനമായ വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളനുസരിച്ച് ഞങ്ങൾ ജീവിക്കുന്നു. ഹസ്രത് ഉമർ ഫാറൂഖ്(റ)നെപ്പോലെ ഞങ്ങൾക്ക് ഹസ്ബുനാ കിതാബുല്ലാഹി - ഞങ്ങൾക്ക് അല്ലാഹുവിന്റെ ഈ ഗ്രന്ഥം മതി - എന്നും ഹസ്രത് ആയിശാ(റ)വിനെപ്പോലെ ഹദീസിന്നും ഖുർആന്നുമിടയിൽ അഭിപ്രായവ്യത്യാസങ്ങളും പരസ്പരവൈരുദ്ധ്യവും വരുമ്പോൾ ഞങ്ങൾ വിശുദ്ധഖുർആന്നു മുൻഗണന നൽകുന്നതാണെന്നും ഞങ്ങൾ വ്യക്തമാക്കുന്നു....... അല്ലാഹുവിനെ കൂടാതെ ആരാധനയ്ക്കർഹൻ മറ്റാരും ഇല്ലെന്നും, സയ്യിദുനാ ഹസ്രത് മുഹമ്മദു മുസ്തഫാ (സ.അ) അവന്റെ തിരുദൂതനും ഖാതമുന്നബിയ്യിനും ആണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. മലക്കുകളും പുനരുത്ഥാനവും കണക്കു പറയലും സ്വർഗ്ഗവും നരകവും എല്ലാംതന്നെ സത്യമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ പ്രസ്താവിച്ചതും റസൂൽതിരുമേനി(സ) അരുൾചെയ്തതുമെല്ലാംതന്നെ സത്യമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഇസ്ലാം ന്യായപ്രമാണ(ശരിഅത്ത്)ത്തിൽനിന്നും ഒരു കടുകളവെങ്കിലും കുറവുവരുത്തുകയും അല്ലെങ്കിൽ ഒരു അണുമാത്രയെങ്കിലും അധികപ്പെടുത്തുകയും ചെയ്യുകയും കടമകളെ ഉപേക്ഷിക്കുകയും ബിദ്അത്തിന്നുള്ള അടിസ്ഥാനമിടുകയും ചെയ്യുന്ന ആൾ അവിശ്വാസിയും ഇസ്ലാമിൽനിന്നും നിഷ്കാസിതനും ആണ്. നാം നമ്മുടെ ജമാഅത്തിനോട് ഉപദേശിക്കുന്നത് അവർ സത്യഹൃദയത്തോടുകൂടി 'ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി' എന്ന പരിശുദ്ധ കലിമയിൽ വിശ്വസിച്ചുകൊണ്ട് അതിൽതന്നെ ജീവിക്കുകയും അതിൽതന്നെ മരിക്കുകയും ചെയ്യണമെന്നാണ്. വിശുദ്ധഖുർആനിൽനിന്നും സത്യം മനസ്സിലാവുന്ന എല്ലാ പ്രവാചകന്മാരിലും എല്ലാ ഗ്രന്ഥങ്ങളിലും വിശ്വസിക്കുകയും ചെയ്യേണ്ടതാണ്. വ്രതാനുഷ്ഠാനം, സക്കാത്ത്, ഹജ്ജ് എന്നി കടമകളെയും അല്ലാഹുവും അവന്റെ തിരുദൂതരും കല്പിച്ച എല്ലാ കല്പനകളെയും അനുസരിക്കുകയും എല്ലാ നിഷിദ്ധകാര്യങ്ങളെയും ത്യജിക്കുകയും ചെയ്തുകൊണ്ട് ഇസ്ലാമിൽ യഥാർ

Scanned with CamScanner

ത്ഥമായി അടിയുറച്ചിരിക്കേണ്ടതാണ്. ചുരുക്കത്തിൽ വിശ്വാസപരമായും കർമ്മപരമായും ഏകോപിച്ച അഭിപ്രായമുള്ള എല്ലാ കാര്യങ്ങളിലും അഹ്ലുസ്സുന്നത്തിൻെറ ഏകോപിച്ച അഭിപ്രായത്തോടെ ഇസ്ലാം എന്നു വിശേഷിപ്പിക്കപ്പെട്ട എല്ലാ കാര്യങ്ങളിലും വിശ്വാസമർപ്പിക്കേണ്ടത് നിങ്ങളുടെ കടമയത്രെ. ഇതുതന്നെയാണ് ഞങ്ങളുടെ മതം എന്നു ആകാശഭൂമികളെ സാക്ഷിനിറുത്തിക്കൊണ്ട് ഞാൻ പറയുന്നു. ഈ വിശ്വാസപ്രഖ്യാപനത്തിന്നുശേഷം ഇതിന്നെതിരായി ഞങ്ങളെക്കുറിച്ചു ദുരാരോപണങ്ങൾ നടത്തുന്നവർ തഖ്വയെയും വിശ്വസ്തതയെയും പരിത്യജിച്ചവരാണ്. പുനരുത്ഥാനനാളിൽ ഞങ്ങളുടെ പ്രസ്തുത ഏറ്റുപറച്ചിലിന്നെതിരായി ഞങ്ങൾ അവരോട് എപ്പോഴാണ് നിങ്ങൾ ഞങ്ങളുടെ നെഞ്ചു പിളർന്ന് നോക്കിയതെന്ന് ചോദിക്കുന്നതായിരിക്കും".

اَلَا لَعْنَةُ اللّٰهِ عَلَى الْكَاذِبِيْنَ وَالْمُفْتَرِيْنَ

*(അയ്യാമുസ്സുൽഹ് 86-87)*

"വിശുദ്ധഖുർആനല്ലാതെ ഞങ്ങൾക്കു മറ്റൊരു ഗ്രന്ഥവും ഇല്ലതന്നെ. മുഹമ്മദുർറസൂലുല്ലാഹ് അല്ലാതെ ഞങ്ങൾക്കു മറ്റൊരു പ്രവാചകനും ഇല്ല. ഇസ്ലാം അല്ലാതെ ഞങ്ങൾക്കു മറ്റൊരു മതവും ഇല്ലതാനും. ഞങ്ങളുടെ നബി(സ.) ഖാതമുൽ അമ്പിയായും ഖുർആൻ ശരീഫ് ഖാതമുൽ കുതുബ് ആയും ഞങ്ങൾ വിശ്വസിക്കുന്നു. അതുകൊണ്ട് നിങ്ങൾ മതത്തെ കുട്ടിക്കളിയായി കാണരുത്. ഞങ്ങൾക്കു ഇസ്ലാമികസേവകർ എന്ന വാദമല്ലാതെ മറ്റൊരു വാദവും ഇല്ലതന്നെ. ഇതിന്നെതിരായി വല്ല അപവാദവും ഞങ്ങളുടെമേൽ അടിച്ചേല്പിക്കുകയാണെങ്കിൽ അതുമൊരു ദുരാരോപണമായിരിക്കും. ഞങ്ങൾ ഞങ്ങളുടെ പ്രിയംനിറഞ്ഞ റസുലിൽ നിന്നാണ് അനുഗ്രഹങ്ങൾ ഉൾക്കൊള്ളുന്നത്. അതേപ്രകാരം വിശുദ്ധ ഖുർആനിൽ നിന്നാണ് ഞങ്ങൾ ദൈവികജ്ഞാനം കരസ്ഥമാക്കുന്നതു. ഈ യാഥാർത്ഥ്യത്തിന്നെതിരായി ഞങ്ങളെക്കുറിച്ച് തങ്ങളുടെ ഹൃദയങ്ങളിൽ ഊഹങ്ങൾ വെച്ചുപുലർത്തുകയാണെങ്കിൽ അല്ലാഹുവിൻെറ പക്കൽ അവർ ഉത്തരം പറ

Scanned with CamScanner

യാൻ ബാധ്യസ്ഥരായിത്തിരുന്നതാണ്. ഞങ്ങൾ യഥാർത്ഥ ത്തിൽ ഇസ്ലാമിൻെറ നിഷ്കാമസേവകരല്ലെങ്കിൽ ഞങ്ങളു ടെ എല്ലാ കാര്യങ്ങളും വ്യർത്ഥവും കള്ളവും ശിക്ഷാർഹ വും ആയിത്തിരുന്നതാണ്.

*(അൽഹക്കം 7-8-1899)*

"വിശുദ്ധഖുർആൻെറയും നബിതിരുമേനി(സ)യുടെ യും കല്പനകളിൽനിന്നു അല്പമെങ്കിലും അകന്നുനടക്കുന്ന ത് വിശ്വാസരാഹിത്യമായി ഞാൻ കരുതുന്നു. ആ കല്പനക ളെ അണുമാത്രയെങ്കിലും ഉപേക്ഷിക്കുന്ന ആൾ നരകവാസി യായിരിക്കും എന്നതാണെൻെറ ദൃഢവിശ്വാസം".

*(അൽഹക്കം 17-12-1906)*

"ഞാൻ സത്യമായിട്ടു പറയുന്നു, അല്ലാഹുവിൻെറ പേ രിൽ ആണയിട്ടു പറയുന്നു, ഞാനും എൻെറ ജമാഅത്തി ലെ അംഗങ്ങളും മുസൽമാന്മാരാണ്. ഞങ്ങൾ ഹസ്രത്ത് റസൂൽതിരുമേനിയിലും വിശുദ്ധ ഖുർആനിലും ഒരു യഥാർ ത്ഥ മുസൽമാൻ വിശ്വസിക്കുന്നത് പോലെ വിശ്വസിക്കു ന്നു. ഇസ്ലാമിൽ നിന്നും ഒരണുമാത്രയെങ്കിലും പുറത്ത് കാൽ വെയ്ക്കുന്നത് നാശകാരണമായി ഞാൻ കരുതുന്നു. ഒരു മനുഷ്യന്ന് എത്രമാത്രം അനുഗ്രഹം ലഭിക്കുമോ അതത്രയും റസൂൽതിരുമേനിയെ യഥാർത്ഥമായും പരിപൂർണ്ണമായും അനുസരിക്കുന്നതിൽനിന്നും സ്നേഹിക്കുന്നതിൽനിന്നും മാ ത്രമെ ലഭ്യമാവുകയുള്ളൂ. അവിടുത്തെ കൂടാതെ മറ്റൊരു മാർഗ്ഗവും നന്മയുടെതായിട്ടില്ല".

*(അൽഹക്കം 17-12-1907)*

"ഞങ്ങൾ പരിശുദ്ധ കലിമയിൽ സർവ്വാത്മനാ, ഹൃദയം കൊണ്ടും ആത്മാവുകൊണ്ടും വിശ്വസിക്കുന്നു. വിശുദ്ധ ഖുർആനെ അല്ലാഹുവിൻെറ സത്യവും പരിപൂർണ്ണവും ആയ ഗ്രന്ഥമെന്നു കരുതുകയും, സത്യഹൃദയത്തോടുകൂ ടി അതിനെ 'ഖാതമുൽകുതുബ്' എന്നു വിശ്വസിക്കുകയും ചെയ്യുന്നു. അതേപ്രകാരം റസൂൽതിരുമേനി(സ)യെ സത്യ ഹൃദയത്തോടുകൂടി 'ഖാതമുന്നബിയ്യിൻ' എന്നും ഞങ്ങൾ

Scanned with CamScanner

വിശ്വസിക്കുന്നു. അതേ നമസ്കാരങ്ങളും അതേ ഖിബ്‌ല യും തന്നെ. അതേപ്രകാരം ഞങ്ങൾ റമസാൻ മാസത്തിലെ വ്രതമനുഷ്ഠിക്കുന്നു. ഹജ്ജിലും സക്കാത്തിലും ഒരു വ്യത്യാ സവും ഇല്ലതന്നെ. പിന്നെ എന്തു കാരണങ്ങളാലാണാവോ ഞങ്ങളെ യഹൂദികളെക്കാൾ മോശക്കാരരെന്നു ഇവർ കരുതുന്നത്?"

*(അൽഹക്കം 6-1-1908)*

## മഹാത്ഭുതങ്ങൾ

"ഞങ്ങളുടെ യജമാനനും നായകനും ആയ സയ്യിദുർറു സൂൽ ഹസ്രത്ത് ഖാതമുൽഅമ്പിയാ(സ.അ) തിരുമേനി ബദർ യുദ്ധത്തിൽ ഒരു കൈപ്പിടി മണൽവാരി ശത്രുപക്ഷത്തേ ക്കെറിഞ്ഞു. ദുആ മൂലമായിരുന്നില്ല തിരുമേനി ആ പിടി മണ്ണു വാരിയെറിഞ്ഞത്. മറിച്ച് തൻെറ ആത്മീയശക്തിപ്രഭാവം കൊ ണ്ടായിരുന്നു അവിടുന്ന് എറിഞ്ഞിരുന്നത്. എന്നാൽ ഈ ഒരു പിടിമണ്ണു ദൈവിശക്തിയെ പ്രകടിപ്പിച്ചു. ശത്രുസൈന്യ ത്തിൽ ഒരാൾ കൂടി അവശേഷിക്കാത്തവിധം അത്ഭുതകരമാ യ പ്രതിഭാവിലാസം അവിടെ പ്രത്യക്ഷമായി. ഓരോ ആളു ടെ കണ്ണിലും ആ മൺതരി ചെന്നുപതിച്ചു. അങ്ങിനെ അവ രൊക്കെ അന്ധന്മാരായിത്തീരുകയും പരിഭ്രാന്തചിത്തരായി നാലുപാടും ചിതറിയോടാൻ തുടങ്ങുകയും ചെയ്തു. ഈ അത്ഭുതസംഭവത്തെക്കുറിച്ചാണ് അല്ലാഹു *നീ ഒരു പിടി മണ്ണു വാരിയെറിഞ്ഞപ്പോൾ വാസ്തവത്തിൽ നീയല്ല എറിഞ്ഞ ത്, മറിച്ച് അല്ലാഹുവാണ് എറിഞ്ഞത് (8:18)* എന്ന് പറഞ്ഞ ത്. അതായത് അണിയറയ്ക്കുപിന്നിൽ ദൈവീകശക്തിയാ ണ് വർത്തിച്ചതെന്നും മനുഷ്യശക്തിയുടെ പണിയല്ല അതെ ന്നുംതന്നെ.

അതുപോലെതന്നെ മറ്റൊരു മുഅ്ജിസ: (ദിവ്യാത്ഭു തം) ചന്ദ്രൻെറ പിളർപ്പായിരുന്നു. ഇതും ദൈവീകശക്തിയു ടെ ഒരു ബഹിർപ്രകടനമായിരുന്നു; ദുആയുടെ ഫലമായിരു ന്നില്ല. ചൂണ്ടുവിരല്ൻെറ വെറുമൊരു സൂചനയിൽ നിന്നും സുശക്തമായ ഒരു സംഭവം പ്രത്യക്ഷമായി. ഇതുപോ

CS Scanned with CamScanner

ലുള്ള ധാരാളം അത്ഭുതസംഭവങ്ങൾ റസൂൽതിരുമേനിയുടെ മാത്രം ശക്തിപ്രഭാവംകൊണ്ട് പ്രത്യക്ഷമായി. ചിലപ്പോൾ ഒരു പാത്രം വെള്ളത്തിൽ തൻെറ വിരലുകൾ മുക്കിയതിന്റെ ഫലമായി മുഴുസൈന്യവും ഒട്ടകങ്ങളും കുതിരകളുമെല്ലാം അതിൽനിന്നും ആവോളം വെള്ളം കുടിച്ചു. എന്നിട്ടും അതിലുള്ള വെള്ളം അതുപോലെതന്നെ അവശേഷിക്കുകയുണ്ടായി. പലപ്പോഴും ഒന്നുരണ്ട് റൊട്ടികളിൽ തന്റെ തൃക്കൈസ്പർശം ഏല്പിച്ചതുകാരണം ആയിരക്കണക്കിലുള്ളവരുടെ വയറുനിറഞ്ഞു. ചിലപ്പോൾ അല്പമാത്രം പാലിൽ തൻെറ ചുണ്ടുകൊണ്ടനുഗ്രഹം നൽകി തിരുദൂതർ ഒരു ജനത്തിൻെറ വിശപ്പ് മാറ്റി. ചിലപ്പോൾ മോശപ്പെട്ട കിണറിൽ തൻെറ ഉമിനീർ ഇട്ടുകൊണ്ട് നിർമ്മലമായ വെള്ളം നിറഞ്ഞ കിണറാക്കി മാറ്റി. ചിലപ്പോൾ ധാരാളം വ്രണം ഏർപ്പെട്ടവരെ തൻെറ കരസ്പർശം കൊണ്ടുമാത്രം സുഖപ്പെടുത്തി. യുദ്ധാവസരത്തിൽ ആക്രമമേറ്റു കൺമണികൾ വെളിയിൽ വന്നുപോയവർക്കു തിരുകരസ്പർശം മുഖേന സുഖപ്പെടുത്തി. ഇത്തരത്തിലുള്ള ധാരാളം മഹാത്ഭുതങ്ങൾ തൻെറ സ്വന്തമായ ശക്തിപ്രഭാവംകൊണ്ട് തിരുനബി(സ) കാണിക്കുകയുണ്ടായി. ഇവയ്ക്കൊക്കെ പിന്നിൽ ദൈവികമായ ഒരു മഹോജ്ജ്വലശക്തി പ്രവൃത്തിച്ചുകൊണ്ടിരുന്നു".

*(ആയിനയെ കമാലാത്തെ ഇസ്ലാം 65, 66)*

പാപിയും ദുഷ്ടനും ആയ ഇറാനിലെ കിസ്റാ രാജാവ് നബിതിരുമേനി(സ)യെ പടിച്ചുകൊണ്ടുവരാനായി ശിപ്പായികളെ അയക്കുകയുണ്ടായി. ഒരു സന്ധ്യാസമയം അവർ നബി (സ)യുടെ അടുക്കെവന്നു താങ്കളെ അറസ്റ്റു ചെയ്യുവാനുള്ള ഉത്തരവോടുകൂടിയാണ് തങ്ങൾ വന്നിരിക്കുന്നതെന്നുണർത്തി. ഇതു കേട്ടപ്പോൾ അതിനെ അവഗണിച്ചുകൊണ്ട് അവരോട് നിങ്ങൾ ഇസ്ലാംമതം സ്വീകരിക്കുക എന്നുമാത്രം അവിടുന്ന് പറഞ്ഞു. ആ അവസരത്തിൽ നബിതിരുമേനി (സ) രണ്ടു നാലു സഹാബാക്കളുടെ കൂടെ മസ്ജിദിൽ ഉപവിഷ്ടനായിരിക്കുകയായിരുന്നു. എന്നാൽ തിരുമേനിയുടെ ദൈവികമായ പ്രഭാവവും പ്രതാപവും കണ്ട് അവർ രണ്ടു

Scanned with CamScanner

പേരും വിറക്കുകയായിരുന്നു. അവർ ഭയന്നു ഭയന്നുകൊണ്ട് ഞങ്ങൾ യജമാനനിൽ നിന്നും അങ്ങയെ അറസ്റ്റുചെയ്തു കൊണ്ടുപോകാനുള്ള ഉത്തരവും കൊണ്ടാണ് വന്നിരിക്കുന്നതെന്നും ഞങ്ങളെന്തു മറുപടിയും കൊണ്ടാണു പോകേണ്ടതെന്നും ആരാഞ്ഞു. മറുപടി ഞാൻ നാളെ തരുന്നതാണെന്നു അപ്പോൾ അവിടുന്ന് അരുൾചെയ്തു. പിറ്റേന്നുകാലത്ത് നബിതിരുമേനി(സ) അവരോട് നിങ്ങൾ യജമാനൻ എന്നു വിളിക്കുന്ന ആൾ യഥാർത്ഥത്തിലുള്ള യജമാനനല്ല. യഥാർത്ഥത്തിലുള്ള യജമാനന്നു ഒരിക്കലും മരണം സംഭവിക്കുന്നതല്ലെന്നിരിക്കെ. നിങ്ങളുടെ യജമാനന്നു ഇന്നലെ രാത്രി മരണം സംഭവിച്ചിരിക്കുന്നു, എൻെറ സത്യവാനായ അല്ലാഹു അവൻെറ മകൻ ശീർവിയയെ അവൻെറ മേൽ ആധിപത്യം കൊടുത്തിരിക്കുന്നു. അവൻ ഇന്നലെരാത്രി അയാളുടെ കൈയാൽ മരണം വരിച്ചിരിക്കുന്നു. ഇതുതന്നെയാണെൻെറ മറുപടി എന്നു പറഞ്ഞു. ഈ മഹാത്ഭുതംകണ്ട് ആ നാട്ടിലെ ആയിരക്കണക്കിലുള്ള ജനങ്ങൾ തിരുനബിയിൽ വിശ്വസിക്കുകയുണ്ടായി. അന്നു രാത്രിതന്നെ ഖുസ്റോ പർവീസ് അതായത് കിസ്റാ കൊല്ലപ്പെട്ടിരുന്നു".

*(നൂറുൽ ഖുർആൻ II 10)*

"റസൂൽ തിരുമേനിയുടെ ഒന്നാമത്തെ ഉദ്ദേശ്യം അറേബ്യയുടെ സംസ്കരണമായിരുന്നു. അറേബ്യയുടെ സ്ഥിതി ആ കാലത്ത് എത്രമാത്രം ശോചനീയവും ഭയാനകവും ആയിരുന്നതെന്നാൽ അവരിൽ ഇല്ലാത്ത ഒരു തിന്മയും അവശേഷിച്ചിരുന്നില്ല. അവരിൽ ഇല്ലാത്ത ഒരു ശിർക്കും ഉണ്ടായിരുന്നില്ല. കള്ളവും കൊള്ളയും കൊലയും അവരുടെ ദൈനംദിനജീവിതചര്യകളായിരുന്നു. ഒരു എറുമ്പിനെ കാൽകൊണ്ടു ചതച്ചരക്കുന്ന ലാഘവത്തോടെയായിരുന്നു അവർ കൊലകൾ നടത്തിയിരുന്നത്. അനാഥശിശുക്കളെക്കൊന്ന് അവരുടെ സ്വത്ത് അപഹരിച്ചിരുന്നു. പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയിരുന്നു, വ്യഭിചാരം ചെയ്തു അതിൽ അഭിമാനം കൊണ്ടിരുന്നു. തങ്ങളുടെ കവിതകളിൽ അഭിമാനപുരസ്സരം ഇത്തരം നീചകർമ്മങ്ങളെക്കുറിച്ച് അവർ പ്രതിപാദിക്കാറുണ്ടാ

CS Scanned with CamScanner

യിരുന്നു. മദ്യപാനം നടക്കാത്ത ഒരു ഭവനവും ഉണ്ടായിരുന്നില്ല. ചൂതുകളിയിൽ അവർ വളരെ മുൻപന്തിയിലായിരുന്നു. കാട്ടുമൃഗങ്ങളും കൊടിയ സർപ്പങ്ങളും ചെന്നായ്ക്കളും ഇവരുടെ കാര്യത്തിൽ ലജ്ജിതരായിരുന്നു.

ഇത്തരത്തിലുള്ളവരുടെ സ്വഭാവസംസ്കരണത്തിനായിരുന്നു നമ്മുടെ നബികരീം(സ) നിയുക്തനായിരുന്നത്. തന്റെ ആന്തരികമായ ശ്രദ്ധമൂലം അദ്ദേഹം അവരുടെ ഹൃദയങ്ങളെ ശുദ്ധികരിക്കാൻ തുടങ്ങി. കുറഞ്ഞ ഒരു കാലഘട്ടത്തിൽ അവരിൽ അതിമഹത്തായൊരു പരിവർത്തനം സംജാതമായി. മൃഗീയമായ അവസ്ഥയിൽ നിന്നും അവർ മനുഷ്യരായി. പിന്നീടവർ സംസ്കാരസമ്പന്നരായ മനുഷ്യരായി. അതിന്നുശേഷം അവർ ദൈവികമനുഷ്യരായി ഉയരുകയും ചെയ്തു. അവസാനം ദൈവസ്നേഹത്തിൽ സ്വയം വിസ്മൃതരായിക്കൊണ്ട് എല്ലാ ദു:ഖങ്ങളെയും അവർ സസന്തോഷം സഹിക്കുവാൻ തുടങ്ങി. അവർ പലവിധത്തിലും പീഢിപ്പിക്കപ്പെട്ടു. തടവിലാക്കപ്പെട്ടു. ക്രൂരമായ വിധം ദിവസങ്ങളോളം അവരെ പട്ടിണിക്കിട്ടു. എന്നാൽ ഓരോരോ ദുർഘടഘട്ടത്തിലും അവർ മുന്നേറിക്കൊണ്ടേ ഇരുന്നു. ചിലരുടെ മുമ്പാകെ സ്വന്തം മക്കൾ കശാപ്പുചെയ്യപ്പെട്ടു. അവർ സത്യഹൃദയത്തോടെ തങ്ങളുടെ ജീവൻ ദൈവവഴിയിൽ വെടിഞ്ഞതോർക്കുമ്പോൾ ദുസ്സഹദുഃഖം വരുന്നു. നബികരീം(സ) തിരുമേനിയുടെ നിഷ്കപടവും നിഷ്കാമവുമായ പ്രവർത്തനഫലമായി അല്ലാഹു അവരുടെ ഹൃദയത്തിൽ മഹത്തായ പരിവർത്തനമുളവാക്കി. അതല്ലായിരുന്നു എങ്കിൽ ഇസ്ലാമിലേക്ക്. അവർ ആകർഷിക്കപ്പെടുമായിരുന്നില്ല. ഭൗതികസ്ഥാനമാനങ്ങളുപേക്ഷിച്ച് മക്കാതെരുവീഥികളിൽ സാധാരണക്കാരായി പീഢനങ്ങൾ സഹിച്ച് അവർ നടക്കുകയും ചെയ്യുമായിരുന്നില്ല. അവരെ ഏറ്റവും താണനിലയിൽനിന്നും ഏറ്റവും ഉന്നതമായ ആത്മീയ സ്ഥാനത്തേക്കുയർത്തുവാൻ ഏതെങ്കിലും ഒരാത്മീയശക്തി പ്രവർത്തിച്ചിരിക്കണം. അവരിൽ അധികംപേരും അവരുടെ കുഫ്റിന്റെ അവസ്ഥയിൽ ഹസ്രത്ത് റസൂൽതിരുമേനിയുടെ ജന്മശത്രുക്കളും അദ്ദേഹത്തിന്റെ

രക്തദാഹികളും ആയിരുന്നു എന്നകാര്യം അത്ഭുതമുളവാക്കുന്ന ഒന്നായിരുന്നു. ഇതിനേക്കാൾ വലിയ ഒര മുഅ്ജിസയായി മറ്റൊന്നിനേയും എനിക്കു കാണാൻ സാധിക്കുന്നില്ല. നിസ്സഹായനും നിരാലംബനും ആയ ഒരു മനുഷ്യൻ അവരുടെ ഹൃദയങ്ങളെ എല്ലാവിധത്തിലുമുള്ള അഹങ്കാരങ്ങളിൽ നിന്നും പരിശുദ്ധമാക്കി അവസാനം അവർ തങ്ങളുടെ പട്ടുവസ്ത്രങ്ങളെല്ലാം ഉപേക്ഷിച്ചുകൊണ്ട് കീറിപ്പറിഞ്ഞ സാധാരണ വേഷമിട്ട് തിരുസന്നിധിയിൽ ഹാജരായി എന്നു പറഞ്ഞാൽ അതെത്രമാത്രം വിസ്മയകരമാണ്!"

*(പൈഗാമെസുൽഹ് 25, 26)*

## റസുൽതിരുമേനിയുടെ ശക്തിപ്രഭാവം

"റസുൽതിരുമേനി(സ)യുടെ അനുഗ്രഹങ്ങളുടെ ശക്തിപ്രഭാവംകൊണ്ട് സഹാബാക്കൾ തങ്ങളുടെ ജിവൻ തന്നെ പരിത്യജിക്കുകയുണ്ടായി. ഇന്നുവരെ ജനങ്ങൾ അദ്ദേഹത്തിന്റെ അനുഗ്രഹങ്ങളാൽ പ്രഭാവിതരാണ്. ഇതിന്നെതിരിൽ ഈസാനബി(അ)ൻെറ സ്ഥിതിയെന്താണ്? അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ 30 ചില്ലിക്കാശുകൾക്കുവേണ്ടി അദ്ദേഹത്തെ ശത്രുക്കൾക്കു ഒറ്റിക്കൊടുത്തു. അദ്ദേഹത്തിൻെറ സഹചരന്മാരിൽ പ്രഥമനായിരുന്ന ഒരാൾ മുന്നുപ്രാവശ്യം അദ്ദേഹത്തിന്റെ പേരിൽ ലഅ്നത്ത്(ശാപം) ചൊല്ലുകയുണ്ടായി".

*(അഹ്മദി ഔർ ഗൈർ അഹ്മദി മെ ഫർഖ് 5)*

"തൌഹീദിൻെറയും ദൈവികതത്വത്തിൻെറയും മഹത്തായ അനുഗ്രഹം ഹസ്രത്ത് റസുൽതിരുമേനി(സ) മുഖേനയാണ് ലോകത്തിന്നു ലഭ്യമായിരുന്നത്. അതല്ലാതെ മറ്റൊരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. ഈ കാര്യത്തിൽ ഏറ്റവും ഉന്നതമായ മാതൃക നമ്മുടെ നബികരിം(സ) തിരുമേനി ആണ് കാണിച്ചുതന്നിരിക്കുന്നത്. മാലിന്യത്തിൽ അമർന്നിരുന്ന ഒരു സമുദായത്തെ അതിൽനിന്നും കരകയറ്റി മനോഹരമായ പൂന്തോട്ടത്തിൽ അദ്ദേഹം എത്തിച്ചു. ആത്മീയമായ വിശപ്പിലും ദാഹത്തിലും വലഞ്ഞുമരിക്കാറായ ആ ജനതയ്ക്ക് മാധുര്യ

CS Scanned with CamScanner

മേറിയ ഭക്ഷണപാനിയങ്ങൾ കൊടുത്തു അവിടുന്ന് അവരെ രക്ഷപ്പെടുത്തി. കിരാതവും മൃഗീയവും ആയ സ്ഥിതിയിൽ നിന്നും കരകയറ്റി ആദ്യം അവരെ മനുഷ്യരാക്കി. സാധാരണ മനുഷ്യരിൽനിന്നും പിന്നെ സംസ്കാരസമ്പന്നരായ മനുഷ്യരാക്കി. അതിന്നുശേഷം അവരെ അദ്ദേഹം പരിപൂർണ്ണ മനുഷ്യരാക്കിത്തിർക്കുകയും അവർക്ക് അല്ലാഹുവിനെ കാണത്തക്കരിതിയിൽ പല ദൃഷ്ടാന്തങ്ങളും പ്രത്യക്ഷമാക്കിക്കൊടുക്കുകയും ചെയ്തു.

അങ്ങനെ മലക്കുകളോടുപോലും തുല്യനില പ്രാപിക്കാൻ സാധിക്കുന്നത്ര അവരിൽ അതിമഹത്തായ പരിവർത്തനം അവിടുന്ന് ഉണ്ടാക്കിത്തീർത്തു. ഇത്തരത്തിലുള്ള പ്രഭാവം മറ്റൊരു നബി മുഖേനയും അവരുടെ ഉമ്മത്തിൽ ഉണ്ടായിട്ടില്ല. മുഹമ്മദ്(സ) എന്ന പേരുള്ള ആ അറബി നബി എത്ര മഹോന്നതമായ പ്രഭാവമുള്ള ഒരു നബിയാണെന്നു ഞാൻ അത്ഭുതപ്പെട്ടുപോകയാണ്. അദ്ദേഹത്തിൻെറ മഹോന്നതപദവിയുടെ പാരമ്യം മനസ്സിലാക്കാൻ സാധ്യമല്ല. അദ്ദേഹത്തിന്റെ പരിശുദ്ധമായ പ്രഭാവത്തെക്കുറിച്ച് അനുമാനിക്കുന്നത് തന്നെ മനുഷ്യൻെറ പണിയല്ല."

*(ഹഖിഖത്തുൽ വഹ്‌യ് 118)*

## ജീവനുള്ള നബി

ജിവനുള്ള ഏതെങ്കിലും ഒരു നബിയുണ്ടെങ്കിൽ അത് ഹസ്രത് മുഹമ്മദു മുസ്തഫാ(സ) തിരുമേനി മാത്രമാണ്. ഹയാത്തുന്നബി എന്നപേരിൽ പല ഗ്രന്ഥങ്ങളും എഴുതപ്പെട്ടിട്ടുണ്ട്. ആർക്കുംതന്നെ നിഷേധിക്കാൻ സാധിക്കാത്ത രീതിയിൽ റസുൽതിരുമേനിയുടെ ജീവിതചൈതന്യത്തെപ്പറ്റിയുള്ള സുശക്തമായ പല തെളിവുകളും ഉണ്ട്. അവയിൽ ഒന്നിതാണ്. ഏതൊരാളുടെ അനുഗ്രഹങ്ങളും ഗുണമാഹാത്മ്യ

Scanned with CamScanner

ങ്ങളും ഒരിക്കലും അവസാനിക്കാതെ കണ്ടിരിക്കുന്നുവോ ആ ആൾ ജീവസ്സുള്ള നബിയായിരിക്കും. റസൂൽതിരുമേനിയുടെ കാലംതൊട്ടു ഇന്നുവരെ അല്ലാഹു മുസ്ലിംകളെ ഉപേക്ഷിച്ചിട്ടില്ല എന്ന യാഥാർത്ഥ്യം നാം കാണുന്നു. മുസ്ലിംസമുദായത്തിൻെറ കാലാന്തരത്തിന്നനുയോജ്യമായ പരിഷ്കരണത്തിന് അല്ലാഹു ഓരോ നൂറ്റാണ്ടിൻെറയും തലയ്ക്കൽ ഓരോ പരിഷ്കർത്താവിനെ - മുജദ്ദിദിനെ - അയക്കുകയുണ്ടായി. ഹയാത്തുന്നബിയുടെ ദൃഷ്ടാന്തമെന്നോണം അവൻ ഈ കാലത്ത് ഈ വിനീതനെ നിയുക്തനാക്കിയിരിക്കുന്നു."

*(അൽഹക്കം 17-2-1906)*

## പ്രാർത്ഥനയുടെ പ്രതിഭാസം

അറേബ്യൻ മണലാരണ്യത്തിൽ ഒരത്ഭുത പ്രതിഭാസം സംഭവിച്ചു. ലക്ഷക്കണക്കിലുള്ള മൃതന്മാർ ഏതാനും ദിവസങ്ങൾ കൊണ്ട് ജീവനുള്ളവരായി മാറുകയും തലമുറതലമുറകളായി വഴിപിഴച്ചുപോയവർ ദിവ്യവർണ്ണം സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്തു. കുരുടന്മാർ കാണുവാൻ തുടങ്ങി. ഊമകളുടെ നാവുകളിൽ ദിവ്യജ്ഞാനം പ്രവഹിച്ചു. മുമ്പൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതും ആയ മഹാത്ഭുതമാണ് സംഭവിച്ചത്. ഇതെന്തായിരുന്നുവെന്ന് നിങ്ങൾക്കറിയുമോ? ഇതെല്ലാം അന്ധകാരനിബിഢമായ രാത്രികളിൽ അല്ലാഹുവിൽ പൂർണ്ണമായും ലയിച്ച ഒരാൾ ഉയർത്തിയ ഉള്ളുരുകിയ പ്രാർത്ഥനയുടെ ഫലമായിരുന്നു. ആ പ്രാർത്ഥനകൾ ലോകത്തെ ശബ്ദായമാനമാക്കി. അങ്ങിനെ ആ നിരക്ഷരനും നിസ്സഹായനും ആയ വ്യക്തിയുടെ കയ്യാൽ തികച്ചും അസാദ്ധ്യവും അസംഭവ്യവും ആയ മഹാത്ഭുതങ്ങൾ വെളിപ്പെടുമാറായി.

Scanned with CamScanner

اَللّٰهُمَّ صَلِّ وَسَلِّمْ وَبَارِكْ عَلَيْهِ
وَاٰلِهٖ بِعَدَدِ هَمِّهٖ وَغَمِّهٖ وَحُزْنِهٖ
لِهٰذِهِ الْاُمَّةِ وَاَنْزِلْ عَلَيْهِ اَنْوَارَ
رَحْمَتِكَ اِلَى الْاَبَدِ

*അല്ലാഹുവേ! ഈ ഉമ്മത്തിനു വേണ്ടി റസൂൽതിരുമേനി പ്രകടിപ്പിച്ച ഉത്കണ്ഠയ്ക്കും അനുഭവിച്ച കഷ്ടപ്പാടുകൾക്കും ദു:ഖങ്ങൾക്കും അനുസരിച്ചവിധം അദ്ദേഹത്തിൽ നീ അനുഗ്രഹങ്ങളും സലാമും ഇറക്കുകയും അദ്ദേഹത്തിൻെറമേൽ നിന്റെ കാരുണ്യത്തിൻെറ ദീപ്തിവർഷം എന്നുമെന്നും ചൊരിയുകയും ചെയ്യേണമേ!"*

*(ബറക്കാത്തുദ്ദുആ 5)*

## എല്ലാവരുടേയും രക്ഷാമാർഗ്ഗം

"വസ്തുതയെന്തെന്നാൽ നമ്മുടെ നബി(സ) എല്ലാ പ്രവാചകന്മാരുടെയും നാമങ്ങളെ തന്നിൽ സമാഹരിച്ചിരിക്കുന്നു. എല്ലാ പ്രവാചകന്മാരിലും ഉള്ള സമസ്തഗുണവിശേഷങ്ങളും അദ്ദേഹത്തിൽ സമ്മേളിച്ചിരിക്കുകയാൽ അവിടുന്ന് മൂസായും ഈസായും ആദമും ഇബ്രാഹിമും യൂസുഫും യഅ്ക്കൂബും ആയിത്തിർന്നു. ഇതിലേക്ക് സൂചന നൽകിക്കൊണ്ട് അൽലാഹു പറയുകയാണ്:

*'അല്ലയോ റസൂലുല്ലാഹ് നീ അവരെല്ലാവരുടെയും രക്ഷാമാർഗ്ഗങ്ങളെ പിന്തുടരുക'* (6:91) അതായത് എല്ലാ പ്രവാചകന്മാരുടെയും വിവിധങ്ങളായ ഉപദേശങ്ങളത്രയും നിന്നിൽ ലയിപ്പിക്കുറവിൻ. എല്ലാ പ്രവാചകന്മാരുടെയും ശ്രേഷ്ഠതകൾ നബിതിരുമേനിയിൽ സമ്മേളിച്ചിരിക്കുന്നു എന്നാണിത് കാണിക്കുന്നത്. മുഹമ്മദു എന്ന പേർ തന്നെ ഇതിലേക്കാണ് സൂചിപ്പിക്കുന്നത്. അതിൻെറ അർത്ഥം ഏറ്റവും അധി

CS Scanned with CamScanner

കം സ്തുതിക്കപ്പെട്ടവൻ എന്നത്രെ. എല്ലാ നബിമാരുടെയും വൈവിധ്യമാർന്ന സകലശ്രേഷ്ഠഗുണങ്ങളും നബിതിരുമേനി (സ)യിൽ വിളങ്ങുമ്പോൾമാത്രമെ എല്ലാ സ്തുതികളെപ്പറ്റി യും നമുക്ക് നിരൂപിക്കാനാവുകയുള്ളു."

*(ആയിനയെ കമാലാത്തെ ഇസ്ലാം 343)*

## നിയുക്തോദ്ദേശ്യം

"എല്ലാ മഹദ്ഗുണങ്ങളും റസുൽതിരുമേനിയോട് അനുബന്ധിപ്പിക്കേണമെന്നതാണ് എൻെറ ഹൃദയത്തിലുള്ള യഥാർത്ഥമായ അഭിവാഞ്ഛയും ആവേശവും എന്നത് ഞാൻ സത്യം ചെയ്തു പറയുന്നു. എൻെറ എല്ലാ സന്തോഷങ്ങളും ഇതിലാണടങ്ങിയിരിക്കുന്നത്. അല്ലാഹുവിൻെറ തൌഹീദും തിരുമേനിയുടെ ഇസ്സത്തും ലോകത്ത് സ്ഥാപിതമാകണം എന്നതാണെൻെറ ആഗമനോദ്ദേശ്യം. എന്നെക്കുറിച്ച് അല്ലാഹു ചെയ്തിരിക്കുന്ന എല്ലാ പ്രശംസാവചനങ്ങൾക്കും യഥാർത്ഥത്തിലുള്ള അർഹനും അവകാശിയും റസുൽ തിരുമേനി(സ)യാണെന്നതാണെൻെറ മതം. എന്തെന്നാൽ ഞാനദ്ദേഹത്തിൻെറ ഒരെളിയ ദാസൻ മാത്രം. അദ്ദേഹത്തിൻെറ നബിത്വദീപ്തിയിൽ നിന്ന് പ്രകാശം ഉൾക്കൊണ്ടവൻ മാത്രമാണു ഞാൻ. സ്വതന്ത്രമായ രീതിയിൽ എൻെറതായിട്ടൊന്നും തന്നെയില്ല. ആരെങ്കിലും സ്വതന്ത്രമായ രീതിയിൽ, തിരുമേനി(സ)യിൽനിന്നും അനുഗ്രഹലബ്ധനായിട്ടല്ലാതെ ആ പുണ്യാത്മാവിന്നുശേഷം പുതിയൊരു പ്രവാചകത്വവാദം പുറപ്പെടുവിക്കുകയും തനിക്ക് ദൈവവും ആയി ബന്ധമുണ്ടെന്നു വാദിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ തള്ളപ്പെടേണ്ട ആളും അപമാനാർഹനും ആണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. തിരുമേനിയെ അനുസരിക്കുകയും പിന്തുടരുകയും ചെയ്യാതെകണ്ട് നേരിട്ട് അല്ലാഹുവിനെ പ്രാപിക്കാനുള്ള വാതിലിൽനിന്നും ഇനി ആരുംതന്നെ ആഗ

CS Scanned with CamScanner

തനാകുന്നതല്ല."

*(അൽഹക്കം 31-5-1902)*

"ഞാൻ പറയുന്നതെല്ലാം തന്നെ റസൂൽ തിരുമേനിയുടെ ബഹുമതിയെ നിലനിറുത്തുവാനായിട്ടുമാത്രമാണ്. ഞങ്ങൾ ഇസ്ലാമിൻെറ സേവകരാണ്. എൻെറ പേര് ഗുലാം അഹ്മദ് എന്ന് എൻെറ മാതാപിതാക്കൾ വിളിച്ചപ്പോൾ അവർക്കതിന്റെ രഹസ്യം എന്തറിഞ്ഞു? ഞാൻ മസീഹിബ്നു മർയമിനെക്കാൾ വലിയവനാണെന്നു അല്ലാഹു പറഞ്ഞതിൻെറ രഹസ്യം റസുൽ തിരുമേനിയുടെ മഹത്വം വെളിപ്പെടുത്തുക എന്നുള്ളതാണ്. അദ്ദേഹം മൂസാനബിയുടെ മസീഹായിരുന്നു. ഞാനാകട്ടെ മുഹമ്മദു മുസ്തഫാ(സ) തിരുമേനിയുടെ മസീഹാണ്. അദ്ദേഹം ഇസ്രായേലിൻെറ കാണാതെപോയ കുഞ്ഞാടുകൾക്കു വേണ്ടി ഒരു പരിമിത കാലഘട്ടത്തിലേക്കു വേണ്ടി മാത്രം നിയുക്തനായ പ്രവാചകൻ മാത്രമായിരുന്നു. എന്നാൽ, ഈ മസീഹാകട്ടെ, മുഴുലോകത്തിന്നും വേണ്ടി എന്നെന്നേക്കുമായി അവതിർണ്ണരായ 'റഹ്മത്തുൽ ലിൽ ആലമിൻ' എന്നു വാദിച്ച റസുൽതിരുമേനിയുടെ മസീഹത്രെ."

*(അൽഹക്കം 30-4-1902)*

"തിരുനബി(സ)യുടെ നബുവ്വത്തു ഈ ലോകത്തു പുനഃസ്ഥാപിക്കുവാനായിട്ടാണ് അല്ലാഹു ഈ ജമാഅത്ത് സ്ഥാപിച്ചിട്ടുള്ളത്."

*(അൽഹക്കം 10-8-1902)*

"ഇസ്ലാംദീനിൽ പ്രവേശിക്കുകയും അല്ലാഹുവിൻെറ ഗ്രന്ഥത്തെയും സർവ്വശ്രേഷ്ഠപ്രവാചകനായ ഹസ്രത് മുഹമ്മദു മുസ്തഫാ(സ) തിരുമേനിയുടെ ചര്യകളെയും പിൻപറ്റുകയും ചെയ്യുന്ന ആൾക്കു മാത്രമെ ഞങ്ങളുടെ ജമാഅത്തിൽ പ്രവേശിക്കുവാനാവുകയുള്ളൂ. അതുപോലെതന്നെ അയാൾ അല്ലാഹുവിലും റഹിമും കരിമും ആയ റസുൽതിരുമേനിയിലും പുനരുത്ഥാനനാളിലും സ്വർഗ്ഗത്തിലും നരകത്തിലും വിശ്വാസമർപ്പിക്കുകയും വേണം. അല്ലാഹുവിൻെറ

Scanned with CamScanner

പ്രകൃതിമതമായ ഇസ്ലാമിൽ വിശ്വസിക്കുകയും അതിൽത്ത ന്നെ മരിക്കുകയും ചെയ്യുന്നതാണെന്നും വിശുദ്ധഖുർആനി ലും സുന്നത്തിലും സഹാബാക്കളുടെ ഏകകണ്ഠമായ അഭി പ്രായത്തിലും ചരിക്കുന്നതാണെന്നും പ്രതിജ്ഞ ചെയ്യേണ്ടതാ ണ്. പ്രസ്തുത മൂന്നു കാര്യങ്ങളെയും ഉപേക്ഷിക്കുന്നയാൾ സ്വയമേവ നരകാഗ്നിക്കിരയാകുന്ന ആളായിരിക്കും. അയാ ളുടെ പര്യവസാനം ശുഭകരമായിരിക്കുകയുമില്ല".

*(മവാഹിബുർറഹ്മാൻ 96, 97)*

## പരിപൂർണ്ണ ദൈവികപ്രകാശം

"ലോകത്ത് ഒരാത്മീയപ്രകാശം വന്നു അത് എല്ലാ പ്രകാ ശങ്ങളെയും അതിജീവിച്ചു. ആ പ്രകാശം അനേക സഹസ്രം ഹൃദയങ്ങളെ പ്രകാശമാനമാക്കി. ആ അനുഗ്രഹത്തിൻെറ രഹസ്യമെന്നോണം ഇസ്ലാമിന്നുള്ള ആത്മീയസഹായം നിറു ത്തലാക്കപ്പെട്ടിട്ടില്ല എന്നുമാത്രമല്ല, ഓരോ കാൽവെപ്പിലും അത് ഇസ്ലാമിനോടൊപ്പം ഉണ്ടായിക്കൊണ്ടിരിക്കുകയും ചെ യ്യുന്നു. പ്രസ്തുത നബിയുടെ അനുഗ്രഹാശിസ്സുകൾ കാരണ മായി നവംനവങ്ങളായ അനുഗ്രഹങ്ങൾ ഈ കാലത്തും പ്രസ് തുതനബി നമ്മോടൊപ്പം ഉള്ളത്പ്രകാരം നാം ആസ്വദിച്ചു കൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിൻെറ ചൈതന്യം ഇന്നും നമുക്ക് മാർഗ്ഗദർശനം നൽകിക്കൊണ്ടിരിക്കുന്നു. ഓ രോ പരിശുദ്ധപ്രകൃതിയും ആഗ്രഹിക്കുന്നത് പോലെ നമു ക്കും ആ ജീവജലം ലഭ്യമായി. അത് വളരെ വേഗതയിൽ നമ്മുടെ ഈമാൻെറ വൃക്ഷത്തെ വളർത്തി പരിപോഷിപ്പി ച്ചു വരികയാണ്. മറ്റുള്ളവർ ഇപ്പോഴും ബന്ധനസ്ഥരായിരി ക്കുന്ന എല്ലാ വൈഷമ്യങ്ങളിൽനിന്നും അതിലൂടെ നാം വിമോചിതരായിരിക്കുന്നു".

*(ചശ്മയെ മഅ്രിഫത്ത് 312)*

"ഞാൻ നബിയെന്നും റസൂൽ എന്നും അഭിഷേകം ചെയ്യ പ്പെട്ടിട്ടും ഈ അനുഗ്രഹങ്ങളിൽ ഒന്നുംതന്നെ എനിക്ക് നേരി ട്ട് ലഭിച്ചവയല്ലെന്നും ആത്മീയലോകത്തു വിലസുന്ന ആ

Scanned with CamScanner

പരിശുദ്ധ പ്രവാചകൻെറ അതായത് ഹസ്രത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ ആത്മീയ പ്രതിഭാവിലാസമാണിവയൊക്കെയെന്നും അല്ലാഹുവിൽനിന്ന് എനിക്കു വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു.

മുഹമ്മദ് എന്നും അഹ്മദ് എന്നും പേരുകളുള്ള ആ മഹാത്മാവിൽ സ്വയം വിലയനം പ്രാപിച്ചതിൻെറ ഫലമായിട്ടാണ് ഞാൻ റസൂലും (ദൂതനും) നബിയും (ദൈവഭാഷണം ലഭിച്ച ആളും) ആയി വന്നിരിക്കുന്നത്. ഈ രീതിയിൽ റസൂൽ തിരുമേനിയുടെ 'ഖാതമുന്നബ്ബിയ്യിൻ' എന്ന മുദ്രക്ക് ഒരു കോട്ടവും തട്ടാതെ സുരക്ഷിതമായിത്തിരുന്നു. കാരണം ഒരു പ്രതിച്ഛായയും പ്രതിബിംബവും ആയ ഞാൻ സ്നേഹത്തിൻെറ ദർപ്പണം മുഖേന അതേ പേരിന്നർഹനായി എന്നു മാത്രം".

*(എക് ഗൽത്തികാ ഇസാലാ 9-10)*

## ഖതമുന്നുബുവ്വത്തിൻെറ രഹസ്യം

"റസൂൽകരീം(സ) തിരുമേനിയുടെ ഖതമുന്നുബുവ്വത്തിൻെറ രഹസ്യം നമ്മുടെ എതിരാളികൾക്കു ഒരിക്കലും മനസ്സിലായിട്ടില്ല. തിരുമേനിയുടെ ഖതമുന്നുബുവ്വത്തിനെക്കുറിച്ചുള്ള അവരുടെ വിശ്വാസപ്രകാരം തിരുമേനി നഊദുബില്ലാഹ് അബ്തർ (ആൺസന്താനമില്ലാത്ത ആൾ) ആയിത്തിരുന്നു. എന്നാൽ വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നതിപ്രകാരമാണ്:

مَا كَانَ مُحَمَّدٌ أَبَا أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ
اللَّهِ وَخَاتَمَ النَّبِيِّينَ ۗ وَكَانَ اللَّهُ بِكُلِّ شَيْءٍ عَلِيمًا

ഇതിൽ ശാരീരികമായ പിതൃത്വത്തെയാണ് നിഷേധിച്ചിരിക്കുന്നത്. ആത്മീയമായ പിതൃത്വവും അദ്ദേഹത്തിന്നുണ്ടാകുന്നില്ലെങ്കിൽ പിന്നെ നിങ്ങൾ അദ്ദേഹത്തെ 'അബ്തർ' ആണെ

Scanned with CamScanner

ന്നു വിശ്വസിക്കുമോ? ഇത്തരത്തിലുള്ള വിശ്വാസം കുഫ്റാണ്. അദ്ദേഹത്തിൻെറ ആത്മീയപിതൃത്വം നിലനിന്നുവരുന്നു എന്നതാണ് സത്യം. 'ലാകിൻ' എന്ന പദം ഇതാണ് വെളിപ്പെടുത്തുന്നത്. ഇതിൻെറ ഉദ്ദേശ്യം ഭാവിയിൽ റസുൽതിരുമേനിയുടെ സാക്ഷ്യമുദ്രയോടുകൂടിയ നബുവ്വത്തും രിസാലത്തും മാത്രമെ വരികയുള്ളൂ എന്നും തിരുമേനിയെ തികച്ചും പിന്തുടരുകയും അനുസരിക്കുകയും ചെയ്യാതെ ആർക്കുംതന്നെ ഇൽഹാമും വഹ്‌യും ഇതര ആത്മീയാനുഗ്രഹങ്ങളും ലഭ്യമാകുന്നതല്ല എന്നുമാണ്. ഭാവിയിൽ അദ്ദേഹം മുഖേനയും അദ്ദേഹത്തിൻെറ മുദ്ര ലഭിച്ചും അല്ലാതെ ആർക്കും തന്നെ നബുവ്വത്ത് എന്ന അനുഗ്രഹം ലഭ്യമാകുന്നതല്ല. ഒരാൾ കണ്ണാടിയിൽ തൻെറ രൂപം നോക്കുമ്പോൾ അയാളുടെ രൂപത്തിന്നും കണ്ണാടിയിലുള്ള രൂപത്തിന്നുമിടയിൽ എന്തെങ്കിലും അന്തരം കാണാൻ സാധിക്കുമോ? അതേസ്ഥിതി തന്നെയാണ് ഇവിടെയും. റസുൽതിരുമേനിയുടെ പ്രതിച്ഛായ തന്നെയാണിവിടെ. അതിൽ നിന്നും പുറത്തായയതൊന്നും തന്നെയല്ല.

വിശുദ്ധ ഖുർആനിൽ വഹ്‌യ് എന്നതിന്റെ അർത്ഥം ദൈവഭാഷണം എന്നാണെന്നു മനസ്സിലാവുന്നു.

ദൈവികമായ അനുഗ്രഹങ്ങളും ദൈവഭാഷണവും നിലച്ചു പോയ ഒരു മതം ജീവനുള്ള മതമെന്നു പറയാനാവില്ല. അത് ഉപേക്ഷിക്കപ്പെടേണ്ട മതമാണ്. ഇസ്ലാം ഒരു മൃതമതമാണെന്നും റസുൽതിരുമേനി നഊദുബില്ലാഹ് ഒരു മൃതപ്രവാചകനാണെന്നും സ്ഥാപിക്കാൻ ഇവർ ശ്രമിക്കുന്നു. ഞങ്ങളിത് സ്വീകരിക്കുവാൻ തയ്യാറല്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ള വിശ്വാസം കുഫ്റാണ്. റസുൽതിരുമേനി ഒരു ജീവൽപ്രവാചകനും ഇസ്ലാം ഒരു ജീവത്തായ മതവും ആണ്. കാരണം അവിടുത്തെ അനുഗ്രഹാശിസ്സുകൾ എന്നെന്നും നിലനില്ക്കുന്നവയാണ്. അദ്ദേഹത്തിൻെറ നബുവ്വത്താകട്ടെ അനശ്വരവും അക്ഷയവുമായതാണ്. ആ മുദ്ര കൊണ്ട് നബുവ്വത്ത് നിലനില്ക്കുന്നു. ഇത്തരത്തിലുള്ള

Scanned with CamScanner

നുബുവ്വത്ത് നുബുവ്വത്തിൻെറ പ്രതിച്ഛായയാണ്. എന്നാൽ റസുൽതിരുമേനിയുടെ നബിത്വത്തിൽ നിന്നും വിഭിന്നമായ നുബുവ്വത്ത് വ്യാജനുബുവ്വത്താണ്. അദ്ദേഹത്തിലൂടെയുള്ള നുബുവ്വത്ത് അവസാനിച്ചിരിക്കുന്നുവെന്ന് പറയുന്നതും കുഫ്റത്രെ. അങ്ങിനെ പറയുന്നവർ ആ പുണ്യാത്മാവിനെ (നഊദുബില്ലാഹ്) 'അബ്തർ' എന്നും ഇസ്ലാമിനെ ഒരു മൃതമതമെന്നും കരുതുന്നവരാണ്. ഇസ്ലാം അത്തരത്തിലുള്ള മതമാണെങ്കിൽ പിന്നെ അതു എങ്ങിനെ മോക്ഷദായകമായ മതമാകും ............ വളരെ അത്ഭുതകരവും ഖേദകരവും ആയ കാര്യമാണിത്. ഇവർ ഈ സമുദായത്തെ ശ്രേഷ്ഠസമുദായം എന്നു പറയുന്നു. എന്നാൽ ദൈവികഭാഷണം ലഭ്യമാകാത്ത ഒരു സമുദായം എങ്ങിനെ ശ്രേഷ്ഠസമുദായമാകും? ഹസ്രത് മൂസാനബിയെ പിൻപറ്റി ആയിരക്കണക്കിൽ നബിമാർ ഉണ്ടായി. എന്നാൽ ഈ സമുദായത്തിൽ ഒരു നബിയും വരികയില്ലെങ്കിൽപിന്നെ ഇതെങ്ങിനെ ഒരു ശ്രേഷ്ഠസമുദായമാകും?"

*(അൽഹക്കം 24-11-1902)*

"റസുൽകരീം(സ.അ) 'ഖാതമുൽ അൻബിയാ' ആകുന്നു. നമ്മുടെ നബിതിരുമേനിക്കുശേഷം പുതിയ ന്യായപ്രമാണം അഥവാ ദൈവികഗ്രന്ഥം ഉണ്ടാകുന്നതല്ല. പുതിയ വിധിവിലക്കുകൾ വരുന്നതുമല്ല. എൻെറ ഗ്രന്ഥങ്ങളിൽ നബിയെന്നും റസൂലെന്നും എന്നെക്കുറിച്ചു പറഞ്ഞതിൻെറ താല്പര്യം പുതിയ ന്യായപ്രമാണവും പുതിയ കല്പനകളും പഠിപ്പിക്കുക എന്നതല്ല. അല്ലാഹു കാലത്തിൻെറ ആവശ്യമനുസരിച്ചു ആരെയെങ്കിലും ദൈവഭാഷണം നൽകി അയക്കുകയും അദൃശ്യകാര്യങ്ങൾ അറിയിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾക്കു നബിയെന്ന പദവി നൽകുന്നു. ഇതിൻെറ അർത്ഥം അയാൾ പുതിയ ന്യായപ്രമാണം കൊണ്ടുവരുന്നുവെന്നോ റസുൽതിരുമേനി കൊണ്ടുവന്ന ന്യായപ്രമാണം ദുർബലപ്പെടുത്തുന്നു എന്നോ അല്ല. മറിച്ചു അയാൾക്കു ലഭിച്ചതെല്ലാം റസുൽതിരുമേനിയെ പരിപൂർണ്ണമായും പിന്തുടരുകയും അനുസരിക്കുകയും ചെയ്തതിൻെറ ഫലമായുണ്ടായ

Scanned with CamScanner

താണ്".

*(അൽഹക്കം 10-1-1904)*

"അല്ലാഹുവിൻെറ സ്നേഹഭാജനമായിത്തീരുവാൻ റസുൽതിരുമേനിയെ പിന്തുടരുക എന്ന ഒരേയൊരു മാർഗ്ഗം മാത്രമെ അവശേഷിക്കുന്നുള്ളൂ. നിങ്ങളെ അല്ലാഹുവും ആയി അടുപ്പിക്കാൻ മറ്റൊരു മാർഗ്ഗവും ഇല്ലതന്നെ. ഒരു പങ്കുകാരനും ഇല്ലാത്ത അല്ലാഹുവിനെ അന്വേഷിക്കുകയും എല്ലാ വിധത്തിലുള്ള 'ശിർക്കിൽ' നിന്നും 'ബിദ്അത്തി'ൽ നിന്നും തന്നെ രക്ഷപ്പെടുത്തുകയും അനാചാരാഢംബരങ്ങളിൽനിന്നും വിട്ടുനില്ക്കുകയും മനസ്സിൻെറ ഇച്ഛകളെ അനുസരിക്കാതിരിക്കുകയും ചെയ്യുക എന്നതാണ് മനുഷ്യൻെറ ലക്ഷ്യം. നോക്കു ഞാൻ വീണ്ടും പറയുകയാണ് റസുൽ തിരുമേനിയുടെ സത്യരഥ്യയിൽ കൂടിയല്ലാതെ മനുഷ്യന്ന് വിജയം പ്രാപിക്കുവാൻ സാധ്യമല്ല. നമ്മുടെത് ഒരു റസൂലും(സ) ആ റസുലിൽ ഇറങ്ങിയ ഏകഗ്രന്ഥം ആയ വിശുദ്ധ ഖുർആനും മാത്രമാണ്. അദ്ദേഹത്തെ പിന്തുടർന്നാൽ മാത്രമെ ദൈവത്തെ പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ".

*(അൽഹക്കം 10-3-1903)*

## യഥാർത്ഥ മോക്ഷദായകൻ

"ഹിജാസിൽ ജനിച്ചുവളർന്ന, യഥാർത്ഥ മോക്ഷദായകൻ, പുനരുത്ഥാനനാൾവരെ എന്നെന്നും മോക്ഷപദം ദാനം ചെയ്തുകൊണ്ടിരിക്കുന്ന മഹാൻ, മുഴുവൻ ലോകത്തിൻെറയും മുഴുവൻ കാലഘട്ടത്തിൻെറയും മോക്ഷത്തിന്നുവേണ്ടി നിയുക്തനായി. അതേപ്രകാരം അദ്ദേഹം ഈ കാലത്തും അവതിർണ്ണനായി. എന്നാൽ ഒരു പ്രതിച്ഛായയെന്നോണം മാത്രം. അല്ലാഹു അദ്ദേഹത്തിൻെറ അനുഗ്രഹങ്ങളിൽ മുഴുവൻ ഭൂമിക്കും ഫലംതന്നു കൊണ്ടിരിക്കുമാറാകട്ടെ. ആമീൻ".

*(ദാഫിഉൽബലാ ഭാ. 21)*

CS Scanned with CamScanner

## വ്യാജപ്രവാചകന്മാർ എതിർക്കപ്പെടുന്നില്ല

"റസൂൽതിരുമേനി(സ) ആവിർഭവിക്കുകയും നുബുവ്വത്ത് വാദം പുറപ്പെടുവിച്ചു ജനങ്ങളെ ക്ഷണിക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ മറ്റൊരു പ്രവാചകനും നേരിടേണ്ടിവന്നിട്ടില്ലാത്ത എതിർപ്പുകളും ദുഃഖങ്ങളും അദ്ദേഹത്തിന്നു നൽകപ്പെട്ടു. തിരുനബിയുടെ കാലഘട്ടത്തിൽത്തന്നെ വ്യാജപ്രവാചകന്മാർ എഴുന്നേറ്റിരുന്നു. എന്നാൽ മുസൈലിമ കദ്ദാബിന്നോ അസ്വദ് അൻസിക്കോ ഇത്തരത്തിലുള്ള ദുഃഖങ്ങളും എതിർപ്പുകളും നേരിടേണ്ടിവന്നതായി ആർക്കെങ്കിലും പറയുവാൻ സാധിക്കുമോ? ഞാൻ സത്യമായും പറയുന്നതു, റസൂൽതിരുമേനിക്കു ഏൽപ്പിക്കപ്പെട്ട ദുഃഖങ്ങളെയും സങ്കടങ്ങളെയും കുറിച്ച് സങ്കല്പിക്കാൻ കൂടി സാധിക്കാത്തവിധം അതിനെക്കുറിച്ച് എഴുതുവാൻ ഞാൻ അശക്തനായിരിക്കുകയാണ്. അതിനെക്കുറിച്ചു വിശദീകരിക്കാനുള്ള വാക്കുകൾ എനിക്കു ലഭിക്കുന്നില്ല. അദ്ദേഹത്തിന്ന് ലഭിച്ചതുപോലുള്ള ദുഃഖം വ്യാജപ്രവാചകന്മാർക്ക് ലഭിച്ചിരുന്നില്ല. അതിന്നുള്ള കാരണം ഇതാണ്: തിരുമേനിയുടെ ഉപദേശങ്ങൾ ഹൃദയങ്ങളിൽ ചെന്നുപതിക്കുന്നവയായിരുന്നു. ആ കാലത്തുണ്ടായിരുന്ന കുഫ്റും ബിദ്അത്തും ദൂരപ്പെടുത്തുക എന്നതായിരുന്നു അവിടുത്തെ ഉദ്ദേശം. അവസാനം അങ്ങിനെ തന്നെ ആയിത്തീർന്നു."

*(അൽഹക്കം 10-1-1906)*

## സിറാജ് മുനീർ

"അദ്ദേഹത്തിൻെറ പേര് സിറാജ് (വിളക്ക്) എന്നു വിളിക്കപ്പെട്ടതിലുള്ള സൂക്ഷ്മമായ തത്വം ഇതാണ്: ഒരു ദീപത്തിൽ നിന്നു ആയിരക്കണക്കിലും ലക്ഷക്കണക്കിലും ഉള്ള വിളക്കുകൾ വെളിച്ചം ആർജ്ജിക്കുന്നു. എന്നാൽ അക്കാരണംകൊണ്ട് ആ വിളക്കിന്ന് ഒരു നഷ്ടവും ഉണ്ടാകുന്നില്ല. റസൂൽതിരുമേനിയെ അനുഗമിക്കുകയും അനുസരിക്കുകയും ചെയ്യു

ന്നത് കൊണ്ട് ആയിരക്കണക്കിലും ലക്ഷക്കണക്കിലും ഉള്ള വർ ഈ സ്ഥാനത്തെത്തിച്ചേരുന്നുവെന്നതാണ് ഇതിന്റെ താല്പര്യം. അദ്ദേഹത്തിൻെറ അനുഗ്രഹം ഒരു പ്രത്യേക ജനതയ്ക്കുവേണ്ടി മാത്രമുള്ളതല്ല. അതു പൊതുവിൽ എന്നെന്നും നിലനില്ക്കുന്ന ഒന്നത്രെ".

*(അൽഹക്കം 14-7-1908)*

"ഭൂമിയിലുള്ളവർ കരുതുന്നുണ്ടാകും, ഒടുവിൽ ഈ ലോകത്ത് പ്രചരിക്കുന്നത് കൃസ്തുമതമോ ബുദ്ധമതമോ ആയിരിക്കും എന്ന്, എന്നാൽ അവരെല്ലാം തെറ്റായ ധാരണയിലാണ്. ആകാശത്തിൽ തീരുമാനിക്കപ്പെടുന്നതുവരെ ഭൂമിയിൽ ഒന്നും സംഭവിക്കുകയില്ലെന്ന് ഓർത്തുകൊള്ളുക. ജന ഹൃദയങ്ങളെ അവസാനം കീഴ്പ്പെടുത്തുന്നത് ഇസ്ലാം മതമായിരിക്കുമെന്ന് സ്വർഗ്ഗത്തിൻെറ നാഥൻ എന്നെ അറിയിക്കുന്നു.

ബറാഹിനെ അഹ്മദിയ്യാ V
റൂഹാനിഖസായിൻ Vol 21,

"തിരുമേനി(സ)യിൽ പ്രവാചകത്വത്തിൻെറ എല്ലാ ശ്രേഷ്ഠതകളും എല്ലാവിധത്തിലുള്ള പരിപൂർണ്ണതകളും സ്ഥാനങ്ങളും അവസാനിച്ചിരിക്കുന്നു. അദ്ദേഹത്തിൽ പരിപൂർണ്ണവും സർവ്വോത്തമവും ആയ ഗ്രന്ഥം ഇറക്കപ്പെട്ടു. അതിന്നുശേഷം പുനരുത്ഥാനനാൾവരെ മറ്റൊരു ന്യായപ്രമാണവും വരുന്നതല്ലതന്നെ. പ്രസ്തുത ഗ്രന്ഥത്തിൽ ദൈവികമായ മുദ്ര പതിഞ്ഞിരിക്കുന്നു. അതോടൊപ്പം ആയിരക്കണക്കിലുള്ള മലക്കുകൾ അതിൻെറ സംരക്ഷണത്തിന്നായി ഇറങ്ങുകയുണ്ടായി. അതിനോടനുയോജ്യമാകാത്ത ഒരു വഹ്യും ഇൽഹാമും ദർശനവും ദൈവത്തിൽ നിന്നുമുള്ളതായിരിക്കുകയില്ല.

എന്നാൽ ഏതൊരു വഹ്യോ ഇൽഹാമോ അതിന്നനുയോജ്യമായതും അതിന്നുപോൽബലകമായ അടയാളങ്ങളും ദൃഷ്ടാന്തങ്ങളും അടങ്ങിയതും ആണെങ്കിൽ ഒന്നാമതായി നാം അതിനെ സ്വീകരിക്കുന്നതായിരിക്കും. ഒരണ്ടു

Scanned with CamScanner

മാത്രയെങ്കിലും അതിൽനിന്നും വ്യതിചലിക്കാൻ നാം തയ്യാറല്ല".

*(മൽഫൂസാത്ത് 10 പേജ് 11)*

## ഉദ്ദേശ്യസാഫല്യം - ഒരു മഹാത്ഭുതം

"നബികരീം(സ.അ) തിരുമേനിയുടെ എണ്ണമറ്റ അത്ഭുതങ്ങളിൽവെച്ച് മഹാത്ഭുതം ഏതൊരു ഉദ്ദേശ്യസാഫല്യത്തിന്നായാണോ അവിടുന്ന് അവതീർണ്ണനായിരുന്നത് അത് അദ്ദേഹത്തിന് പൂർത്തിയാക്കാൻ കഴിഞ്ഞു എന്നുള്ളതാണ്. മറ്റൊരു നബിയിലും പൂർണ്ണമായി കാണപ്പെടാത്ത നിസ്തുലമായ ഒരു വിജയമായിരുന്നു ഇത്. ഹസ്രത്ത് മൂസാനബി(സ) വഴിക്കുവെച്ചുതന്നെ മരണമടഞ്ഞു. ഹഃഈസാനബിക്ക് ലഭിച്ച വിജയം അദ്ദേഹത്തിൻെറ ഹവാരിങ്ങൾ അദ്ദേഹത്തോടു ചെയ്ത പെരുമാറ്റത്തിൽ നിന്നും മനസ്സിലാക്കാം. എന്നാൽ റസൂൽ തിരുമേനി ഈ ലോകം വെടിയുന്നതിന്നു മുമ്പായിത്തന്നെ അല്ലാഹുവിൻെറ ദീനിൽ ജനങ്ങൾ കൂട്ടംകൂട്ടമായി പ്രവേശിക്കുന്നത് അദ്ദേഹത്തിന്ന് കാണ്മാൻ സാധിച്ചു. രണ്ടാമത്തെ ദിവ്യാത്ഭുതം അദ്ദേഹം വരുത്തിയ ധാർമ്മികപരിവർത്തനമായിരുന്നു. *അദ്ദേഹത്തിൻെറ ദൗത്യകാലത്ത് ജനങ്ങൾ കന്നുകാലികൾക്ക് തുല്യരായിരുന്നു. അല്ല അവർ അവയെക്കാളും വഴിപിഴച്ചുപോയിരുന്നു.* (7:180)

എന്നാൽ പിന്നിടവർ *'തങ്ങളുടെ നാഥനെ സാഷ്ടാംഗം. പ്രണമിച്ചുകൊണ്ടും നിന്നുപ്രാർത്ഥിച്ചുകൊണ്ടും രാത്രി കഴിച്ചുകൂട്ടുന്നവരായിത്തിർന്നു'* (25:65)

മൂന്നാമത്തെ ദിവ്യാത്ഭുതം (മുഅ്ജിസ), അദ്ദേഹത്തിന്റെ ഒരിക്കലും അവസാനിക്കാത്ത അനുഗ്രഹങ്ങളാണ്. എല്ലാ നബിമാരുടെയും അനുഗ്രഹങ്ങളുടെ ഉറവകൾ നിലച്ചുപോയിരിക്കുന്നു. എന്നാൽ നമ്മുടെ നബിപുംഗവൻ(സ) ൻെറ നീരുറവ ഒരിക്കലും വറ്റുന്നില്ല. അതു എന്നെന്നും ജലസേചനം ചെയ്തുകൊണ്ടേ ഇരിക്കുന്നതാണ്. ഇതേ നീരുറവിൽ നിന്നും ജലപാനം നടത്തിയ ഒരാളെ അല്ലാഹു ഈ

CS Scanned with CamScanner

ഉമ്മത്തിൽ വാഗ്ദത്ത മസിഹാക്കിയിരിക്കുന്നു.

നാലാമത്തെ ദിവ്യാത്ഭുതവും അദ്ദേഹത്തിന്നു മാത്രം പ്രത്യേകമായിട്ടുള്ളതാണ്. ഒരു നബിക്കുവേണ്ടിയും അദ്ദേഹത്തിന്റെ ജനത എപ്പോഴും പ്രാർത്ഥിക്കുന്നവരായിട്ടില്ല. എന്നാൽ ഹസ്രത്ത് നബിതിരുമേനി(സ)യുടെ സമുദായം ലോകത്തിന്റെ ഏതെങ്കിലും ഭാഗത്ത് എപ്പോഴും നമസ്കരിച്ചുകൊണ്ടിരിക്കുന്നു. അപ്പോഴൊക്കെയും *'അല്ലാഹുമ്മ സല്ലി അലാ മുഹമ്മദിൻ'* അല്ലാഹുവേ! നീ മുഹമ്മദുനബിയിൽ നിന്റെ കാരുണ്യവും അനുഗ്രഹവും ചൊരിയേണമേ എന്നു അവർ പ്രാർത്ഥിച്ചുകൊണ്ടേ ഇരിക്കുകയും ചെയ്യുന്നു. അതിന്റെ ഫലമായി പല അനുഗ്രഹങ്ങളും ലോകത്ത് പ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നുണ്ട്. അവയിൽ ഒന്ന് ഈ സമുദായത്തിന്നു ലഭ്യമായ ദൈവഭാഷണമാണ്".

*(മൽഫൂസാത്ത് Vol 9, പേജ് 267)*

"ഞാൻ വളരെ ഉറച്ച വിശ്വാസത്തോടുകൂടി പറയുകയാണ്, റസൂൽ തിരുമേനി(സ)യിൽ പ്രവാചകത്വത്തിന്റെ എല്ലാ ശ്രേഷ്ഠതകളും സമാഹരിക്കപ്പെട്ടിരിക്കുന്നു. തിരുനബി(സ)ക്കെതിരായി പുതിയൊരു പ്രസ്ഥാനം രൂപീകരിക്കുന്നവൻ വ്യാജനും കറ്റുകെട്ടുകാരനും ആണ്. അതുപോലെ തിരുനബിയുടെ പ്രവാചകത്വത്തിൽനിന്നും അകന്നുനിന്നുകൊണ്ട് പുതിയൊരു നുബുവ്വത്തിന്റെ അസ്തിവാരമിടുന്നവനും അങ്ങിനെതന്നെ. ഏതൊരാളാണ് തിരുമേനിയെ കൂടാതെ അദ്ദേഹത്തിന്ന് ശേഷം അദ്ദേഹത്തിന്റെ ഖതമുന്നബുവ്വത്തിന്നു വിഘ്നം വരുത്തിക്കൊണ്ട് പുതിയൊരു നുബുവ്വത്ത് വാദം പുറപ്പെടുവിക്കുന്നത് അയാൾ അഭിശപ്തനാണ്. അതുകൊണ്ടാണ് മുഹമ്മദി നുബുവ്വത്തിന്റെ മുദ്രയില്ലാതെ നബിതിരുമേനിക്കുശേഷം നബിത്വവാദം പുറപ്പെടുവിച്ചുകൊണ്ട് ആരും വരികയില്ല എന്നു പറയുന്നത്. നമ്മുടെ എതിരാളികളായ മുസ്ലിംകൾക്ക് പറ്റിയ ഏറ്റവും വലിയ തെറ്റ് അവർ നബിതിരുമേനിയുടെ ഖതമുന്നുബുവ്വത്ത് എന്ന മുദ്ര കൊണ്ട് ഒരു ഇസ്രായീൽ നബിയെ ആകാശത്ത് നിന്ന് ഇറക്കുവാൻ ആഗ്രഹിക്കുന്നുവെന്നതാണ്. എന്നാൽ ഞാൻ പറയുന്നത് റസൂൽതിരുമേനിയുടെ ഖുവ്വത്തെ ഖുദ്സിയ്യു

Scanned with CamScanner

ടെയും അദ്ദേഹത്തിൻെറ സ്ഥായിയായ നുബുവ്വത്തിൻെറയു ഏറ്റവും താണ രിതിയിലുള്ള മാഹാത്മ്യം, 1300 വത്സരങ്ങൾക്കുശേഷവും തിരുനബിയുടെ തന്നെ ശിക്ഷണവും അദ്ധ്യയനവും പ്രാപിച്ച വാഗ്ദത്ത മസീഹ്, തിരുനബിയുടെതന്നെ ഉമ്മത്തിൽ അതേ നുബുവ്വത്തും കൊണ്ടു വരികയുണ്ടായി എന്നതാണ്. ഇത് കുഫ്റായ വിശ്വാസമാണെങ്കിൽ ഞാൻ ഈ കുഫ്റിനെ സ്നേഹിക്കുന്നു!"

*(മൽഫൂസാത്ത് Vol 8, ഭാ. 143)*

"ഞാൻ അല്ലാഹുവിനെ സ്തുതിക്കുന്നത് പോലെതന്നെ ഹ:റസുൽ തിരുമേനിയുടെ പേരിൽ സലാത്തും സലാമും ചൊല്ലികൊണ്ടിരിക്കുകയും ചെയ്യുന്നു. കാരണം തിരുനബിക്കുവേണ്ടി തന്നെയാണി പ്രസ്ഥാനം അല്ലാഹു രൂപീകരിച്ചിരിക്കുന്നത്. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളും സഹായങ്ങളും അവിടുന്ന് മൂലം ലഭ്യമായിക്കൊണ്ടിരിക്കുന്നവയാണ്. തിരുമേനിയെ അനുസരിക്കാതെയും അദ്ദേഹത്തെ പിന്തുടരാതെയും കണ്ടു ഒരു മനുഷ്യനും ഒരുവിധത്തിലുള്ള ആത്മീയാനുഗ്രഹവും കരഗതമാകുന്നതല്ല എന്നുള്ളതാണ് എൻെ വിശ്വാസം എന്നു ഞാൻ തുറന്നു പറയട്ടെ".

*(മൽഫൂസാത്ത് Vol 8 പേജ്: )*

"ഇപ്പോൾ കൃസ്തുമതത്തിൻെറ പ്രഭാവവും സ്വാധീനവും അധികരിച്ചുവരികയാണ്. നബി(സ)തിരുമേനിയോടുണ്ടായിരിക്കേണ്ട 'സ്നേഹം ഇന്നത്തെ മുസ്ലിംകളിൽ കാണപ്പെടുന്നില്ല. ആയിരക്കണക്കിലുള്ള പത്രങ്ങളും മാസികകളും പ്രസിദ്ധീകൃതമായിക്കൊണ്ടിരുന്നിട്ടും ഇന്നുവരെ തിരുമേനിയുടെ ജിവിതചൈതന്യത്തെക്കുറിച്ച് ആരുംതന്നെ ഒരു പ്രസിദ്ധീകരണവും വെളിപ്പെടുത്തിയില്ല. ഇപ്പോൾ അദ്ദേഹത്തിന്റെ അന്തസ്സ് ലോകത്ത് സ്ഥാപിക്കുവാൻ അല്ലാഹു ഇച്ഛരിക്കുന്നു. ഇസ്ലാമിന്നെതിരായി ആയിരക്കണക്കിലുള്ള ഗ്രന്ഥങ്ങൾ എഴുതപ്പെട്ടിരിക്കുകയാണ്. ആ സ്ഥിതിക്ക് തിരുനബിയുടെ മാഹാത്മ്യത്തെ സ്ഥാപിക്കുവാൻ അല്ലാഹുവിന്ന് ഇനിയും എന്തെങ്കിലും വഴി സ്വീകരിക്കാതിരിക്കാനാവുമോ?

നാം ഹസ്രത്ത് നബിതിരുമേനിയെ ഏറ്റവും മാഹാത്മ്യമുള്ള പ്രവാചകനെന്നു വിശ്വസിക്കുന്നു. ഏതെങ്കിലും നല്ലൊരു കാര്യം മറ്റൊരാളിൽ കല്പിക്കപ്പെടുന്നത് നമുക്കു രുചിക്കുന്നില്ല. അവിശ്വാസികൾ റസൂൽ തിരുമേനിയോട് ആകാശത്ത് കയറിപ്പോയി ഒരത്ഭുതം കാണിച്ചുതരാൻ അപേക്ഷിച്ചപ്പോൾ 'സുബ്ഹാന റബ്ബി' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം നിഷേധിക്കുകയാണു ചെയ്തത്. മറുഭാഗത്ത് ഹഃഈസാനബി(അ)യെ ആകാശത്തു പിടിച്ചുകയറ്റുകയാണെങ്കിൽ അതെങ്ങനെ ശരിയാകും. ഏതെല്ലാം വിശിഷ്ടഗുണങ്ങൾ എല്ലാ പ്രവാചകന്മാരിലും കാണപ്പെടുന്നുവോ അവയെല്ലാം തന്നെ നമ്മുടെ നബിതിരുമേനി(സ)യിൽ സമാഹരിക്കപ്പെട്ടിരിക്കുന്നുവെന്നു വിശുദ്ധ ഖുർആനിൽ നിന്നു മാത്രമല്ല ഇതരവേദഗ്രന്ഥങ്ങളിൽ നിന്നും കാണിച്ചുതരുവാൻ നമുക്കു സാധിക്കുന്നതാണ്".

*'നിൻെറ മേലുള്ള അല്ലാഹുവിൻെറ അനുഗ്രഹങ്ങൾ അതിമഹത്തായതാണ്* (4:114). ഈ ഖുർആൻ വചനം ഇതിലേക്ക് വെളിച്ചം വീശുന്നു. അതുകൊണ്ട് ആകാശത്തിൽ കയറിപ്പോകുന്നത് ഒരു മാഹാത്മ്യമാണെങ്കിൽ നമ്മുടെ നബി(സ) തിരുമേനി അതിൽനിന്നും എങ്ങിനെ വിട്ടുനില്ക്കും? അവസാനം ഇവർക്ക് പശ്ചാത്തപിക്കേണ്ടി വരികതന്നെചെയ്യും.

ഒരുഭാഗത്ത് ഇക്കൂട്ടർ റസുൽതിരുമേനിയുടെ മേൽ അക്രമണം നടത്തുകയാണ്. അതായത് ജനങ്ങൾ അദ്ദേഹത്തോടു ആകാശത്തു കയറിപ്പോയി അത്ഭുതം കാണിച്ചുതരാൻ ആവശ്യപ്പെട്ടപ്പോൾ അല്ലാഹു അദ്ദേഹത്തെ ശ്രദ്ധിച്ചില്ല. മറുഭാഗത്ത് ഈസാനബിയെ ആകാശത്ത് കയറ്റി ആദരിക്കുകയും ചെയ്തു. അതേപ്രകാരം അല്ലാഹു തനിക്കു മാത്രമുള്ള സൃഷ്ടിത്വം എന്ന ഗുണം മസീഹിന്നു നല്കി അദ്ദേഹത്തെ അതുല്യനാക്കി. എന്നു പറഞ്ഞ് അല്ലാഹുവിന്റെ മേലും ഇവർ 'കുതിര' കയറുകയാണ്. അല്ലയോ അറിവില്ലാ

Scanned with CamScanner

ത്തവരേ! അല്ലാഹു തൻെറ ദൈവികഗുണങ്ങൾ വിതരണം ചെയ്യാൻ ആഗ്രഹിക്കുകയാണെങ്കിൽ അതിന്നുള്ള അവകാശി ഈസാനബി മാത്രമേ ഉണ്ടായിരുന്നുള്ളൂ? ഹസ്രത്ത് നബി കരീം(സ) തിരുമേനിക്കെന്തുകൊണ്ട് അതിൽനിന്നും പങ്കു ലഭിച്ചില്ല?"

*(മൽഫൂസാത്ത് Vol 7 146, 147)*

## മസീഹും മുഹമ്മദും

"മസീഹിനെ ബന്ധനസ്ഥനാക്കുവാൻ ആളുകൾ വന്നു. രണ്ടുമണിക്കൂറിന്നകംതന്നെ അദ്ദേഹം ബന്ധിതനാക്കപ്പെട്ടു. എന്നാൽ അദ്ദേഹത്തെ ബന്ധിതനാക്കാൻ വന്നവർക്കാകട്ടെ ഒന്നും സംഭവിച്ചില്ല. റസൂൽതിരുമേനിയെ ബന്ധനസ്ഥനാക്കാൻ കിസ്രായുടെ രണ്ടു ശിപ്പായിമാർ വന്നപ്പോൾ തിരുമേനി(സ) അവരുടെ മുമ്പാകെ ഇസ്ലാം പ്രബോധനം ചെയ്യുകയുണ്ടായി. പിറ്റേന്ന് രാവിലെ അദ്ദേഹം അവരെ വിളിച്ചു *'ഇന്നു നിങ്ങളുടെ ദൈവം കൊലചെയ്യപ്പെട്ടിരിക്കുന്നു, എൻെറ ദൈവം അവൻെറമേൽ ശിർഹയയുടെ ആധിപത്യം അടിച്ചേല്പിച്ചിരിക്കുന്നു'* എന്നു പറയുകയുണ്ടായി. രണ്ടു നബിമാരെയും ഒന്നിവിടെ താരതമ്യപ്പെടുത്തി നോക്കുക. റസൂൽതിരുമേനിയുടെ ദുആയുടെ ഫലമായി കിസ്രായ്ക്ക് നാശം സംഭവിച്ചതുപ്രകാരം മസീഹിനെ ബന്ധനസ്ഥനാക്കാൻ വന്നവരിൽ രണ്ടുനാലുപേരെയെങ്കിലും നശിപ്പിച്ചുകൂടെ? ഇതിൽനിന്നും തിരുമേനിയുടെ ഗാംഭീര്യവും പ്രതാപവും നിലനില്ക്കണമെന്നു അല്ലാഹു ഇച്ഛരിച്ചിരുന്നതായി കാണാവുന്നതാണ്".

*(മൽഫൂസാത്ത് VI - 48)*

## നാലു വിശിഷ്ട ദൈവീകഗുണങ്ങളുടെ പ്രതീകം

"സുറ:ഫാത്തിഹയിൽ അല്ലാഹു വ്യക്തമാക്കിയ തന്റെ

Scanned with CamScanner

നാലു വിശിഷ്ട ഗുണങ്ങളുടെ പരിപൂർണ്ണ പ്രതികമായിരുന്നു ഹസ്രത്ത് റസൂൽതിരുമേനി(സ.അ). തൻെറ ഒന്നാമത്തെ ഗുണമായി അല്ലാഹു റബ്ബുൽ ആലമിൻ, സർവ്വചരാചരങ്ങളുടെയും സംരക്ഷകനും സർവ്വലോകനിയന്താവും എന്ന് വിശേഷിപ്പിക്കുന്നു. റസുൽതിരുമേനി(സ)യെക്കുറിച്ച് അല്ലാഹു: *'നാം നിന്നെ മുഴുലോകത്തിന്നും അനുഗ്രഹമായിട്ടല്ലാതെ അയച്ചിട്ടില്ല'* എന്നു പറയുകയുണ്ടായി. (21:108)

റബ്ബുൽ ആലമിൻ എന്ന ഗുണം മുഴുലോകത്തിൻെറയും രക്ഷാകർത്തൃത്വം തെളിയിക്കുന്നുവെങ്കിൽ റസുൽതിരുമേനിയുടെ വ്യക്തിത്വം മുഴുലോകത്തിന്നും അനുഗ്രഹദായകവും മുഴുലോകത്തിന്നും രക്ഷാമാർഗ്ഗം പ്രദാനം ചെയ്യുന്നതും ആണെന്നു തെളിയിക്കപ്പെടുന്നു.

രണ്ടാമത്തെ ദൈവീകഗുണം റഹ്മാൻ എന്നതാണ്. തിരുമേനി ഈ ഗുണത്തിൻെറയും പരിപൂർണ്ണ പ്രതികമായിരുന്നു. എന്തെന്നാൽ ഒരുവിധത്തിലുള്ള പ്രതിഫലേച്ഛയും കൂടാതെയുള്ള അനുഗ്രഹങ്ങളായിരുന്നു തിരുനബിയുടേത്. വിശുദ്ധ ഖുർആൻ പറയുന്നു: *ഞാൻ നിങ്ങളോടു ഇതിന്നു പകരമായി ഒരു പ്രതിഫലവും ചോദിക്കുന്നില്ല.* (25:58)

അതേപ്രകാരം അവിടുന്ന് 'റഹീമിയ്യ'ത്തിൻെറയും പ്രതികമായിരുന്നു. റസൂൽതിരുമേനി(സ)യും സഹാബാക്കളും ഇസ്ലാമിന്നു വേണ്ടി ചെയ്തിട്ടുള്ള ത്യാഗങ്ങളും സേവനങ്ങളും ഒരിക്കലും വ്യർത്ഥമാകുന്നില്ല. അതിന്നുള്ള പ്രതിഫലം അവർക്ക് ലഭിക്കുകതന്നെചെയ്തു. റസുൽതിരുമേനിയെക്കുറിച്ച് വിശുദ്ധ ഖുർആനിൽതന്നെ റഹീം എന്ന പദം ഉപയോഗിക്കപ്പെട്ടിരിക്കുന്നു.

അപ്രകാരംതന്നെ അദ്ദേഹം 'മാലിക്കിയ്യത്ത് യൌമിദ്ദീ'ൻെറയും പ്രതീകമായിരുന്നു. അതിൻെറ പരിപൂർണ്ണപ്രകടനം

CS Scanned with CamScanner

മക്കാ വിജയാവസരത്തിൽ പ്രത്യക്ഷമായിരുന്നു. അങ്ങിനെ ഹസ്രത്ത് റസൂൽതിരുമേനി(സ)യിൽ പ്രസ്തുത ദൈവികഗുണങ്ങൾ പ്രത്യക്ഷമായി കാണപ്പെട്ടത് പോലെ മറ്റൊരു പ്രവാചകനിലും കാണപ്പെട്ടിരുന്നില്ല".

*(മൽഫൂസാത്ത് Vol 6, പേ:71)*

## മുഅ്ജിസത്തുകളുടെ നിലയ്ക്കാത്ത പ്രവാഹം

"നിർഭാഗ്യകരമെന്നു പറയട്ടെ, മുസ്ലിംകളിൽ വലിയൊരു വിഭാഗം ദിവ്യാത്ഭുതങ്ങളുടെ കാലഘട്ടം പണ്ടെന്നോ കഴിഞ്ഞുപോയി എന്നു വിശ്വസിക്കുന്നു. ഇത് അവരുടെ ഭാഗ്യദോഷവും നഷ്ടബോധവും ആണ് കാണിക്കുന്നത്. യഥാർത്ഥ ഇസ്ലാമിന്റെ ശ്രേഷ്ഠതകളും പരിപൂർണ്ണതകളും അതുപോലെതന്നെ റസുൽതിരുമേനി(സ)യെ അനുസരിക്കുന്നതിലും അനുഗമിക്കുന്നതിലും ഉണ്ടാകുന്ന മാഹാത്മ്യങ്ങളും അവർ അറിയുന്നില്ല. ഈ പ്രഭാവങ്ങളും അനുഗ്രഹങ്ങളും പണ്ടു കഴിഞ്ഞുപോയി എന്നും അതൊന്നും ഇപ്പോൾ ഉണ്ടാകുന്നില്ല എന്നും ഇക്കൂട്ടർ കരുതുന്നു. ഇത്തരത്തിലുള്ള മൂഢവിശ്വാസം, കാരണമായി ഇവർ ഹസ്രത്ത് റസുൽതിരുമേനിയുടെ മഹത്വത്തിൻമേൽ ആക്രമണം നടത്തുകയും ഇസ്ലാമിൽ ദുഷ്പേരുണ്ടാക്കുകയും ചെയ്യുന്നു. മുസ്ലിംകൾക്കിടയിൽ ഈ വിഷം പരക്കുകയും മുസ്ലിം ഭവനങ്ങളിൽത്തന്നെ റസുൽതിരുമേനിയെ അപമാനിക്കുന്നവർ ജനിക്കുകയും ചെയ്ത ഈ കാലഘട്ടത്തിൽ ഇസ്ലാമിന്റെ മഹത്വങ്ങളും അനുഗ്രഹങ്ങളും ഇന്നും നിലനില്ക്കുന്നുവെന്നു കാണിച്ചുകൊടുക്കുവാനായിട്ടാണ് അല്ലാഹു എന്നെ അയച്ചിരിക്കുന്നത്. ലക്ഷക്കണക്കിലുള്ളവർ പ്രസ്തുത അനുഗ്രഹങ്ങൾക്കു സാക്ഷികളാണെന്നു മാത്രമല്ല അത് അനുഭവവേദ്യരായ നൂറുകണക്കിലാളുകളുമുണ്ടായിട്ടുണ്ട്. ഇത് റസൂൽ തിരുമേനിയുടെ പ്രവാചകത്വത്തിന്നുള്ള ഏറ്റവും വ്യക്തവും ജാജ്വല്യമാനവുമായ ദൃഷ്ടാന്തമാണ്. എനിക്കു കാണിക്കുവാൻ സാധിക്കുന്ന രീതിയിലുള്ള അടയാളങ്ങളും ദൃഷ്ടാന്തങ്ങളും ഇന്ന് മറ്റേ

Scanned with CamScanner

തൊരു പ്രവാചകൻെറ അനുയായികൾക്കും കാണിച്ചുതരു വാൻ സാധ്യമല്ല".

*(മൽഫൂസത്ത് VI, പേ:276, 277)*

## ജീവനുള്ള പ്രവാചകൻ

"ഇക്കൂട്ടർ വിശുദ്ധ ഖുർആൻെറയും സുന്നത്തിൻെറ യും അദ്ധ്യാപനങ്ങൾക്കെതിരായി ഈസാനബി(അ) ആകാശ ത്ത് കുടിപാർക്കുകയാണെന്ന് വാദിക്കുന്നതുകൊണ്ട് കൃസ് ത്യാനികൾക്ക് ഇസ്‌ലാമിനെ ആക്രമിക്കുവാനും വിമർശിക്കു വാനും ഉള്ള പഴുതാണുണ്ടാക്കികൊടുത്തിരിക്കുന്നത്. (ന ഊദു ബില്ലാഹ്) നിങ്ങളുടെ നബി മരിച്ചു മണ്ണടിഞ്ഞിരിക്കു ന്നുവെന്നും ഈസാ(അ) ആകാശത്ത് ജീവനോടുകൂടി ഇരി ക്കുന്നുവെന്നുമുള്ള ന്യായത്തിൽ മുഹമ്മദു നബി(സ)യെ മരിച്ച ഒരു പ്രവാചകനാണെന്നുപറഞ്ഞ് അവർ അദ്ദേഹ ത്തെ അപമാനിച്ചുകൊണ്ടിരിക്കുന്നു. പ്രവാചകശ്രേഷ്ഠനും അഫ്സലുർ റുസുലും ഖാതമുന്നബിയ്യീനും ആയ അവിടു ത്തെ മാഹാത്മ്യത്തിലും ശ്രേഷ്ഠതയിലും ഈ മുസ്ലിംകൾ കളങ്കം ചാർത്തുകയല്ലേ ചെയ്യുന്നത്? തീർച്ചയായും അതെ! ഇക്കൂട്ടർ പാതിരിമാരെക്കൊണ്ട് ഇസ്ലാമിന്നു അപമാനം ഉണ്ടാ ക്കുകയും റസൂൽ തിരുമേനി ഒരു മൃതനാണെന്നു പറയിപ്പി ക്കുകയും ചെയ്തതിൻെറ ഫലമായിട്ടാണ് ഈ നിർഭാഗ്യത്തി ലും അകപ്പെട്ടിരിക്കുന്നത്.

ഒരുഭാഗത്ത് ഇവർ വായകൊണ്ട് അദ്ദേഹം അഫ്സ ലുർ റസൂൽ (പ്രവാചകശ്രേഷ്ഠൻ) എന്നു പറയുകയും അതേ സമയം മറുഭാഗത്ത് അദ്ദേഹം 63 വർഷങ്ങൾക്കുശേ ഷം മരണമടഞ്ഞുവെങ്കിലും ഈസാനബി 2000 വർഷങ്ങളോ ളമായി മരിക്കാതെ വാനത്തിലിരിക്കുകയാണെന്ന് പറയുക യും ചെയ്യുന്നു. എന്നാൽ അല്ലാഹു അവിടുത്തെക്കുറിച്ച് *'താങ്കളിൽ അതിമഹത്തായ ദൈവികാനുഗ്രഹം ഉണ്ട്'* എന്നു പറയുന്നു. എന്ത് ഈ ദൈവവചനം തെറ്റായിരു ന്നോ? അല്ല, ഒരിക്കലുമല്ല. റസൂൽതിരുമേനി മരിച്ചുപോയ

Scanned with CamScanner

പ്രവാചകനാണെന്നു പറയുന്നവർ വ്യാജമാണ് പറയുന്നത്. ഇതിനെക്കാൾ വലിയ അപമാനം വേറെന്താണുള്ളത്. മറ്റൊരു നബിക്കും ലഭ്യമാകാത്ത അതുല്യമാഹാത്മ്യമാണ് റസൂൽ തിരുമേനിക്കു ലഭിച്ചിരുന്നതെന്നതാണ് യാഥാർത്ഥ്യം".

*(മൽഫൂസാത്ത് Vol 5. ഭാ:29)*

"അദ്ദേഹത്തിൻെറ (യേശുമസീഹിൻെറ) മേൽ റസൂൽ തിരുമേനിയുടെ ധാരാളം ഔദാര്യങ്ങൾ ഉണ്ട്. ജൂതന്മാർ അദ്ദേഹത്തിന്നെതിരായി ചെയ്യുന്ന എല്ലാ ആരോപണങ്ങളിൽനിന്നും റസൂൽതിരുമേനി(സ) അദ്ദേഹത്തെ മോചിപ്പിച്ചു. പാവം ജനിച്ചതു മുതൽ ജൂതന്മാർ അദ്ദേഹത്തെ വിമർശന വിധേയനാക്കിക്കൊണ്ടിരിക്കുകയായിരുന്നു. അവർ ആദ്യാന്തം അദ്ദേഹത്തിൽ ശാപാരോപണം ചെയ്തുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ അദ്ദേഹത്തിൻെറ മുസദ്ദിഖ് (അദ്ദേഹത്തെ സാക്ഷ്യപ്പെടുത്തുന്നയാൾ) വേറെ ആരും ഉണ്ടായിരുന്നില്ല. യഹൂദികൾ മാത്രമല്ല അദ്ദേഹത്തിൻെറ ഹവാരിങ്ങൾതന്നെ അദ്ദേഹത്തിന്റെമേൽ ശാപം ചൊരിഞ്ഞിരുന്നു. അവരിൽ പെട്ട ഒരാൾ അദ്ദേഹത്തിൻെറ പേരിൽ മൂന്നുപ്രാവശ്യം ലഅ്നത്തെന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തെ ഉപേക്ഷിക്കാൻ സന്നദ്ധനായി. എന്നാൽ റസൂൽതിരുമേനി(സ) മാത്രമാണ് എല്ലാ ആരോപണങ്ങളിൽനിന്നും അദ്ദേഹത്തെ വിമുക്തനാക്കിയിരിക്കുന്നത്. ഇതിൽപരം എന്ത് ഔദാര്യമാണ് അവിടുന്ന് കാണിക്കേണ്ടത്. അദ്ദേഹത്തിൽ ലഅ്നത്തിന്നു പകരമായി റഹ്മത്തെന്ന പദവി നല്കി അനുഗ്രഹിച്ചു. അങ്ങനെ കോടിക്കണക്കിലുള്ള മുസ്ലിംകൾ അദ്ദേഹത്തെ റഹ്മത്തുല്ലാഹ് (അല്ലാഹുവിൻെറ കാരുണ്യം) എന്നു കരുതുന്നു."

*(മൽഫൂസാത്ത് IV, 177 അടിക്കുറിപ്പ്)*

## ഖാതമുന്നബിയ്യിൻ

"ഈ കാലഘട്ടത്തിൽ ഉണ്ടായ രീതിയിലുള്ള ഭൌതികവും ശാരീരികവും ആയ ഔന്നത്യങ്ങളും മുന്നേറ്റങ്ങളും ഇതിന്നു മുമ്പുള്ള കാലങ്ങളിൽ ഉണ്ടായിരുന്നുവോ? ഉണ്ടായി

Scanned with CamScanner

രുന്നില്ലതന്നെ. അതേപ്രകാരം ആത്മീയമായ എല്ലാ മുന്നേറ്റങ്ങളും അഭിവൃദ്ധികളും ഹസ്രത്ത് റസുൽതിരുമേനി(സ)യിൽ പരിപൂർണ്ണത പ്രാപിച്ചിരിക്കുന്നു. ഖാതമുന്നബിയ്യിൻ എന്നതിന്നു ഇതുതന്നെയാണ് വിവക്ഷ".

*(മൽഫൂസാത്ത് IV ഭാ. 203*

## ജീവനുള്ള ഗ്രന്ഥവും ജീവനുള്ള നബിയും

വിശുദ്ധ ഖുർആൻ പരിപൂർണ്ണവും ജീവസ്സുള്ളതും ആയ ഒരു ഗ്രന്ഥമാണ്. അത് ജീവനുള്ള അമാനുഷിക ഗ്രന്ഥമാണെന്നതിന്നുള്ള മഹത്തായ ദൃഷ്ടാന്തം ഒരു കാലഘട്ടത്തിലും അതിന്നു പഴക്കം ഉണ്ടാവുകയോ നാശംവന്നു ഭവിക്കുകയോ ചെയ്യുന്നതല്ല എന്നുള്ളതാണ്. ഹസ്രത്ത് മൂസാനബി(അ)ക്കു ലഭ്യമായ ദിവ്യാത്ഭുതങ്ങൾ അദ്ദേഹത്തിന്റെ പിൻഗാമികളിൽ ഇന്നു കണ്ടെത്താൻ സാധിക്കുമോ? മൂസാനബിയുടെ കയ്യിൽ ഉണ്ടായിരുന്നത് പോലുള്ള വടിയും അതിന്നു പാമ്പായിത്തീരുവാനുള്ള ശക്തിയും ഇന്നെവിടെയെങ്കിലും കാണാൻ സാധിക്കുമോ? ചുരുക്കത്തിൽ ഇതിന്നുമുമ്പെ വന്ന എല്ലാ പ്രവാചകന്മാരുടെയും അത്ഭുതകൃത്യങ്ങൾ അവരോടൊപ്പം തന്നെ അവസാനിച്ചു പോയിരിക്കുന്നു. എന്നാൽ നമ്മുടെ നബിതിരുമേനി(സ) മൂലം പ്രകടമായ അത്ഭുതങ്ങൾ (മുഅ്ജിസത്തുകൾ) ഓരോ കാലത്തും പ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന നവചൈതന്യങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ആ മുഅ്ജിസകൾ അവസാനിക്കാതെ ഇന്നും നിലനില്ക്കുന്നത് റസൂൽതിരുമേനി(സ) ഒരു ജീവൽ പ്രവാചകനാണെന്നതിന്നുള്ള മഹത്തായ ദൃഷ്ടാന്തമാണ്. അദ്ദേഹത്തിന്നു ലഭ്യമായത് തന്നെയാണ് മറ്റാർക്കും ലഭ്യമല്ലാത്ത യഥാർത്ഥ ജീവിതം. അദ്ദേഹത്തിൻെറ അദ്ധ്യാപനങ്ങളും അവയുടെ മാധുര്യമേറിയ ഫലങ്ങളും അനുഗ്രഹങ്ങളും 1300 വത്സരങ്ങൾക്കു മുമ്പുള്ളത് പോലെ ഇന്നും നിലനില്ക്കുന്നു. മറ്റൊരു അദ്ധ്യാപനവും, അതനുസരിച്ചു നടക്കുന്നവർക്ക് ദൈവികാനുഗ്രഹങ്ങൾ ലഭ്യമാണെന്നു വാദിക്കുന്ന നിലയിൽ ഇന്നു കാണപ്പെടുന്നില്ല. അതിന്നുള്ള ദൃഷ്ടാന്തമാണ്

CS Scanned with CamScanner

താൻ എന്ന് ആർക്കും വാദിക്കുവാൻ സാധ്യമല്ല. എന്നാൽ നാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളുടെ ഫലങ്ങളുടെയും അനുഗ്രഹങ്ങളുടെയും മാതൃകകൾ ഇന്നും നിലനില്ക്കുന്നതായി കാണുന്നു. തിരുമേനി(സ)യെ യഥാർത്ഥമായി പിന്തുടരുന്നവർക്ക് പ്രസ്തുത അനുഗ്രഹങ്ങളും ഫലങ്ങളും ലഭിച്ചുകൊണ്ടിരിക്കുന്നതായും നാം കാണുന്നു.

അല്ലാഹു ഈ പ്രസ്ഥാനത്തെ (അഹ്മദിയാ ജമാഅത്തിനെ) സ്ഥാപിച്ചിരിക്കുന്നതുതന്നെ ഇസ്ലാമിൻെറ നിരുപമമായ സത്യത്തെ ജീവിപ്പിച്ചു കാണിക്കുന്നതിന്നും റസൂൽ തിരുമേനിയെ അനുസരിക്കുകയും പൂർണ്ണമായും പിൻപറ്റുകയും ചെയ്യുന്നത്കൊണ്ട് ആയിരത്തിമുന്നൂറുവർഷങ്ങൾക്കു മുമ്പ് പ്രകടമായിരുന്ന ദൈവികാനുഗ്രഹങ്ങൾ ഇന്നും ലഭ്യമാണെന്ന് സ്ഥാപിക്കുന്നതിന്നും വേണ്ടിയാണ്. നൂറുകണക്കിലുള്ള ദൃഷ്ടാന്തങ്ങൾ ഇതുവരെ വെളിപ്പെട്ടിരിക്കുന്നു. എനിക്കെതിരായി നിന്നുകൊണ്ട് തങ്ങളുടെ സത്യസാക്ഷ്യം തെളിയിക്കുവാൻ ഞാൻ എല്ലാ മതനേതാക്കളെയും സമുദായ നായകന്മാരെയും ക്ഷണിക്കുകയുണ്ടായി. എന്നാൽ തൻെറ മതത്തിൻെറ സത്യസാക്ഷ്യം തെളിയിക്കുവാൻ ആരുംതന്നെ രംഗത്ത് വന്നില്ല.

നാം അല്ലാഹുവിൻെറ വചനമായ വിശുദ്ധ ഖുർആനെ അമാനുഷികവും പരിപൂർണ്ണവുമായ ഗ്രന്ഥമാണെന്നു വിശ്വസിക്കുന്നു. മറ്റൊരു ഗ്രന്ഥത്തിന്നും അതിന്നെതിരിൽ നില്ക്കുവാൻ സാധ്യമല്ല എന്നതാണ് നമ്മുടെ ഉറച്ച വിശ്വാസവും വാദവും".

*(മൽഫൂസാത്ത് III, ഭാ: 37,38)*

## മുഹമ്മദ് - ഏറ്റവുമധികം സ്തുത്യർഹൻ

"ആകാശവും ഭൂമിയും ഒന്നുപോലെ സ്തുതിക്കുന്നത് കൊണ്ടാണ് ഹസ്രത് റസൂൽ(സ) തിരുമേനിയുടെ നാമം മുഹമ്മദ് എന്നു വന്നിരിക്കുന്നത്. അതിൻെറ വിവക്ഷിതം

Scanned with CamScanner

ഏറ്റവും അധികം സ്തുതിക്കപ്പെട്ടവൻ എന്നാണ്. ലോകത്ത് പലരെയും, ഭൂമിയിലുള്ളവർ അപമാനിക്കുകയും അവഹേളിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതു നാം കാണുന്നു. എന്നാൽ വാനലോകത്ത് അവർ സ്തുതിക്കപ്പെടുന്നു. അവർ ദൈവസമക്ഷത്തിൽ സാത്വികരായി സ്തുതിക്കപ്പെടുന്നു. ചിലരെ ലോകം അങ്ങേഅറ്റം സ്തുതിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നു. എന്നാൽ വാനലോകം അവരെ ശപിക്കുന്നു. അല്ലാഹുവും അവന്റെ മലക്കുകളും ദൈവസാമിപ്യം പ്രാപിച്ച മഹാത്മാക്കളും അവരുടെ പേരിൽ ശാപം ചൊരിയുന്നു. എന്നാൽ നമ്മുടെ നബി(സ) തിരുമേനിയെ ഭൂലോകവും വാനലോകവും സ്തുതിക്കുന്നു. ഈ അഭിമാനവും അനുഗ്രഹവും നമ്മുടെ പ്രിയപ്പെട്ട നബിക്കുമാത്രമാണ് ലഭിച്ചിരിക്കുന്നത്. റസൂൽതിരുമേനിക്കു ലഭ്യമായതുപോലുള്ള ദൈവഭക്തരും നിഷ്കാമകർമികളും ഉള്ള ഒരു പരിശുദ്ധ ജമാഅത്ത് മറ്റൊരു നബിക്കും ലഭിച്ചിരുന്നില്ല".

*(മൽഫൂസാത്ത് III, 83,84)*

## നിസ്തുല്യധാർമ്മിക ഗുണങ്ങൾ

"ഹസ്രത്ത് റസൂൽതിരുമേനിക്കുണ്ടായിരുന്ന ധാർമ്മിക ഗുണങ്ങൾ മറ്റൊരു പ്രവാചകനിലും ഉണ്ടായിരുന്നില്ല എന്ന കാര്യം ഞാൻ ഇതിന്നു മുമ്പും പറയുകയുണ്ടായിട്ടുണ്ട്. കാരണം ധാർമ്മികഗുണങ്ങൾ പ്രകടിപ്പിക്കുവാനും പ്രവർത്തിക്കുവാനുമുള്ള സന്ദർഭങ്ങൾ ലഭ്യമാകുന്നതുവരെ അത്തരം ധാർമ്മികഗുണങ്ങൾ സുസ്ഥാപിതമാകുന്നില്ല. ഉദാഹരണമായി ദാനശീലം അല്ലെങ്കിൽ ഔദാര്യം എന്ന ധാർമ്മികഗുണം പ്രകടിപ്പിക്കുവാൻ ധനം ആവശ്യമാണ്. അതില്ലെങ്കിൽ പിന്നെ ദാനശീലം എങ്ങനെയാണ് പ്രകടിപ്പിക്കുവാൻ സാധിക്കുക. അതേപ്രകാരം തന്റെ ധീരവീരപരാക്രമങ്ങൾ പ്രകടിപ്പിക്കുവാൻ യുദ്ധം ആവശ്യമാണ്. അതേപ്രകാരം അധികാരം ലഭിക്കുന്നതുവരെ പൊറുത്തുകൊടുക്കുക എന്ന ഗുണം വെളിപ്പെടുത്തുവാൻ സാധിക്കുന്നതല്ലല്ലോ. ചുരുക്കത്തിൽ ഓരോ ധാർമ്മികഗുണവും അതുമായി ബന്ധപ്പെട്ട സന്ദർഭ

Scanned with CamScanner

വും ആയി സംയോജിക്കപ്പെട്ടിരിക്കുന്നു. നബിതിരുമേനിയ്ക്ക് എല്ലാവിധ ധാർമ്മികഗുണങ്ങളും വെളിപ്പെടുത്താനുള്ള സന്ദർഭങ്ങളും അവസരങ്ങളും ദൈവാനുഗ്രഹത്താൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ഈസാനബിക്ക് അത്തരത്തിലുള്ള സന്ദർഭങ്ങൾ ലഭിച്ചിരുന്നില്ല. ഉദാഹരണമായി റസൂൽ തിരുമേനി(സ)ക്ക് ദാനധർമ്മം ചെയ്യുവാനുള്ള പല സന്ദർഭങ്ങളിൽ ഒന്നു ഇതായിരുന്നു: ഒരവസരത്തിൽ അവിടുത്തെയടുക്കൽ ധാരാളം ആടുകളും ചെമ്മരിയാടുകളും ഉണ്ടായിരുന്നു. ഒരവിശ്വാസി അവിടുത്തോട് താങ്കളുടെ കയ്യിൽ കൈസറിൻെറയും കിസ്രായുടെയും കൈവശംകൂടി ഇല്ലാത്തത്ര ആടുകൾ ഉണ്ടല്ലോ എന്നു പറഞ്ഞപ്പോൾ തിരുമേനി പ്രസ്തുത എല്ലാ ആടുകളും അവന്ന് ദാനം ചെയ്തു. ഒരു നബിക്കല്ലാതെ ഇത്രമാത്രം മഹോന്നതമായ ദാനശീലം ഉണ്ടാകാൻ വഴിയില്ല എന്നു പറഞ്ഞുകൊണ്ട് അയാൾ തിരുമേനി(സ)യിൽ ഈമാൻ കൊള്ളുകയുണ്ടായി. റസൂൽതിരുമേനിയെ മർദ്ദിക്കുകയും ദ്രോഹിക്കുകയും പലവിധത്തിലുള്ള ആക്രമങ്ങൾക്കും വിധേയരാക്കുകയും ചെയ്തവർ മക്കാ വിജയാവസരത്തിൽ അദ്ദേഹത്തിൻെറ മുമ്പാകെ സന്നിഹിതരാക്കപ്പെട്ടപ്പോൾ അദ്ദേഹം ഇച്ഛരിച്ചിരുന്നെങ്കിൽ എല്ലാവരേയും വധശിക്ഷയ്ക്ക് വിധിക്കാമായിരുന്നു. എന്നാലദ്ദേഹം അവരോടു അനുകമ്പയും കാരുണ്യവും കാണിച്ചുകൊണ്ട് *'ലാ തത്രീബ അലൈക്കുമുൽ യൌമ'* എന്നു പറഞ്ഞുകൊണ്ട് അവർക്കൊക്കെ പൊതുമാപ്പു കൊടുക്കുകയാണുണ്ടായത്. ഈ അന്യാദൃശമായ പെരുമാറ്റം കണ്ടപ്പോൾ അവരൊക്കെ സർവ്വാത്മനാ ഇസ്ലാംമതം ആശ്ലേഷിക്കുകയുണ്ടായി. ഇത്തരത്തിലുള്ള അതിമഹത്തായ ധാർമ്മികഗുണം മറ്റേതെങ്കിലും പ്രവാചകനിൽ കാണ്മാൻ സാധിക്കുമോ? ഒരിക്കലും ഇല്ല. അവിടുത്തെയും അവിടുത്തെ ബന്ധുക്കളെയും സഹാബാക്കളെയും അങ്ങേയറ്റത്തെ മർദ്ദനങ്ങൾക്കിരയാക്കുകയും ഒരിക്കലും പൊറുത്തു കൊടുക്കാൻ വയ്യാത്ത രീതിയിലുള്ള അന്യായയങ്ങൾക്ക് വിധേയരാക്കുകയും ചെയ്ത ആ കിരാതർക്ക് ശിക്ഷകൊടുക്കാനുള്ള ശക്തിയും അധികാരവും ഉണ്ടാ

CS Scanned with CamScanner

യിട്ടും ഉടനെതന്നെ അവിടുന്ന് അവർക്ക് പൊറുത്തുകൊടുക്കുകയാണുണ്ടായത്. അദ്ദേഹം അവർക്ക് ശിക്ഷ കൊടുക്കുകയാണെങ്കിൽത്തന്നെ അത് തികച്ചും ന്യായത്തിലും നിതിയിലും അധിഷ്ഠിതമായ കാര്യമാകുമായിരുന്നു. എന്നാലദ്ദേഹം അവർക്ക് പൊറുത്തുകൊടുത്തുകൊണ്ട് അതിവിശിഷ്ടമായ മാതൃക കാണിച്ചു. മറ്റു അത്ഭുതകൃത്യങ്ങൾ കൂടാതെ ഇത്തരത്തിലുള്ള കാര്യങ്ങളായിരുന്നു സഹാബാക്കളെ പ്രഭാവിതരാക്കിയത്. അതുകൊണ്ടുതന്നെ അവിടുന്ന് തൻെറ മുഹമ്മദ് (സ്തുത്യർഹൻ) എന്ന പേരിന്ന് സാർത്ഥകനായിത്തിർന്നു. ഭൂമിയിൽ സ്തുതിക്കപ്പെടുന്നതുപോലെ ആകാശത്തും അദ്ദേഹം സ്തുതിക്കപ്പെടുന്നു. വാനലോകത്തും അദ്ദേഹം മുഹമ്മദ് ആയിരുന്നു. അദ്ദേഹത്തിൻെറ ഈ നാമം അല്ലാഹു ലോകത്തിൽ ഒരു മാതൃകയെന്നോണം പ്രദാനം ചെയ്തതാണ്. ഒരു മനുഷ്യൻ ഇത്തരത്തിലുള്ള ധാർമ്മിക ഗുണങ്ങൾ തങ്ങളിൽ സ്വായത്തമാക്കാത്തിടത്തോളംകാലം അവന്ന് ഒരു നന്മയും കൈവരുന്നതല്ല. റസൂൽതിരുമേനിയുടെ ധാർമ്മികഗുണവും ജിവിതചര്യയും മനുഷ്യൻ സ്വായത്തമാക്കാത്ത കാലത്തോളം പരിപൂർണ്ണമായ രിതിയിൽ ദൈവ സ്നേഹം അവനിൽ സംജാതമാകുന്നതുമില്ല.

അല്ലാഹു വിശുദ്ധ ഖുർആനിൽ ഇപ്രകാരം പറയുന്നു:

قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ

اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللَّهُ غَفُورٌ رَّحِيمٌ ﴿٣٢﴾

*'നീ പറയുക നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻപറ്റുക. അപ്പോൾ അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതായിരിക്കും'*(3:32) അതായത് ദൈവസ്നേഹപ്രാപ്തിക്കു റസൂൽ തിരുമേനിയെ പിൻപറ്റേണ്ടത് അവശ്യമാണ്. യഥാർത്ഥത്തിലുള്ള അനുസരണം, തിരുനബിയുടെ ധാർമ്മികഗുണങ്ങളുടെ വർണ്ണം സ്വായത്തമാക്കുക എന്നുള്ളതാണ്. എന്നാൽ പരിതാപകരമെന്നു പറയട്ടെ, തിരു

Scanned with CamScanner

മേനിയെ പിൻപറ്റുക എന്നത് നമസ്കാരത്തിൽ രണ്ടു കൈകളും ഉയർത്തുക, ശബ്ദത്തോടുകൂടി ആമീൻ ചൊല്ലുക, കൈവിരൽ ചൂണ്ടുക എന്നിത്യാദികാര്യങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. റസൂൽതിരുമേനിയുടെ മറ്റു വിശിഷ്ടഗുണങ്ങൾ ഇവർ ഉപേക്ഷിച്ചുകളഞ്ഞു. എത്രയും എളുപ്പമേറിയ കാര്യങ്ങൾ അനുസരിക്കുകയും കടുപ്പമേറിയ കാര്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്നത് കപടവിശ്വാസികളുടെ പണിയാണ്. എന്നാൽ സത്യവാനായ ഒരു മുസൽമാൻെറ ഈമാൻെറയും ഔന്നത്യങ്ങളുടെയും അവസാനത്തെ സ്ഥാനം റസൂൽ തിരുമേനി(സ)യെ പരിപൂർണ്ണമായി അനുസരിക്കുകയും അദ്ദേഹത്തിൻെറ ധാർമ്മികഗുണങ്ങളെ സ്വായത്തമാക്കുകയും ചെയ്യുക എന്നതാണ്. സത്യത്തെ സ്വീകരിക്കാത്തവൻ സ്വയം വഞ്ചിക്കുകയാണു ചെയ്യുന്നതു. ഇന്നു ലോകത്ത് കോടിക്കണക്കിലുള്ള മുസ്ലിംകൾ ഉണ്ട്. പള്ളികളും ജനനിബിഡങ്ങളായി കാണപ്പെടുന്നു. എന്നാൽ ഒരു ബർക്കത്തും അവിടങ്ങളിൽ കാണപ്പെടുന്നില്ല. ഇപ്പോൾ ചെയ്യപ്പെടുന്നതെല്ലാംതന്നെ വെറും ആചാരാനുഷ്ഠാനങ്ങൾ മാത്രമായി അവശേഷിച്ചിരിക്കുകയാണ്".

*(മൽഫൂസാത്ത് III, 86,87)*

## തൻെറ ആഗമനോദ്ദേശ്യം

"ഏതുവരെ റസൂൽതിരുമേനി(സ)യെ ഖാതമുന്നബിയ്യീൻ എന്നു വിശ്വസിക്കുകയും നവീനങ്ങളായ അനിസ്ലാമിക വിശ്വാസങ്ങളെ ഉപേക്ഷിക്കുകയും വാക്കിലും പ്രവൃത്തിയിലും തിരുനബി(സ)യെ ഖാതമുന്നബിയ്യീൻ എന്നു കരുതുകയും ചെയ്യുന്നില്ലയോ അതുവരെ ആർക്കും സത്യവാനായ മുസ്ലിമും റസൂൽതിരുമേനിയുടെ യഥാർത്ഥ ദാസനും ആകാൻ സാധ്യമല്ല. റസൂൽതിരുമേനി(സ)യുടെ പ്രവാചകത്വത്തെ എന്നെന്നേക്കുമായി നിലനിറുത്തുകയും നവീനനിർമ്മിതങ്ങളായ വ്യാജനുബുവ്വത്തുകളെ പാടെ നശിപ്പിക്കുക

CS Scanned with CamScanner

യും ചെയ്യുക എന്ന ഉദ്ദേശ്യം മാത്രമേ നമുക്കുള്ളു. നമ്മുടെ ഹൃദയത്തിൽ അലതല്ലുന്ന അഭിവാഞ്ചയും ഇതുമാത്രമാണ്. നിങ്ങൾ നാവുകൊണ്ടു മാത്രം ഖാതമുന്നബിയിൻ എന്നു പറയുകയും തന്നിഷ്ടപ്രകാരം നടക്കുകയും ചെയ്യുന്നതാണ് അല്ലാഹുവിൻെറ അഭീഷ്ടമെന്ന് കരുതുന്നത് എത്ര മാത്രം അന്യായവും ദ്രോഹവും ആണ്. നിങ്ങൾ സ്വയം ഒരു ശരീഅത്ത് ആവിഷ്കരിച്ചിരിക്കുകയാണ്. ബഗ്ദാദീ നമസ്കാരം, മഅ്ക്കരൂസ് നമസ്കാരം എന്നൊക്കെ നിങ്ങൾ കണ്ടുപിടിച്ച കാര്യങ്ങളാണ്. വിശുദ്ധ ഖുർആനിൽ നിന്നും നബികരീം (സ)ൻെറ ജീവിതചര്യകളിൽ നിന്നും ഇത്തരം കാര്യങ്ങൾ നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുമോ? അതേപ്രകാരം യാ *ശൈഖ് അബ്ദുൽ ഖാദിർ ജീലാനി ശൈയൻ ലില്ലാഹ്* എന്നു പറയുന്നത് ഖുർആനിൽനിന്നു തെളിയുന്ന കാര്യമാണോ? റസൂൽതിരുമേനിയുടെ കാലത്ത് ശൈഖ് അബ്ദുൽ ഖാദിർ ജീലാനി(റ)യുടെ അസ്തിത്വം തന്നെ ഉണ്ടായിരുന്നില്ലല്ലോ.... ഇത്തരത്തിലുള്ള അനിസ്ലാമികവിശ്വാസങ്ങൾ വെച്ചുപുലർത്തുന്ന നിങ്ങൾ, ഞാൻ ഖാതമുന്നബിയ്യിൻെറ മുദ്രയുടച്ചു എന്നു എൻെറമേൽ കുറ്റാരോപണം ചെയ്യുകയാണോ? വാസ്തവത്തിൽ നിങ്ങൾ നിങ്ങളുടെ പള്ളികളിൽ ബിദ്അത്തുകൾക്കു പ്രവേശനം നൽകാതെയും ഖാതമുന്നബിയ്യീൻ കൊണ്ടുവന്ന സത്യപ്രവാചകത്വത്തിൽ വിശ്വസിച്ചു അദ്ദേഹത്തെ പിന്തുടരുകയും അദ്ദേഹത്തെ ഇമാമായി സ്വീകരിച്ചു ജീവിക്കുകയും ചെയ്യുന്നുവെങ്കിൽ പിന്നെ എൻെറ ആഗമനത്തിൻെറ ഉദ്ദേശ്യമെന്താണ്? നിങ്ങളുടെ ഇത്തരത്തിലുള്ള ബിദ്അത്തുകളും നവീന നുബുവ്വത്തുകളും കാരണമാണ് റസൂൽ തിരുനേിയുടെ പ്രതിച്ഛായയെന്നോണം എന്നെ അയക്കുവാൻ അല്ലാഹു തുനിഞ്ഞിരിക്കുന്നത്. ഈ വ്യാജ നുബുവ്വത്തുകളുടെ വിഗ്രഹങ്ങളെ ഉടക്കുക്യും നശിപ്പിച്ചു നാമാവശേഷമാക്കുകയും ചെയ്യുവാനാണ് അല്ലാഹു എന്നെ അയച്ചിരിക്കുന്നത്......... ചുരുക്കത്തിൽ അല്ലാഹു ഈ ജമാഅത്തിനെ സ്ഥാപിച്ചത് റസൂൽതിരുമേനിയുടെ നുബുവ്വത്തും

Scanned with CamScanner

യഥാർത്ഥ ഇസ്ലാമും ലോകത്ത് പുനഃസ്ഥാപിക്കുവാനാണ്".
*(മൽഫൂസാത്ത് III, ഭാ: 90, 91, 92)*

അല്ലാഹുവിൽ നിന്നു നിയുക്തരായി അവതരിക്കുന്നവർ രണ്ടു തരത്തിലാണുള്ളതെന്നു ഞാതിനിന്നു മുമ്പെ വിവരിക്കുകയുണ്ടായി. ഒരുകൂട്ടർ ന്യായപ്രമാണത്തോടുകൂടിവരുന്നവരാണ്. ഉദാഹരണമായി ഹസ്രത്ത് മൂസാനബി(അ). മറ്റൊരു കൂട്ടരാകട്ടെ ന്യായപ്രമാണത്തെ പുനർജ്ജീവിപ്പിക്കുവാൻ വരുന്നവരത്രെ. ഉദാഹരണമായി ഹസ്രത്ത് ഈസാനബി(അ.)

നമ്മുടെ നബികരീം(സ) നുബുവ്വത്തിൻെറ ഖാതം ആയ പരിപൂർണ്ണ ന്യായപ്രമാണത്തോടുകൂടി വന്ന പ്രവാചകനായിരുന്നു. റസൂൽതിരുമേനിക്കുശേഷം നാം മറ്റൊരു ശരിഅത്തിൻെറ ആവശ്യകതയെ അംഗീകരിക്കുന്നില്ല. നമ്മുടെ നബി കരീം ഹസ്രത് മുഹമ്മദ് മുസ്തഫാ(സ) മൂസാനബിക്കു സദൃശ്യനായിരുന്നു. അതേപ്രകാരം മൂസവീ ശരിഅത്തിൽ ഈസാനബി ഖാതമുൽ ഖുലഫാ ആയി വന്നതുപോലെ മുഹമ്മദ്നബിയുടെ 'ശരിഅത്തി'ൽ ഖാതമുൽ ഖുലഫാ ആയി ഞാൻ വന്നിരിക്കുന്നു. മസീഹ്(അ) പുതിയൊരു ശരിഅത്തും കൊണ്ടുവന്നിട്ടില്ല. മൂസവീ ശരിഅത്തിൻെറ പുനരുജ്ജീവനത്തിന്നായിരുന്നു അദ്ദേഹം അവതിർണ്ണനായത്. അതേപ്രകാരം ഞാൻ പുതിയൊരു ശരിഅത്തും കൊണ്ടുവന്നിട്ടില്ല. വിശുദ്ധ ഖുർആനു ശേഷം പുതിയൊരു ശരിഅത്തിന്റെ ആവശ്യകത എൻെറ ഹൃദയം ഒരിക്കലും അംഗീകരിക്കുന്നില്ല. കാരണം അതു പരിപൂർണ്ണ ന്യായപ്രമാണവും ഖാതമുൽകുതുബുമാണ്. അതേപ്രകാരം അല്ലാഹു എന്നെ മുഹമ്മദീ ശരിഅത്തിൻെറ പുനർജ്ജീവനത്തിന്നായി ഈ നൂറ്റാണ്ടിൽ ഖാതമുൽഖുലഫാ ആയിട്ടാണു അയച്ചിരിക്കുന്നത്".
*(മൽഫൂസാത്ത് II, 272)*

"എൻെറ വാദത്തെ പുതിയൊരു വാദമാണെന്നിവർ കരുതുന്നത് അത്ഭുതാവഹംതന്നെ. ബറാഹീൻ അഹ്മദിയായിൽ നബിയെന്നും റസൂൽ എന്നും ഉള്ള പദങ്ങളടങ്ങിയ

CS Scanned with CamScanner

ഇൽഹാമുകൾ ഉണ്ട്. പ്രസ്തുത ഗ്രന്ഥത്തിൽ രേഖപ്പെട്ടുകിടക്കുന്ന *'ഹുവല്ലദി അർസല റസൂലഹു'* എന്നും *'ജരിയുല്ലാഹി ഫി ഹുലലിൽ അമ്പിയായി'* എന്നും ഉള്ള ഇൽഹാമുകളെപ്പറ്റി ഇക്കൂട്ടർ ചിന്തിക്കുന്നില്ല. അതേപ്രകാരം വ്യസനകരമെന്നു പറയട്ടെ ഇസ്രായീലിൽ അവതരിച്ച ഒരു പ്രവാചകൻ വീണ്ടുമവതരിക്കുമ്പോൾ ഖതമുന്നുബുവ്വത്തിന്റെ മുദ്ര ഉടയുകയില്ലെന്നും എന്നാൽ റസൂൽ തിരുമേനിതന്നെ (അദ്ദേഹത്തിന്റെ പ്രതിച്ഛായ) വരുമ്പോൾ അത് ഉടഞ്ഞുപോകുമെന്നും ഇവർ പറയുന്നു. എന്തൊരു വിരോധാഭാസമാണിത്? ഇസ്രായീലിലെ മസീഹിനെ ആകാശത്തുനിന്ന് ഇറക്കുന്ന ഇവർതന്നെയാണ് ഖതമുന്നുബുവ്വത്തിൻെറ നിഷേധികൾ. നമ്മുടെ പക്കൽ പുതിയതോ പഴയതോ ആയ ഒരു നബിയും വന്നിട്ടില്ല. മറിച്ചു നമ്മുടെ വിശ്വാസം റസുൽതിരുമേനിയുടെതന്നെ പുതപ്പണിഞ്ഞുകൊണ്ടാണ് ഒരാൾ അവതിർണ്ണനായിട്ടുള്ളതെന്നാണ്".

## ഹസ്രത്ത് വാഗ്ദത്ത മസീഹി(അ)ൻെറ അറബി കവിതകളിൽനിന്ന്

1. മുഹമ്മദു റസുലുല്ലായുടെ പാതയെ പ്രിയപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്ത ആൾ അനുഗൃഹിതൻ! ആ പ്രകാശപൂരിതം പോലുള്ള മറ്റൊരു സൂര്യനെയും നമുക്കുകാണാനായിട്ടില്ല.

2. നമുക്കു നബിതിരുമേനി കാണിച്ചുതന്ന രക്ഷാമാർഗ്ഗം മുഖേന അല്ലാഹുവിനെ സമീപിക്കുവാൻ സാധിച്ചു. അതുകൊണ്ട് അവിശ്വാസിയായ നസ്രാണി പറയുന്നത് നി അവഗണിച്ചുകളയുക.

3. എല്ലാ സമുദായങ്ങളിലും സംഹാരാത്മകമായ അന്ധകാരം പരന്നിരിക്കുന്നു. തീർച്ചയായും പരിശുദ്ധ നബി (സ) പ്രകാശം വിതറുന്ന പൂർണ്ണചന്ദ്രനത്രെ.

4. നിശ്ചയമായും റസൂൽ കരിം(സ) എൻെറ ജിവൻെറ ജിവനാണ്. അവിടുത്തെ മധുരസ്മരണയിൽ ഞാൻ

Scanned with CamScanner

ഫലഭൂയിഷ്ടനായിത്തീർന്നു.

5. മറ്റെല്ലാ വാക്കുകളും നീ ഉപേക്ഷിച്ചുകളയുക. തിരുമേനി (സ)യുടെ വചസ്സുകൾ മാത്രം നീ ഉൾക്കൊള്ളുക. തിരുനബിയെ മാത്രം നീ പിൻപറ്റുകയും ചെയ്യുക. നിനക്ക് മോക്ഷം ലഭിക്കും; നീ പൊറുക്കപ്പെടും.

6. അവിടുത്തെ അനുഗമിക്കാതെ കണ്ടുള്ള ഒരു രക്ഷാമാർഗ്ഗവും ഇല്ലതന്നെ. അവിടുത്തെ അദ്ധ്യാപനങ്ങൾക്കെതിരിൽ ആരെന്തു പറഞ്ഞാലും അതു വിനാശകരവുമായിരിക്കും.

7. അദ്ദേഹത്തിൻെറ അദ്ധ്യാപനങ്ങളെ തള്ളിപ്പറയുന്നവർ അല്പം കൂടി ലജ്ജ ഇല്ലാത്തവരാണ്. അവരാകട്ടെ ശാപഗ്രസ്തരുമത്രെ. അടുത്തുതന്നെ അവർ അതിന്നുള്ള ദുഃഖം ഏറ്റുവാങ്ങും.

8. റസൂൽ തിരുമേനി(സ) കാണിച്ചുതന്ന സത്യമാർഗ്ഗത്തിന്നു പകരമായി മറ്റു മാർഗ്ഗങ്ങളെ ഭക്തിമാർഗ്ഗമായി ഗണിക്കുന്നവനാരോ അവൻ പിശാചും ധിക്കാരിയും ദ്രോഹിയും അല്ലാതെ മറ്റാരുമല്ല.

9. അല്ലാഹുവിനാണെ സത്യം, നമ്മുടെ വേദഗ്രന്ഥമായ വിശുദ്ധ ഖുർആൻ ഹിദായത്തിൻെറ (സത്യമാർഗ്ഗത്തിന്റെ) മഹാസാഗരമാണ്.

അല്ലാഹുവിനാണെ സത്യം നമ്മുടെ പ്രവാചപുംഗവൻ (സ) വിജ്ഞാനങ്ങളുടെ ഭണ്ഡാരമാണ്.

10. അവിടുന്ന് കൊണ്ടുവന്ന മതം (ഇസ്ലാം) പുനരുത്ഥാന നാൾവരെ നിലനില്ക്കുന്ന ഒന്നായിരിക്കും. അവിടുത്തെ യഥാർത്ഥഉമ്മത്തിൽ ഒരു മാറ്റിമറിയും വരുന്നതല്ല.

11. ഞങ്ങൾ ഇഹലോകത്തും പരലോകത്തും തിരുമേനി(സ) യുടെ ചര്യകൾക്കു മാത്രമെ മുൻഗണന നൽകുകയുള്ളൂ. ആ പ്രവാചകവര്യൻെറ ചര്യകൾ ഏറ്റവും ശ്രേഷ്ഠ

Scanned with CamScanner

വും മഹോന്നതവും ആണ്.

12. അല്ലാഹുവിനാണെ, മുഴുവൻലോകത്തിൻെറയും ആത്മീയ നേതാവും അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെട്ട മഹാത്മാവും ആയ ദൈവത്തിൻെറ ആ ഇഷ്ടദാസൻ എന്നെന്നും സ്തുതിക്കപ്പെടും.

13. അദ്ദേഹം ദയാലുവും കാരുണ്യവാനും വിധിവിലക്കുകളുടെ അധിപനും ആണ്. അതേ പ്രകാരം സുവിശേഷകനും താക്കീതുകാരനും ദു:ഖവേളകളിൽ ആശ്വാസദായകനും അത്രെ.

14. അദ്ദേഹത്തിന്നു ലഭ്യമായ ഉന്നതസ്ഥാനങ്ങൾക്കു പങ്കുകാരനായി മറ്റാരും തന്നെ ഇല്ല. അദ്ദേഹത്തിൻെറ നന്മകളുടെയും ഔദാര്യങ്ങളുടെയും സമുദ്രത്തിന്നു സമാനമായി മറ്റൊരു സമുദ്രവും ഇല്ലതന്നെ.

15. റഹ്മാനായ റബ്ബ് തൻെറ എല്ലാ സൃഷ്ടികളിലും വെച്ചു അദ്ദേഹത്തെ ഇഷ്ടപ്പെട്ടു. അദ്ദേഹത്തിൻെറ ശോഭയാകട്ടെ, അദ്ദേഹത്തെ സൂര്യനും ചന്ദ്രനും ആക്കിത്തീർത്തു.

16. അങ്ങ് ദയാലുവും കാരുണ്യവാനും എല്ലാ സമുദായങ്ങളുടെയും അഭയകേന്ദ്രവും. എല്ലാ സൃഷ്ടികളുടെയും ശുപാർശക്കാരനും, ജനങ്ങൾ ദു:ഖിതരാകുമ്പോൾ സാന്ത്വനമേകുന്ന ആളും ആണ്.

17. ഓർക്കുക – റസൂൽതിരുമേനി(സ)യെ സ്തുതിക്കുന്നതിൽ ഞങ്ങൾ ഒരുവിധത്തിലുള്ള അതിശയോക്തിയും പുലർത്തിയിട്ടില്ല. അദ്ദേഹത്തിൽ എല്ലാ സ്തുതികളും അവസാനിച്ചു പോയിരിക്കുന്നു.

18. അവിടുന്ന് കാണിച്ചുതന്ന രക്ഷാമാർഗ്ഗങ്ങളിലാണ് അല്ലാഹുവിൽ നിന്നുള്ള അഭയം നിലകൊള്ളുന്നത്. തിരുനബിയുടെ കല്പനകൾ അനുസരിച്ചു നടക്കുന്നവർ അനുഗൃഹിതരത്രെ.

Scanned with CamScanner

19. എല്ലാ സൃഷ്ടികളും അജ്ഞാനാന്ധകാരങ്ങളിൽപെട്ടു വലയുകയും വന്യമൃഗങ്ങളെപ്പോലെ അലയുകയും ചെയ്തിരുന്ന കാലത്താണവിടുന്ന് ആഗതനായത്.

20. തിരുനബി(സ) ആവിർഭവിച്ചു അവരെ വാചാ കർമ്മണാ ധാർമ്മിക നിലവാരത്തിൽ പരിപൂർണ്ണരാക്കുകയും അവരെ ജാഗരൂകരാക്കുകയും അങ്ങിനെ പരിശുദ്ധാത്മാക്കളാക്കിത്തിർക്കുകയും ചെയ്തു.

21. അങ്ങ് മുസ്ലിംകളുടെ എല്ലാ ദു:ഖങ്ങളെയും സ്വയം ഏറ്റെടുത്ത് അവർക്ക് നേരായ മാർഗ്ഗം പഠിപ്പിച്ചു കൊടുക്കുകയും ആത്മീയ ദൃഷ്ടി പ്രദാനം ചെയ്യുകയും ചെയ്തു.

22. അങ്ങ് തൻെറ സമുദായത്തിന്നു പിതാവിനേക്കാൾ ഉദാരവാനും ദയാലുവും ആയിരുന്നു. അങ്ങ് ശുപാർശക്കാരനും സമാദരണീയനും ആർദ്രനും താക്കീതുകാരനും ആയിരുന്നു.

23. ഏതൊരാളാണ് അങ്ങയുടെ അടുക്കെ അനുസരണത്തോടും സത്യഹൃദയത്തോടുകൂടി വരുന്നത് അയാൾ മോക്ഷപ്രാപ്തൻ ആയിത്തീരുന്നു. അങ്ങയുടെ കല്പനകളെ അനുസരിക്കാത്തവനോ നാശഗർത്തത്തിൽതന്നെ!

24. പരിപൂർണ്ണമായ പരിശുദ്ധിയിലും മഹോന്നതമായ ധാർമ്മികതയിലും അവിടുത്തേക്ക് സദൃശനായി ആരുംതന്നെ ഉണ്ടായിരുന്നില്ല; ഇനി ഉണ്ടാവുന്നതും അല്ല.

25. പ്രവാചാകന്മാരിൽ അവിടുത്തെ സ്ഥാനം പരമോന്നതം തന്നെ. അവിടുത്തെ അനുസരിക്കുകയും ഇഷ്ടപ്പെടുകയും ചെയ്തവർ എത്ര അനുഗൃഹീതർ!

26. അല്ലയോ എൻെറ പ്രേമനാഥാ! എൻെറ നേതാവേ! എന്റെ ആത്മാവ് അങ്ങയിൽ ബലിയർപ്പിക്കപ്പെട്ടിരിക്കുകയാണ്. എൻെറ ജീവൻ അങ്ങയ്ക്കായി ത്യാഗബദ്ധമാണ്. മനോഹരമായ പനിനീർപുഷ്പമാണല്ലോ അങ്ങ്.

CS Scanned with CamScanner

27. അങ്ങ് എല്ലാ സൃഷ്ടികളിലും വെച്ചു അൽലാഹുവിന്റെ പ്രാതിനിധ്യം വഹിക്കുന്ന ആളത്രെ. അല്ലാഹു അങ്ങയ്ക്ക് അതിമഹത്തായ പരമോന്നത പദവിയും 'കൌസറും' തന്നനുഗ്രഹിച്ചു.

28. അങ്ങയുടെ സൌന്ദര്യത്തെ പ്രകീർത്തിക്കുന്നതിൽ ഒരു സത്യവിശ്വാസി ശക്തനല്ലെന്നിരിക്കെ, ഒരവിശ്വാസിക്കെങ്ങനെ അങ്ങയെ സ്തുതിക്കുവാൻ സാധിക്കും?

*(കറാമാത്തുസ്സാദിഖീൻ)*

1. നബിതിരുമേനി(സ) പ്രകാശിക്കുന്ന സൂര്യബിംബമാണ്. അവശേഷിക്കുന്നവയെല്ലാം ആ സൂര്യനിൽ നിന്നും വെളിച്ചം ലഭിച്ച ചന്ദ്രനും നക്ഷത്രങ്ങളും മാത്രം.

2. ഞങ്ങൾ തിരുമേനിയുടെ പ്രകാശം വഴി അല്ലാഹുവിനെ ദർശിച്ചു! അങ്ങയുടെ പ്രകാശം ഉണ്ടായിരുന്നില്ലെങ്കിൽ ഞങ്ങൾക്ക് പാപമോചനം നേടി ദൈവസാമീപ്യം കരസ്ഥമാക്കാൻ സാധിക്കുമായിരുന്നില്ല.

3. തിരുമേനിയുടെ സ്നേഹപാതയിൽ ചരിക്കുന്നത് മൂലം പരിപൂർണ്ണ സ്ഥാനമാനങ്ങൾ ആർജ്ജിതമാകുന്നു. അവിടുത്തെ പ്രഭാകിരണങ്ങൾ മൂലം അന്ധകാരം മാഞ്ഞുപോകുന്നു.

4. അങ്ങ് ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശപൂർണ്ണമാക്കിയ – എന്നെന്നും പ്രകാശം നല്കുന്ന സൂര്യനാണ്. പുനരുത്ഥാനനാൾ വരെ അങ്ങയുടെ പ്രതിനിധികൾ വന്നുകൊണ്ടേ ഇരിക്കും.

5. സൂര്യൻ അസ്തമിച്ചതിന്നു ശേഷം പൂർണ്ണചന്ദ്രൻ ഉദിക്കുന്നത് നാം നിത്യവും കണ്ടുവരുന്ന ദൃശ്യസത്യങ്ങളല്ലേ.

6. ഹസ്രത്ത് റസൂലുല്ലാഹ്(സ)നോട് സ്നേഹം വെച്ചു പുലർത്തുന്നവരിൽ അല്ലാഹു തൻെറ ആനുഗ്രഹം വർഷിക്കുന്നു. പിന്നെ അവൻെറ അനുഗ്രഹവർഷം ഓരോ

CS Scanned with CamScanner

കാലത്തും ഉണ്ടായിക്കൊണ്ടുമിരിക്കുന്നു.

7. മതത്തിൽ യഥാർത്ഥ ഭക്തിയും സൂക്ഷ്മതയും അവിടുത്തെ പിൻപറ്റുന്നതിനാലാണുള്ളത്. ഓരോ ദൂരവും അവിടുത്തെ ഹിദായത്ത് മുഖേന സമീപസ്ഥമായിത്തീരുന്നു.

8. രുചിച്ചുനോക്കുന്നവയിൽ മധു ഏറ്റവും മധുരമുള്ള പാനീയമാണല്ലോ. എന്നാൽ അല്ലാഹുവിനാണെ സത്യം മുഹമ്മദു എന്ന സമുദ്രം അതിനേക്കാൾ മാധുര്യമേറിയതുതന്നെ.

9. അല്ലയോ റസൂലുല്ലാഹ്! ഞാൻ സത്യഹൃദയത്തോടു കൂടിയാണങ്ങയെ പ്രകീർത്തിക്കുന്നത്. അങ്ങില്ലായിരുന്നുവെങ്കിൽ എനിക്കു കവിത ചൊല്ലുവാനുള്ള വാഞ്ഛ കൂടി ഉണ്ടാകുമായിരുന്നില്ല.

10. ഞങ്ങൾ അങ്ങയുടെ ദാനധർമ്മങ്ങളിൽ ആകൃഷ്ടരാണ്. അങ്ങയുടെ പടിവാതില്ക്കൽ വന്നിരിക്കുന്ന ഈ ഭിക്ഷാംദേഹിയെ അങ്ങുന്നു കയർക്കരുതേ!

11. അല്ലാഹുവിനാണെ, അങ്ങയുടെ സ്നേഹാതിരേകം, ഒരു സത്യവിശ്വാസിയുടെ മോക്ഷപദത്തിന്നുള്ള മാനദണ്ഡവും ദൃഷ്ടാന്തവും ആണ്. ആ സ്ഥിതിക്കു ഞങ്ങൾക്കെങ്ങിനെ നിരാശരായി മടങ്ങാൻ കഴിയും?

12. ദൈവസ്നേഹത്തിന്നു ശേഷം ഞാൻ എൻെറ പ്രാണനാഥനോടുള്ള സ്നേഹത്തിന്നാണ് മറ്റെല്ലാറ്റിനേക്കാളും മുൻഗണന നൽകിയിരിക്കുന്നത്. എൻെറ ഹൃദയം അങ്ങയുടെ പ്രകാശത്താൽ ആസക്തമായിരിക്കുന്നു.

*(കറാമാത്തുസ്സാദിഖീൻ)*

1. എൻെറ നായകൻ പ്രവാചക നേതാവായ ഹസ്രത്ത് മുഹമ്മദു മുസ്തഫാ(സ) തിരുമേനിയാണ്. ഞാൻ അദ്ദേഹത്തെ എൻെറ നേതാവും മാർഗ്ഗദർശകനും ആയി തൃപ്തിപ്പെട്ടിരുന്നുവെന്നതിന്ന് എൻെറ നാഥനായ അല്ലാഹുവാണ് സാക്ഷി.

Scanned with CamScanner

2. സംശയലേശമെന്യെ മുഹമ്മദു റസൂലുല്ലാഹ് ഹിദായത്തിൻെറ സൂര്യനാണ്. സത്യവിശ്വാസിയായിക്കൊണ്ട് ഞാൻ അദ്ദേഹത്തിൽ അഭിരുചി കാണിക്കുകയും അങ്ങേയറ്റം നന്ദി പ്രകടിപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.

3. എല്ലാ സ്ഥാനമാനങ്ങളേക്കാളും ഏറ്റവും ഉയർന്നതാണവിടുത്തെ പദവി. ഒരു മനുഷ്യന്നും സങ്കല്പിക്കാൻ സാധിക്കാത്തവയാണവിടുത്തെ പ്രകാശധോരണികൾ.

4. ആ സത്യപ്രകാശത്തിന്നുശേഷം ഏത് വസ്തുവാണെനിക്കിഷ്ടമായിട്ടുള്ളത്? അവിടുത്തെ കൂടാതെ പ്രകാശമാനമായ മറ്റൊരു മുഖം വേറേതുണ്ട്?

5. ഞാൻ എല്ലാ പ്രവാചകന്മാരുടെയും ഇമാമായ റസൂൽ തിരുമേനിയെ അത്യധികം പ്രകീർത്തിച്ചു. എന്നാൽ അവിടുന്ന് എല്ലാ പ്രകീർത്തനങ്ങളെക്കാളും അതീതനും മഹോന്നതനും മഹത്വവാനും ആണ്.

6. നിങ്ങൾ എല്ലാ വിധത്തിലുള്ള പെരുമകളും അഭിമാനങ്ങളും തിരുനബി(സ)ക്കു വേണ്ടി ഉപയോഗിക്കുക. നിങ്ങളുടെ എല്ലാ പ്രതാപങ്ങളും ആ സൂര്യബിംബത്തിന്നു മുന്നിൽ നിഷ്പ്രഭങ്ങളും നിസ്സാരങ്ങളും അത്രെ.

7. അല്ലയോ ജനങ്ങളെ! ആ പുണ്യപാദൻെറ പേരിൽ സലാത്തും സലാമും ഓതുക. നിങ്ങൾ പരസ്പരമുള്ള എല്ലാ ഭിന്നതകളും ഉപേക്ഷിച്ചു കളയുക, നിങ്ങൾക്കു അപ്പോൾ പ്രതിഫലം ലഭിക്കും.

8. അല്ലാഹുവാണെ സത്യം, ഞാൻ മുഹമ്മദ് നബി(സ)യെ പരിപൂർണ്ണമായും പിൻപറ്റിയിരിക്കുന്നു. ഓരോ നിമിഷവും അവിടുത്തെ വെളിച്ചത്തിൽ നിന്നും ഞാൻ പ്രഭാപൂരിതനായിക്കൊണ്ടിരിക്കുകയാണ്.

9. അദ്ദേഹത്തിൻെറ ദീനിന്നു വേണ്ടി, എൻെറ ഹൃദയം അസ്വസ്ഥമാവുകയാണ്. എന്റെ ഹൃദയാവസ്ഥ എന്റെ ഈ വാക്കുകളിൽ പ്രകടമാകുന്നു.

Scanned with CamScanner

10. ഞാനവിടുത്തെ ജ്ഞാനങ്ങളുടെ അവകാശിയാകുന്നു. ആ ജ്ഞാനങ്ങളാകട്ടെ ഞാനിതാ ഏറ്റുവാങ്ങുന്നു. അല്ലാഹുവിൽ നിന്നു ലഭ്യമായ ഈ ദാനത്തെ എനിക്കെങ്ങനെ ഉപേക്ഷിക്കാനും അങ്ങനെ ദുഷ്കൃതനായിത്തിരുവാനും സാധിക്കും?

11. റസൂൽ തിരുമേനിയുടെ ഹിദായത്തല്ലാതെ എനിക്ക് മറ്റൊരു മതവും ഇല്ല. എന്നിരിക്കെ എന്നെ കാഫിറാക്കുന്നവരുടെ ഉദ്ദേശമെന്തെന്നെനിക്കു അജ്ഞാതം.

*(ഹമാമത്തുൽ ബുശ്റാ)*

1. ഞങ്ങൾ തിരുനബി(സ)യുടെ അടയാളങ്ങളും അദ്ദേഹത്തിൻെറ കല്പനകളും സ്വായത്തമാക്കിയവരാണ്. ഞങ്ങൾ അല്ലാഹുവിൻെറ ഗ്രന്ഥമായ വിശുദ്ധ ഖുർആനെ പിൻപറ്റുന്നവരുമത്രെ. മറ്റുള്ളവരുടെ അഭിപ്രായങ്ങളെ പിന്തുടരുന്നവരല്ലതാനും.

2. ഞങ്ങൾ സർവ്വസൃഷ്ടികളിലും വെച്ചു ശ്രേഷ്ഠനായ നബി തിരുമേനിയെ മാത്രം പിന്തുടരുന്നവരാണ്. ആ പുണ്യപാദർ അന്ധകാരങ്ങളെ ദൂരപ്പെടുത്തുന്നവനായി വന്ന ദൈവത്തിൻെറ വെളിച്ചമാണ്.

3. റസൂൽതിരുമേനിയുടെ പാൽ കുടിച്ചവനാണ് ഞാൻ. അവിടുത്തെ നീരുറവയിൽ നിന്നും ആണെനിക്ക് ശിക്ഷണം ലഭിച്ചിരുന്നത്. ഹിറാഗുഹയിൽ നിന്നും ഉദയം ചെയ്ത ആ വെളിച്ചത്തിൽ നിന്നും എനിക്ക് പങ്കു ലഭിച്ചിരിക്കുന്നു.

4. സൂര്യൻ മാതാവാണ്. മാസപ്പിറവി (ഹിലാൽ) ആകട്ടെ അതിൻെറ സന്താനവും. ആ പുത്രൻ സൂര്യവെളിച്ചമേറ്റു വളർന്നു വലുതാവുകയാണ്.

5. അങ്ങയുടെ സ്നേഹം എൻെറ ഹൃദയത്തിൻെറ അഗാധതയിൽ സ്ഥാനം പിടിച്ചിരിക്കുന്നു. അവിടുന്ന് എൻെറ ശരീരത്തിൽ അതിന്റെ പ്രാണനെപ്പോലെയാണ്.

CS Scanned with CamScanner

6. അങ്ങയിലേക്ക് എന്റെ ഹൃദയം ഇതാ ആകൃഷ്ടമായിക്കൊണ്ടിരിക്കുന്നു. അങ്ങു എന്റെ പ്രേമനാഥനായിക്കൊണ്ട് നിലകൊള്ളുകയാണ്.

7. അങ്ങയോടുള്ള സ്നേഹാതിരേകം കാരണമായിട്ടത്രെ. എനിക്ക് ദിവ്യവെളിപാടുകൾ മുഖേന ദൈവിക സഹായങ്ങൾ ലഭ്യമായിക്കൊണ്ടിരിക്കുന്നത്.

8. അങ്ങുന്നാണ് ഞങ്ങൾക്ക് ശരീഅത്തും (ന്യായപ്രമാണം) ഹിദായത്തും (രക്ഷാമാർഗ്ഗം) പ്രദാനം ചെയ്തിരിക്കുന്നത്. പലവിധ ഭാരങ്ങളിൽ നിന്നും അങ്ങുന്നാണു ജനങ്ങളെ വിമുക്തരാക്കിത്തന്നിരിക്കുന്നത്.

9. ഈ സ്ഥിതിക്കെങ്ങിനെ ഞങ്ങൾക്ക് ഒരു മുഫ്സിദി(കുഴപ്പക്കാര)നെപ്പോലെ അങ്ങയെ വിട്ടോടാൻ സാധിക്കും? എന്റെ ജീവൻ അങ്ങയോടുള്ള സ്നേഹാതിരേകത്തിലും വിശ്വസ്തതയിലും അങ്ങയുടെ തിരുമുമ്പിൽ അർപ്പിതമായിരിക്കുന്നു.

10. നമ്മുടെ നാഥനായ അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ ഞാൻ വിശ്വസിക്കുന്നു. അതിന്നുശേഷം അങ്ങുതന്ന എല്ലാ അദ്ധ്യാപനങ്ങളിലും ഈയുള്ളവൻ വിശ്വാസമർപ്പിക്കുന്നു.

11. അല്ലയോ എന്റെ യജമാനരേ! എല്ലാ ദുർബ്ബലരുടെയും രക്ഷാകേന്ദ്രമേ! അജ്ഞരായ ജനങ്ങളുടെ അതിക്രമങ്ങളിൽനിന്നും അഭയംതേടി, മർദ്ദിതരായിക്കൊണ്ട് ഞങ്ങൾ അങ്ങയെ സമീപിക്കുകയാണ്.

12. തീർച്ചയായും സ്നേഹവും അനുരക്തിയും അന്യഥാ, ആയിത്തീരുന്നില്ല. അത് ആരാലും വിലകൊടുത്തു വാങ്ങാവുന്നതുമല്ല. അല്ലയോ ദാനധർമ്മങ്ങളുടെ സൂര്യനായുള്ളവരേ! തീർച്ചയായും ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു.

13. എല്ലാ പ്രകാശങ്ങളുടെയും ഉറവിടം അവിടുന്നു മാത്രമാണ്. അങ്ങു എല്ലാ പട്ടണങ്ങളെയും മരുപ്രദേശങ്ങളെ

Scanned with CamScanner

യും പ്രഭാപൂരിതമാക്കി.

14. അങ്ങയുടെ മുഖാരവിന്ദത്തിൽ സൂര്യപ്രകാശത്തെ കൂടി അതിജീവിക്കുന്ന മാഹാത്മ്യം ഞാൻ ദർശിക്കുന്നു.

15. ഞങ്ങൾ മുഹമ്മദു റസൂലുല്ലായുടെ മതത്തിന്റെ പ്രചരണത്തിന്നായി യോദ്ധാക്കളെപ്പോലെ പരക്കം പായുകയാണ്. വികലാംഗരെപ്പോലെ ഞങ്ങൾ ഉദാസീനരായി ഒരിടത്തിരിക്കുന്നില്ല.

16. അങ്ങയുടെ മതത്തിന്റെ പ്രചരണത്തിന്നായി അല്ലാഹു ഞങ്ങളുടെ ധൈര്യത്തെയും ശൌര്യത്തെയും വളരെയധികം ഉയർത്തിത്തന്നിരിക്കുന്നു. ഇനി ഞങ്ങൾ ഞങ്ങളുടെ സങ്കേതം മിഥുനനക്ഷത്രത്തിൽ സ്ഥാപിക്കുന്നതാണ്.

*(അഞ്ചാമെ ആഥം)*

1. നിങ്ങൾ കരുതുന്നതു പോലെയല്ല. അല്ലാഹുവിനാണെ സത്യം, ഞാൻ കാഫിറല്ല. മഖാമെ മഹ്മൂദിൽ (സ്തുത്യർഹമായ സ്ഥാനത്ത്) ഉപവിഷ്ടനായിരിക്കുന്ന ആ പുണ്യാത്മാവായ നബിയിൽ എന്റെ ജീവൻ അർപ്പിതമാണ്.

2. എന്റെ ഹൃദയത്തെ തിരുനബി(സ) തന്റെ മനോമോഹനമായ സുന്ദരമുഖത്താൽ തന്നിലേക്കാകർഷിച്ചിരിക്കുകയാണ്. ഞാനെന്റെ ഹൃദയത്തെ അങ്ങയ്ക്കായി ഉന്മാദചിത്തനായി കാണുന്നു.

3. റസൂൽതിരുമേനിയുടെ സ്മരണ എന്റെ ഹൃദയത്തിന്റെ ആത്മാവും എന്റെ ജീവന്റെ ആഹാരവും ആണ്.

*(നൂറുൽ ഹഖ്)*

## ഫാർസി കവിതകളിൽനിന്ന്

1. അങ്ങയുടെ പദവി അല്ലാഹുവിന്റെ സിംഹാസനം

Scanned with CamScanner

(അർശ്)വരെ എത്തി. ഏഴു സ്വർഗ്ഗങ്ങളും അങ്ങയുടെ തിരുപാദങ്ങൾക്ക് താഴെ സ്ഥിതിചെയ്യുന്നു.

2. അങ്ങു അല്ലാഹുവിൻെറ പ്രതിച്ഛായയാണ്. അങ്ങയിൽ അവൻെറ എല്ലാ സിഫത്തുകളും (ഗുണങ്ങളും) പ്രതിഫലിക്കുന്നു.

*(ദുർറെ മക്നൂൻ 35)*

1. യാ റസൂലുല്ലാഹ്! ഞങ്ങളുടെ നേരെ ദയാപൂർവ്വം ദൃഷ്ടി പായിക്കേണമേ! എനിക്കങ്ങയെ കൂടാതെ മറ്റാരുമായും ഒരു ബന്ധവും ഇല്ലതന്നെ.

2. ജീവിതകാലം മുഴുവനും ഈയുള്ളവൻ അങ്ങയെ സ്തുതിച്ചു കൊണ്ടിരുന്നാലും അത് അപൂർണ്ണം മാത്രം!

3. അങ്ങയുടെ മാഹാത്മ്യങ്ങളെ എനിക്കെങ്ങിനെ എണ്ണുവാൻ സാധിക്കും? വളരെ കഷ്ടിച്ചു എനിക്ക് ഈ രംഗത്ത് ചില കാലടികൾവെക്കാൻ സാധിച്ചുവെന്നു മാത്രം.

4. അങ്ങയുടെ തിരുസന്നിധിയിൽ ഈ എളിയവൻ ഒരു മൺകട്ടപോലെ ഉറച്ചു നിലകൊള്ളുന്നു. എൻെറ ശിരസ്സിൽ തലോടി എന്നെ ആശിർവദിച്ചാലും!

5. അങ്ങയുടെ പ്രകാശം പതിക്കുന്ന ഇടങ്ങളിലെല്ലാം രാത്രികൾ പകലുകളായി മാറുന്നു.

6. അങ്ങയുടെ ശത്രുക്കളോടു ഞാനെപ്പോഴും പ്രത്യാക്രമണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ രംഗത്ത് കർമ്മനിരതനായിട്ടല്ലാതെ അങ്ങേയ്ക്ക് എന്നെ കാണ്മാൻ സാധ്യമല്ല.

7. രാത്രികാലങ്ങളിൽ എൻെറ തൂലികയുടെ ചലനം യുദ്ധരംഗങ്ങളിൽ യോദ്ധാക്കൾ ഖഡ്ഗം ചലിപ്പിക്കുന്നതു പോലെയത്രെ.

*(ദുർറെ മക്നൂൻ)*

1. എൻെറ ജീവനും ഹൃദയവും മുഹമ്മദു നബി(സ)യു

Scanned with CamScanner

ടെ സൌന്ദര്യത്തിൽ സമർപ്പിതമാണ്. എൻെറ ഈ ജഢം തിരുനബി(സ)യുടെ വീട്ടുവാതിൽക്കൽ ബലിയി ടപ്പെട്ടിരിക്കുന്നു!

2. എല്ലാ സ്ഥലങ്ങളിലും എനിക്കു മുഹമ്മദ് നബി(സ) ന്റെ സൌന്ദര്യം എൻെറ അകക്കണ്ണ് കൊണ്ടു കാണു വാൻ കഴിയുന്നു. അവിടുത്തെ മധുരശബ്ദം എൻെറ കർണ്ണങ്ങൾ കൊണ്ട് കേൾക്കുവാനും സാധിക്കുന്നു.

3. മനുഷ്യകുലത്തിൻെറ നന്മയ്ക്കായി ഞാനൊഴുക്കിയ ആത്മീയ ജ്ഞാനത്തിൻെറ ഈ നീരുറവ് മുഹമ്മദു എന്ന മഹാസമുദ്രത്തിൽ നിന്നെടുത്ത ഒരു തുള്ളി മാത്രം.

4. ഞാൻ കത്തിച്ച ഈ പ്രേമാഗ്നി റസൂൽ തിരുമേനിയോടു ള്ള പ്രേമാഗ്നിയുടെ ഒരു ഭാഗം മാത്രം. എൻെറ ഈ ജലം റസൂൽതിരുമേനിയുടെ പവിത്ര ജലാശയത്തിൽ നിന്നുമെടുക്കപ്പെട്ടതുമത്രെ.

*(റിയാസ് ഹിന്ദ് 1-3-1884)*

1. എന്നെപ്പറ്റി ആരെങ്കിലും ദുർമ്മതവാദിയെന്നും വഴിപിഴ ച്ചവനെന്നും ആരോപിച്ചാലും ശരി, ഹസ്രത്ത് നബിതിരു മേനിയുടെ ഹൃദയം പോലുള്ള മറ്റൊരു മഹത്തായ അർ ശ് വേറെ എനിക്ക് കാണ്മാൻ സാധിക്കുന്നില്ല.

2. ദൈവാനുഗ്രഹത്താൽ ഞാൻ ഭൌതികവാദികൾക്കെതി രിൽ പ്രസ്തുത ആത്മീയാനുഗ്രഹങ്ങളുടെ നീരുറവ് ഉൾ ക്കൊണ്ടതിൻെറ ഫലമായി ആയിരക്കണക്കിലുള്ള ദു:ഖ ങ്ങൾ സഹിച്ചുകൊണ്ടിരിക്കുകയാണ്.

3. എനിക്കുള്ള ഒരേ ഒരാശയും എൻെറ ഒരേയൊരു പ്രാർത് ഥനയും റസൂൽതിരുമേനിയോടുള്ള അനുരക്തിയുടെ പാതയിൽ എൻെറ ശിരസ്സും ജീവനും ബലിയാക്കപ്പെട ണമെന്നുമാത്രമാണ്.

*(തൌസിഹെ മറാം - 33)*

Scanned with CamScanner

1. മുഹമ്മദു നബിയുടെ ജീവനിൽ അത്ഭുതകരമായ വെളിച്ചമുണ്ട്. അവിടുത്തെ ഖനിയിൽ അതിശയകരമായ മാണിക്യങ്ങളും വൈഡൂര്യങ്ങളും ഉണ്ട്.

2. റസൂൽതിരുമേനിയുടെ സ്നേഹം ലഭിച്ചവരിൽ പ്രവേശിക്കുന്നതുകൊണ്ട് ഹൃദയം അന്ധകാരങ്ങളിൽനിന്നും മുക്തമാകുന്നു.

3. മുഹമ്മദു നബിയുടെ ഭോജനവിരിപ്പിൽനിന്നും മുഖംതിരിക്കുന്ന അജ്ഞരെക്കുറിച്ച് ഞാനത്ഭുതപ്പെടുകയാണ്.

4. റസൂൽതിരുമേനിയുടേത് പോലുള്ള മഹത്വവും ഔന്നത്യവും ഉള്ള മറ്റാരെയും എനിക്ക് ഇഹപരലോകങ്ങളിൽ കാണുവാൻ സാധിക്കുന്നില്ല.

5. മുഹമ്മദുനബിയോടു വിദ്വേഷം വെച്ചുപുലർത്തുന്ന മനസ്സിനോട് അല്ലാഹു വെറുപ്പു പ്രകടിപ്പിക്കുന്നു.

6. ഇതിന്നു വല്ല തെളിവും വേണമെന്ന് നീ ആഗ്രഹിക്കുന്നുവെങ്കിൽ നീ തിരുനബിയുടെ അനുരക്തനായിത്തീരുക. മുഹമ്മദിന്നുള്ള ദൃഷ്ടാന്തം മുഹമ്മദു തന്നെയാണ്.

7. എന്റെ ശിരസ്സ് മുഹമ്മദ് മുസ്തഫായുടെ മണ്ണിൽ അർപ്പിതമാക്കപ്പെട്ടിരിക്കുന്നു. എന്റെ ഹൃദയം എപ്പോഴും അങ്ങയിൽ ബലിയാക്കപ്പെട്ടിരിക്കുകയാണ്.

8. ഈ വഴിയിൽ ഞാൻ കൊലചെയ്യപ്പെടുകയാണെങ്കിലും അഗ്നിക്കിരയാക്കപ്പെടുകയാണെങ്കിലും ഞാൻ തിരുനബിയുടെ തിരുസന്നിധിയിൽ നിന്നും മുഖം തിരിച്ചുകളയുന്നതല്ല.

9. മതപരമായ കാര്യങ്ങളിൽ ഞാൻ ലോകത്തെ തെല്ലും ഭയപ്പെടുന്നില്ല. കാരണം എന്നിൽ മുഹമ്മദു നബിയുടെ നിറമാണ് കാണപ്പെടുന്നത്.

10. അവിടുത്തെ പാതയിൽ എന്റെ ഓരോ അണുവും

CS Scanned with CamScanner

ബലിയിടപ്പെട്ടിരിക്കുന്നു. കാരണം ഞാൻ റസൂലുല്ലായുടെ ഗോപ്യമായ സൗന്ദര്യം കണ്ടാസ്വദിച്ചിരിക്കുന്നവനാണ്.

11. എനിക്ക് മറ്റൊരു ഗുരുനാഥൻെറയും പേരറിയുകയില്ല. കാരണം, ഞാൻ മുഹമ്മദി(സ)ൻെറ പാഠശാലയിൽ നിന്നും പഠിച്ചവനാണ്.

12. എനിക്കൊരു പ്രേമിയെപ്പറ്റിയും അറിയുകയില്ല. കാരണം, ഞാൻ മുഹമ്മദുനബിയുടെ സൌന്ദര്യത്തിൽ ബലിയർപ്പിക്കപ്പെട്ടവനാണ്.

13. അങ്ങയോടുള്ള അനുരക്തി എൻെറ ജിവിതത്തെ പ്രകാശമാനമാക്കിത്തിർക്കുന്നു.
അല്ലയോ മുഹമ്മദ്(സ)യുടെ പ്രാണനേ! നിന്നിൽ എന്റെ ജിവൻ അർപ്പിതമാണ്.

14. ഞാനി വഴിയിൽ നൂറുവട്ടം എൻെറ ജിവൻ ബലിയർപ്പിച്ചാലും എനിക്ക് ദു:ഖമേ ഉണ്ടാവുകയുള്ളു. കാരണം, റസൂൽതിരുമേനിയുടെ മാഹാത്മ്യത്തെ വെച്ചു നോക്കുമ്പോൾ അത് ഏറ്റവും നിസ്സാരവും അപര്യാപ്തവും ആയിത്തോന്നുന്നു.

15. അത്ഭുതകൃത്യങ്ങളുടെ പേരും അടയാളവുംതന്നെ ഇന്ന് കാണപ്പെടുന്നില്ലെങ്കിലും, നീ വരൂ! എന്നിട്ടവയെ മുഹമ്മദു നബിയുടെ ദാസന്മാരിൽ കാണൂ!

*(ആയിനയെ കമാലാത്തെ ഇസ്ലാം.)*

1. അല്ലാഹുവിൻെറ അനുഗ്രഹത്താൽ ഞങ്ങൾ മുസ്ലിംകളാണ്. മുഹമ്മദു മുസ്തഫാ(സ) ഞങ്ങളുടെ ഇമാമും ആചാര്യനും ആണ്.

2. ഞങ്ങൾ മാതാവിൻെറ വയറ്റിൽ നിന്നുതന്നെ ഈ മതത്തിലാണ് ഉടലെടുത്തിരിക്കുന്നത്. ഇതേ മതത്തിൽത്തന്നെ ഈ ലോകത്തെ വിട്ടുപിരിയുന്നതുമാണ്.

3. മുഹമ്മദു എന്ന പേരുള്ള ആ പ്രവാചകൻെറ പരിശുദ്ധ കോന്തല എപ്പോഴും ഞങ്ങളുടെ കൈകളിലുണ്ടാ

Scanned with CamScanner

യിരിക്കും.

4. അവിടുത്തോടുള്ള സ്നേഹം മാതാവിൻെറ മുലപ്പാലോടൊപ്പം ഞങ്ങളിൽ പ്രവേശിച്ചിരിക്കുന്നു. അത് ഞങ്ങളുടെ ജീവനും ആയി കൂടിക്കലർന്നിരിക്കുന്നു. ജീവനോടു കൂടിത്തന്നെ അത് പുറത്തു പോകുന്നതുമത്രെ.

5. അദ്ദേഹം തന്നെയാണ് പ്രവാചകശ്രേഷ്ഠനും സൃഷ്ടിയിൽ അത്യുത്തമനും. എല്ലാ വിധത്തിലുള്ള നുബുവ്വത്തുകളും അദ്ദേഹത്തിൽ പൂർണ്ണമായിരിക്കുന്നു.

6. എല്ലാ ജലങ്ങളും ആ ജലാശയത്തിൽ നിന്നുമാണ് നാം പാനം ചെയ്തിരിക്കുന്നത്.

7. എനിക്കുണ്ടാകുന്ന ഒരു ദിവ്യവെളിപാടും എൻെറ സ്വന്തമല്ല, അവയെല്ലാം തിരുനബിയിൽ നിന്നുമുള്ളതാണ്.

8. എനിക്ക് ലഭ്യമായ ഓരോ വെളിച്ചവും തിരുനബി(സ)യിൽ നിന്നും ലഭ്യമായതാണ്. യഥാർത്ഥ പ്രേമിയെ അപ്പോൾ മാത്രമെ പ്രാപിക്കാൻ സാധിക്കുകയുള്ളൂ.

9. അവിടുത്തെ ഓരോ വാക്കും പിൻപറ്റുക എന്നത് നമ്മുടെ പ്രകൃതിയിൽപെട്ടതാണ്. അദ്ദേഹത്തിൽ നിന്നും സ്ഥാപിതമായ ഓരോ കാര്യവും നമ്മുടെ ഈമാനിൽ പെട്ടതാണ്.

10. എൻെറ ജീവന്ന് തിരുനബിയുടെ ജീവനിൽ നിന്നാണ് ആഹാരം ലഭ്യമായിക്കൊണ്ടിരിക്കുന്നത്. എൻെറ നെഞ്ചിൽ നിന്നും വെളിപ്പെടുന്ന. പ്രഭ എൻെറതല്ല തിരുനബിയുടെതാണ്.

11. അദ്ദേഹത്തിൻെറ ആസ്ഥാനത്തിൽ നിന്നും ഞാൻ മുഖം തിരിച്ചു കളയുന്നു എന്നു എന്നിൽ വ്യാജാരോപണം ചെയ്യുകയോ? ദുഷ്കൃതരുടെ എത്ര വലിയ കള്ളമാണിത്?

12. ഞാനാരാണെന്നാൽ, എൻെറ നേതാവിൻെറ പാതയിൽ

CS Scanned with CamScanner

എന്റെ ശിരസ്സും ജഡവും രക്തപങ്കിലമായി വീണുകിടക്കുന്നത് നിങ്ങൾക്കു കാണാം!

13. എന്റെ പ്രാണനാഥന്നു വേണ്ടി വാളെടുക്കേണ്ട സന്ദർഭം വന്നാൽ തന്റെ ജീവൻ കയ്യിൽ പിടിച്ചു ഏറ്റവും മുമ്പനായി എന്നെ കാണ്മാൻ സാധിക്കും.

14. വിദ്വേഷം വെച്ചു പുലർത്തുന്നവരുടെ പക്കൽ ഇത് കുഫ്റാണെങ്കിൽ എന്നെപ്പോലുള്ള ഈ കുഫ്റ് വെച്ചുപുലർത്തുന്നയാൾ വളരെ വലിയ സൌഭാഗ്യവാൻ തന്നെ!

*(സിറാജെ മുനീർ)*

## ഉർദുകവിതയിൽനിന്നും

1. ഏതൊരാളിൽ നിന്നാണോ എല്ലാ തേജസ്സുകളും പുറപ്പെടുന്നത് മുഹമ്മദ് എന്ന നാമമുള്ള ആ പ്രാണപ്രിയനത്രെ എന്റെ ആചാര്യൻ.

2. എല്ലാ പ്രവാചകന്മാരും പരിശുദ്ധന്മാർതന്നെയാണ്. അവരിൽ ചിലരാകട്ടെ ചിലരേക്കാൾ ശ്രേഷ്ഠന്മാരുമാണുതാനും. എന്നാൽ സർവാധിനാഥനായ അല്ലാഹുവിന്റെ പക്കൽ സർവ്വരിലും ശ്രേഷ്ഠൻ തിരുനബി(സ) തന്നെ!

3. അവിടുന്ന് തന്റെ മുൻഗാമികളിൽ ഉത്തമൻ തന്നെയാണ്, നന്മകളിൽ പൂർണ്ണചന്ദ്രനാണ്. ആ തിളങ്ങുന്ന പൂർണ്ണ ചന്ദ്രനിലത്രെ എല്ലാ ദൃഷ്ടികളും ചെന്നു പതിക്കുന്നത്.

4. പൂർവ്വികന്മാർ വഴിയിൽ കുഴഞ്ഞുനിന്നു. എന്നാൽ തിരുനബി(സ) ഞങ്ങളെയെല്ലാം അക്കരെയെത്തിച്ചു. ഞാൻ ആ തിരുസന്നിധി പൂകട്ടെ. ഏറ്റവും നല്ല ഒരമരക്കാരനാണദ്ദേഹം.

5. അങ്ങ് ദീനിന്റെ ചക്രവർത്തിയും എല്ലാ പ്രവാചകന്മാരുടെയും പൊൻകിരീടവും ആകുന്നുവല്ലോ. അങ്ങ് പരിശു

Scanned with CamScanner

ദ്ധാത്മാവും വിശ്വസ്തനും തന്നെ. അങ്ങയ്ക്കുള്ള സമുചിതമായ കീർത്തനം ഇതുതന്നെയാണ്.

6. സത്യദൈവത്തിൽ നിന്നുള്ള മതതത്വാദർശങ്ങൾ അങ്ങ് പ്രാവർത്തികമാക്കിക്കാണിച്ചു. അവയിലുള്ള രഹസ്യങ്ങൾ മനസ്സിലാക്കിത്തന്ന അനുഗ്രഹദാതാവാണങ്ങു.

7. ആ പ്രകാശധാരയിൽ ഞാനിതാ സ്വയം അർപ്പിതനായിരിക്കുന്നു. അതിൽനിന്നുമുണ്ടായതാണു ഞാൻ. യഥാർത്ഥത്തിൽ അങ്ങുതന്നെയാണ്. എൻെറ എനിക്കെന്തു പ്രസക്തിയാണുള്ളത് ഇതുതന്നെയാണ് വിധി.

8. എല്ലാ അറിവുകളുടെയും ഭണ്ഡാരമായ നിസ്തുലപ്രാണനാഥൻ അങ്ങൊന്നു മാത്രമാണ്. അവശേഷിക്കുന്നതെല്ലാം വെറുംകഥകൾ മാത്രം. തെറ്റില്ലാത്ത പച്ചപ്പരമാർത്ഥമാണിത്.

9. എല്ലാംതന്നെ ഞങ്ങൾ അദ്ദേഹത്തിൽ നിന്നുമാണ് കരസ്ഥമാക്കിയിരിക്കുന്നത്. ഞങ്ങൾക്കു സത്യപാതയെ കാണിച്ചുതന്ന പൂർണ്ണചന്ദ്രനാണദ്ദേഹം

*(ഖാദിയാൻകെ ആര്യ ഔർ ഹം)*

1. ഞങ്ങൾ മുസ്ലിംകളുടെതന്നെ മതം കൈക്കൊണ്ടവരാണ്. ഹൃദയാത്മനാ ഖാതമുൽമുർസലിൻ(സ)ൻെറ സേവകന്മാരാണ്.

2. ശിർക്കി'ൽ നിന്നും 'ബിദ്അത്തി'ൽ നിന്നും ഞങ്ങൾ തികച്ചും അകന്നു നില്ക്കുന്നു. ഹസ്രത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയുടെ കാല്ക്കിഴിലെ മണൽതരികളാണു ഞങ്ങൾ

3. (ഇസ്ലാമിന്റെ) എല്ലാ ആശയാദർശങ്ങളിലും ഞങ്ങൾ വിശ്വാസമർപ്പിക്കുന്നു. ഈ വഴിയിൽ ജീവനും ഹൃദയവും ബലിയാണ്!

*(ഇസാലയെ ഔഹാം. രണ്ടാം ഭാഗം)*

CS Scanned with CamScanner

1. ഞങ്ങൾ നാലുപാടും ചിന്തയെ ഓടിച്ചുനോക്കി. മുഹമ്മദു(സ) കൊണ്ടുവന്ന മതംപോലുള്ള മറ്റൊരു മതത്തെ ഞങ്ങൾക്കു കാണാൻ സാധിച്ചില്ല.

2. അതു കാണിച്ചുതന്നത് പോലുള്ള മഹത്തായ ദൃഷ്ടാന്തങ്ങൾ മറ്റൊരു മതത്തിന്നും കാണിച്ചു തരാൻ സാധിച്ചിട്ടില്ല. ഈ മധുരഫലം ഞങ്ങൾ മുഹമ്മദു നബി(സ)യുടെ തോട്ടത്തിൽ നിന്നാണ് ഭുജിച്ചിരിക്കുന്നത്.

3. മുസ്തഫാ(സ)യ്ക്ക് നിൻെറ അസംഖ്യം കാരുണ്യങ്ങളും സംരക്ഷയും ഉണ്ടാകട്ടെ. ഈ പ്രകാശം അല്ലാഹുവേ! ഞങ്ങൾ അദ്ദേഹത്തിൽ നിന്നാണ് പ്രാപിച്ചിരിക്കുന്നത്.

4. എൻെറ ജീവന്നു മുഹമ്മദി(സ)ൻെറ ജീവനുമായി അഭേദ്യമായൊരു ബന്ധവും സമ്പർക്കവും ഉണ്ട്. ഞങ്ങൾ ഹൃദയത്തിന്നു മതിയാവോളം ആ മധുരപാനീയം കുടിപ്പിക്കുകയുണ്ടായി.

5. അവിശ്വാസിയെന്നും നിർമ്മതൻ എന്നും ദജ്ജാൽ എന്നും അവർ എന്നെക്കുറിച്ചു പറയുന്നു. അങ്ങയുടെ സമുദായത്തോടുള്ള സ്നേഹാതിരേകത്താലും ദു:ഖത്താലും എന്തെന്തെല്ലാം പേരുകളാണ് ഞങ്ങൾക്കു വെക്കപ്പെട്ടിരിക്കുന്നതു.

6. നിൻെറ മുഖാരവിന്ദത്താണെ സത്യം, അല്ലയോ എന്റെ പ്രിയപ്പെട്ട തിരുനബിയേ! ഈ എല്ലാ ദു:ഖഭാരങ്ങളും അങ്ങേയ്ക്ക് വേണ്ടിയാണു ഞാൻ സഹിച്ചുകൊണ്ടിരിക്കുന്നത്.

7. എൻെറ ഓരോ അണുവും അങ്ങയോടുള്ള സ്നേഹവായ്പിനാൽ ഭരിതമാണ്. എൻെറ നെഞ്ചിൽ ഞാൻ ഒരു നഗരം തന്നെ പ്രതിഷ്ഠിച്ചിരിക്കുകയാണ്.

8. ഞാനെന്നെതന്നെ അങ്ങയുടെ സ്നേഹാതിരേകത്തിൽ നശിപ്പിച്ചിരിക്കുന്നു. എൻെറ ഓരോ അണുവും ഞാൻ

Scanned with CamScanner

അങ്ങയുടെ വഴിയിൽ പറപ്പിച്ചു വിട്ടിരിക്കുന്നു.

9. ദൈവികമാഹാത്മ്യങ്ങൾ ഞങ്ങൾക്കു അങ്ങയിൽ ദർശിക്കുവാൻ സാധിക്കുന്നു. അങ്ങ് മൂലമാണ് ഞങ്ങൾക്കു ദൈവത്തെ പ്രാപിക്കുവാൻ സാധിച്ചിരിക്കുന്നത്.

10. എൻെറ പ്രാണനാഥാ! നിൻെറ നിസ്തുല്യമായ സത്തയാണെസത്യം, അങ്ങയോടുള്ള സ്നേഹവായ്പിൽ ഞാനെന്നെത്തന്നെ മറന്നിരിക്കുകയാണ്.

11. അല്ലാഹുവിനാണെ സത്യം, ഹൃദയത്തിൽ നിൻെറ ചിത്രം പ്രതിഷ്ഠിച്ച അന്നുതൊട്ട് മറ്റെല്ലാ പ്രതിച്ഛായയും മാഞ്ഞുപോയിരിക്കുന്നു.

12. അല്ലയോ പ്രവാചകശ്രേഷ്ഠാ! അങ്ങ് കാരണം ഞങ്ങൾ ശ്രേഷ്ഠസമുദായമായിത്തീർന്നു അങ്ങയുടെ കാൽവെപ്പിനോടൊപ്പം ഞങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നു.

13. മനുഷ്യരെന്ത്? മലക്കുകൾ കൂടി ഞാനുയർത്തുന്ന ഈ സ്തുതിഗീതമതാ ഏറ്റുപാടിക്കൊണ്ടിരിക്കുന്നു.

*(ആയിനയെ കമാലാതെ ഇസ്ലാം)*

SECRETARY
ISLAH-O-IRSHAD
JAMA-ATH AHMADIYYA
PATHAPPIRIYAM PO. 676 123

Scanned with CamScanner

## NABI (S.A)
## THE LIGHT OF ALMIGHTY

This Book is a compilation of extracts from the writings of **Hazrat Mirza Ghulam Ahmad** (1835-1908), the Founder of the Ahmadiyya Movement in Islam on Holy Prophet **MUHAMMED** (peace and blessings of Allah be upon him). This is translated into Malayalam by Molvi Mohammed Umar, Chief Missionary of Ahmadiyya Jama'ath, Kerala.

In this book the reader witness an ardent and dedicated disciple is pouring out praises after praises on his master, the Holy Prophet of Islam which one cannot even image.

He says : ***As the Holy Prophet was the best of the Prophets and had a higher status than all the Messengers, and God desired that as by his personal qualities he was the Chief of all the Prophets, so from the point of view of his overt services also, he might be proclaimed to the world as better and higher than all........***

He declares : "***After God I am inebriated with the love of Mohammed. If this is infidelity, then by God I am a great infidel***".

This Book is published by the Publication Department of Ahmadiya Muslim State Committee and printed at BRB Offset Printers & Publishers, Kannur-6.

Copies - 2000.

Price : Rs. 15/-

Scanned with CamScanner